## പതിനഞ്ചാം കേരള നിയമസഭ

## (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി I

## (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

# ആനുകാലിക റിപ്പോർട്ട്

# (2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT FROM 1ST APRIL 2023 TO 31ST MARCH 2024)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

2024 ജൂലൈ 8-ാം തീയതി സമർപ്പിച്ചത്
(Presented on 8th July 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി I**
**(SUBJECT COMMITTEE I)**

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**
**(AGRICULTURE, ANIMAL HUSBANDRY AND FISHERIES)**

**ആനുകാലിക റിപ്പോർട്ട്**

**(2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2023 TO 31ST MARCH 2024)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | |

## സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (2023-26)

**ഘടന**

**ചെയർമാൻ :**

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പ് മന്ത്രി.

**എക്സ്-ഒഫീഷ്യോ അംഗങ്ങൾ :**

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രി.

ശ്രീ. സജി ചെറിയാൻ,
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി.

**അംഗങ്ങൾ:**

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

## അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (I)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 07-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 26 പ്രകാരം 2021-2023 കാലയളവിലേയ്ക്കായും 2023 ഡിസംബർ 07-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ 445 പ്രകാരം 2023-2026 കാലയളവിലേയ്ക്കായും രൂപീകരിച്ച കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 24.05.2023, 08.08.2023, 12.09.2023, 03.01.2024, 21.02.2024, 27.02.2024, 05.03.2024 എന്നീ തീയതികളിലായി 07 യോഗങ്ങൾ ചേർന്നു.

24.05.2023-ലെ യോഗത്തിൽ 2015-16, 2019-20, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു.

08.08.2023 -ലെ യോഗത്തിൽ 2023 ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി ) ബിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

12.09.2023-ലെ യോഗത്തിൽ 01.04.2022 മുതൽ 31.03.2023 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു. കൂടാതെ 2019-20, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു.

03.01.2024,-ലെ യോഗത്തിൽ സർക്കാരിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട് ചട്ടങ്ങളുമായി ബന്ധപ്പെട്ട് വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദേശിക്കുകയും ചെയ്തു. കൂടാതെ 2019-20, 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സംബന്ധിച്ച കാലതാമസപത്രികകൾ, നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് എന്നിവ പരിഗണിക്കുകയും, അംഗീകരിക്കുകയും ചെയ്തു.

21.02.2024-ലെ യോഗത്തിൽ 2024-25 സാമ്പത്തിക വർഷത്തെ XXIX-കൃഷി, XXX-ഭക്ഷ്യം, XXXIX-വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 27.02.2024-ലെ യോഗത്തിൽ 2024-25 സാമ്പത്തികവർഷത്തെ XXXI-മൃഗസംരക്ഷണം, XXXII-ക്ഷീരവികസനം, XXXIII-മത്സ്യബന്ധനം എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 05.03.2024-ലെ യോഗത്തിൽ സമിതി 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിച്ച് അംഗീകരിച്ചു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 54% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിഗണിച്ച ബില്ലുകൾ |
| അദ്ധ്യായം III | | സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235 (എ) പ്രകാരം ചേർന്ന യോഗങ്ങളുടെ വിശദാംശം |
| അദ്ധ്യായം V | - | നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| അദ്ധ്യായം VI | - | (a) 2023-24-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും പുതിയ സാമ്പത്തിക വർഷം ആദ്യം എന്ന കണക്കിൽ |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും. |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 04.07.2024-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**പി. പ്രസാദ്**
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2024 ജൂലൈ 8

## റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 14.09.2023 -ന് സമർപ്പിച്ചു.
2. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 14.09.2023-ന് സമർപ്പിച്ചു.
3. 2022-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 10.08.2023-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം II

## സമിതി പരിഗണിച്ച ബില്ലുകൾ

2023-ലെ കേരള കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ 08.08.2023-ന് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് 10.08.2023-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ

ഇല്ല

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗങ്ങളുടെ വിശദാംശം

1. നിയമസഭാ ചട്ടം 235(എ) പ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന പദ്ധതികൾ എന്ന വിഷയത്തിന്മേൽ ചേർന്ന 01.08.2018-ലെ സമിതിയോഗം ആവശ്യപ്പെട്ട അധിക വിവരത്തിന്മേലുള്ള ആരോഗ്യ കുടുംബക്ഷേമ

(ഇ) വകുപ്പിന്റെ തുടർ നടപടി റിപ്പോർട്ട് 03.01.2024-ലെ യോഗത്തിൽ പരിഗണിക്കുകയും വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

2. കന്നുകാലി സമ്പത്തിന്റെ ആരോഗ്യസംരക്ഷണം, വർഗോദ്ധാരണ പരിപാടികൾ, പാൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച് ചട്ടം 235 എ പ്രകാരം നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ട മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ട് 24.05.2023-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം V

**നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ**

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | XXIX-കൃഷി | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള കാർഷിക സർവ്വകലാശാല | 09.08.2023 |
| 2 | XXIX-കൃഷി | 2020-21 (കാലതാമസ പത്രിക സഹിതം) | കേരള കാർഷിക സർവ്വകലാശാല | 09.08.2023 |
| 3 | XXIX-കൃഷി | 2022-23 | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് | 09.08.2023 |
| 4 | XXIX-കൃഷി | 2022-23 | കേരള കാർഷിക സർവ്വകലാശാല | 09.08.2023 |
| 5 | XXIX-കൃഷി | 2022-23 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 09.08.2023 |

| | | | | |
|---|---|---|---|---|
| 6 | XXIX-കൃഷി | 2022-23 | സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ കേരള | 09.08.2023 |
| 7 | XXXI-മൃഗസംരക്ഷണം | 2016-17 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് | 09.08.2023 |
| 8 | | | കേരള ഫീഡ്സ് ലിമിറ്റഡ് | |
| 9 | | | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് | |
| 10 | | | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | |
| 11 | XXXI-മൃഗസംരക്ഷണം | 2018-19 (കാലതാമസ പത്രിക സഹിതം) | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ് | 09.08.2023 |
| 12 | | | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് | |
| 13 | | | കേരള ഫീഡ്സ് ലിമിറ്റഡ് | |
| 14 | | | മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | |
| 15 | XXXII-ക്ഷീരവികസനം | 2019-20 (കാലതാമസ പത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് | 09.08.2023 |
| 16 | XXXI-മൃഗസംരക്ഷണം | 2021-22 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 09.08.2023 |

| | | | | |
|---|---|---|---|---|
| 17 | XXXI-മൃഗസംരക്ഷണം | 2021-22 (കാലതാമസ പത്രിക സഹിതം) | മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | 09.08.2023 |
| 18 | XXXIII-മത്സ്യബന്ധനം | 2021-22 (കാലതാമസ പത്രിക സഹിതം) | മത്സ്യബന്ധന വകുപ്പ് | 30.01.2024 |
| 19 | XXXII-ക്ഷീരവികസനം | 2021-22 (കാലതാമസ പത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് | 30.01.2024 |
| 20 | XXXI-മൃഗസംരക്ഷണം | 2022-23 (കാലതാമസ പത്രിക സഹിതം) | മൃഗസംരക്ഷണ വകുപ്പ് | 30.01.2024 30.01.2024 |
| 21 | | | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | |
| 22 | | | കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് | |
| 23 | | | കേരള ഫീഡ്സ് ലിമിറ്റഡ് | |
| 24 | | | മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് | |
| 25 | | | കേരള വെറ്റിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല | |
| 26 | XXXII-ക്ഷീരവികസനം | 2022-23 (കാലതാമസ പത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് | 30.01.2024 |

## അദ്ധ്യായം VI

**(a) 2023-24 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ 134 ശിപാർശകളുണ്ടായിരുന്നതിൽ ഖണ്ഡിക നമ്പർ 3-7, 9, 11-49, 51-54, 56-58, 61-134 എന്നിവയിലെ ശിപാർശകളിന്മേലാണ് നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| കൃഷി | 1, 2, 8, 10, 50, 55, 59, 60 |

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും (പുതിയ സാമ്പത്തികവർഷം ആദ്യം എന്ന കണക്കിൽ)**

### 1. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

### ശിപാർശ

2401-00-102-90 - ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

വിഹിതം : 76,00,00,000 രൂപ (പദ്ധതി)

സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്ക് നെൽകൃഷി ചെയ്യുന്ന മുഴുവൻ കർഷകർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനായി റോയൽറ്റിയുടെ തുക ഹെക്ടറിന്

2000 രൂപ എന്നത് 3000 രൂപ ആയി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത ആനുകൂല്യം നൽകുന്നതിനായി 62 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനർവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം ഗ്രൂപ്പ് ഫാർമിംഗ് മുഖേന നെൽകൃഷി വികസന പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 62 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.6.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**<u>ശിപാർശ</u>**

2401-00-104-72-01 - <u>പരമ്പരാഗത കൃഷി വികാസ് യോജനക്ക് പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം)</u>

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്ര വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 16.19352 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)യ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച്

ഉപധനാഭ്യർത്ഥന മുഖേന 16.19352 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു. തുടർന്ന് കൃഷി ഡയറക്ടർ സമർപ്പിച്ച അധികധനാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിനു നൽകുകയും 14.10.2022 തീയതിയിലെ GO(Rt) No.6953/2022/Fin നമ്പർ ഉത്തരവ് മുഖേന 2401-00-104-72-01 ശീർഷകത്തിൽ BPKP (ജനറൽ കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 556.497 ലക്ഷം രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

**ശിപാർശ**

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)- (60% കേന്ദ്രാവിഷ്കൃതം)

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായിട്ടുള്ള (40%) സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 10.79568 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)യ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 10.79568 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക്

അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു. തുടർന്ന് കൃഷി ഡയറക്ടർ സമർപ്പിച്ച അധികധനാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിനു നൽകുകയും 14.10.2022 തീയതിയിലെ GO(Rt) No.6953/2022/Fin നമ്പർ ഉത്തരവ് മുഖേന 2401-00-104-72-02 ശീർഷകത്തിൽ BPKP (ജനറൽ കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 370.998 ലക്ഷം രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

## ശിപാർശ

2401-00-104-71-01 – <u>പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ ) - കേന്ദ്ര വിഹിതം</u>

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 9.3636 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സർക്കാർ സ്വീകരിച്ച നടപടി

2401-00-104-71-01 PKVY 2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല. ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 9.3636 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2401-00-104-71-02 - പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ ) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാന വിഹിതമായി (40%) 6.2424 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

**സർക്കാർ സ്വീകരിച്ച നടപടി**

2401-00-104-71-02 PKVY 2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല. ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന കേന്ദ്രവിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാന വിഹിതമായി (40%) 6.2424 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2401-00-109-84 - കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം : 6,00,00,000 രൂപ (പദ്ധതി)

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോ എന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി ഈ ശീർഷകത്തിൽ 62 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2022-23 സാമ്പത്തിക വർഷത്തിലെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെയും ധന പുന:വിനിയോഗം വഴിയും കാർഷിക വിജ്ഞാനവും വ്യാപനവും (2401-00-109-84) എന്ന പദ്ധതിക്ക് 62 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന അഭ്യർത്ഥിച്ച കൊണ്ട് കൃഷി വകുപ്പ് ഡയറക്ടർ പ്രൊപോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പ്രൊപോസൽ ധനകാര്യ വകുപ്പിന്റെ 06/06/2022 തീയതിയിലെ 43/2022/Fin നമ്പർ സർക്കുലറിന്റെ പരിധിയിൽ വരാത്തതിനാൽ നിരസിച്ചിട്ടുള്ളതാണ്.

**<u>ശിപാർശ</u>**

2401-00-109-80 - <u>കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ</u>

വിഹിതം : 28,28,00,000 രൂപ (പദ്ധതി)

'കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ' പദ്ധതിയുടെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ചവച്ചവർക്കുള്ള ക്യാഷ് അവാർഡിനായി നിലവിലുള്ള വിഹിതമായ 1.5 കോടിക്കു പുറമേ 1.1 കോടി രൂപയും പരിശീലന കേന്ദ്രങ്ങളായ ആർ.എ.റ്റി.റ്റി.സി, എഫ്.റ്റി.സി എന്നിവയുടെ നവീകരണത്തിനായി 1 കോടി രൂപയും ആത്മ പ്രോജക്ട് ഡയറക്ടറേറ്റിന്റെ വാടക നൽകുന്നതിനും, എച്ച്. ആർ. പിന്തുണ കരാർ ജീവനക്കാരുടെ വർദ്ധിപ്പിച്ച ശമ്പളം നൽകുന്നതിനായി 1 കോടി രൂപയും ലീഡ്സിനുള്ള സഹായത്തിനായി 1.5 കോടി രൂപയും കർഷക സഭകൾ നടത്തുന്നതിനായി 75 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 5.35 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2022-23 സാമ്പത്തിക വർഷത്തിലെ ആദ്യ ഉപധനാഭ്യർത്ഥനയിലൂടെയും ധന പുന:വിനിയോഗം വഴിയും കാർഷിക വിജ്ഞാനവും വ്യാപനവും ശക്തിപെടുത്തൽ (2401-00-109-80) എന്ന പദ്ധതിയുടെ ഭാഗമായി ആകെ 5.35 കോടി രൂപ

അധികമായി വകയിരുത്തണമെന്ന അഭ്യർത്ഥിച്ച കൊണ്ട് കൃഷി വകുപ്പ് ഡയറക്ടർ പ്രൊപോസൽ സമർപ്പിച്ചിരുന്നുവെങ്കിലും, പ്രസ്തുത പ്രൊപോസൽ ധനകാര്യ വകുപ്പിന്റെ 06/06/2022 തീയതിയിലെ 43/2022/Fin നമ്പർ സർക്കുലറിന്റെ പരിധിയിൽ വരാത്തതിനാൽ നിരസിച്ചിട്ടുള്ളതാണ്.

**ശിപാർശ**

2401-00-109-60 – കൃഷി പാഠശാല -അഗ്രോ ഇക്കോളജിക്കൽ അധിഷ്ഠിത കൃഷി സമീപനം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

കൃഷി പാഠശാലകൾ സംസ്ഥാനത്തിലെ എല്ലാ കൃഷിഭവനുകളിലും വ്യാപിപ്പിക്കുന്നതിനായി 22500/- രൂപ / കൃഷി ഭവൻ എന്ന നിരക്കിൽ അധികമായി ഈ ശീർഷകത്തിൽ 1.75 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം കൃഷി പാഠശാല പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 1.75 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു. എങ്കിലും 6.6.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2401-00-109-59-01- രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്.- കേന്ദ്രവിഹിതം

വിഹിതം : 42,72,00,000 രൂപ (പദ്ധതി)

കേന്ദ്രവിഹിതമായി 2022-23 സാമ്പത്തിക വർഷം ലഭിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.78 കോടി രൂപ ധനപുന:വിനിയോഗം/

ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) - പദ്ധതിയിൽ കേന്ദ്ര വിഹിതമായി രണ്ടു ഗഡുക്കൾ മാത്രമാണ് സംസ്ഥാനത്ത് ലഭിച്ചത്. ആയതിനാൽ 2401-00-109-59-01 ശീർഷകത്തിൽ വകയിരുത്തിയിരുന്ന വിഹിതം പര്യാപ്തമായിരുന്നു.

**<u>ശിപാർശ</u>**

2401-00-109-59-02- <u>രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്. - സംസ്ഥാന വിഹിതം</u>

വിഹിതം : 28,48,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി അനുവദിച്ച കേന്ദ്രവിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 99.14 ലക്ഷം രൂപ ആവശ്യമായതിനാലും ആകെ 4.1714 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ കേന്ദ്ര വിഹിതമായി (60% സി.എസ്.എസ്.) രണ്ടു ഗഡുക്കൾ മാത്രമാണ് സംസ്ഥാനത്ത് ലഭിച്ചത്. ആയതിനാൽ സംസ്ഥാനത്തെ വിഹിതമായി (40%) 2401-00-109-59-02 ശീർഷകത്തിൽ വകയിരുത്തിയിരുന്ന വിഹിതം പര്യാപ്തമായിരുന്നു.

**ശിപാർശ**

2401-00-109-58-01- <u>കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്രവിഹിതം</u>

വിഹിതം : 37,38,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ 92.39 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സർക്കാർ സ്വീകരിച്ച നടപടി**

29.03.2023-ലെ G.O(Rt) No.2744/2023/Fin പ്രകാരം 2401-00-109-58-01 ശീർഷകത്തിൽ SMAM (ജനറൽ കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 2675.58 ലക്ഷം രൂപ ധനപുന:വിനിയോഗം വഴി ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-109-58-02- <u>കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം- സംസ്ഥാന വിഹിതം</u>

വിഹിതം : 24,92,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 61.17 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**സർക്കാർ സ്വീകരിച്ച നടപടി**

29.03.2023-ലെ G.O(Rt)No.2744/2023/Fin പ്രകാരം 2401-00-109-58-02 ശീർഷകത്തിൽ SMAM (ജനറൽ കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 1783.72 ലക്ഷം രൂപ ധനപുന:വിനിയോഗം വഴി ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-113-83- കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 11,81,00,000 രൂപ (പദ്ധതി)

മൊബൈൽ അഗ്രോക്ലിനിക് ഡ്രൈവർമാരുടെ വേതനത്തിൽ ഉണ്ടായ വർദ്ധനവ് നൽകുന്നതിനായി 31 ലക്ഷം രൂപയും 'ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം' എന്ന പദ്ധതിയിൽ 'എൻ.ഇ.ജി.പി-ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഹോണറേറിയം,' എന്ന ഘടകത്തിനായും ഹോണറേറിയത്തിലുണ്ടായ വർദ്ധനവ്, മെറ്റേർണിറ്റി ആനുകൂല്യം എന്നിവ നൽകുന്നതിനായും 1.34 കോടി രൂപയും ഉൾപ്പെടെ 1.65 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

**സർക്കാർ സ്വീകരിച്ച നടപടി**

മൊബൈൽ അഗ്രോക്ലിനിക് ഡ്രൈവർമാരുടെ വേതനത്തിൽ ഉണ്ടായ വർദ്ധനവ് നൽകുന്നതിനായി 31 ലക്ഷം രൂപയും 'ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം' എന്ന പദ്ധതിയിൽ എൻ.ഇ.ജി.പി-ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഹോണറേറിയം എന്ന ഘടകത്തിനായും ഹോണറേറിയത്തിലുണ്ടായ വർദ്ധനവ്, മെറ്റേർണിറ്റി ആനുകൂല്യം എന്നിവ നൽകുന്നതിനായും 1.34 കോടി രൂപയും ഉൾപ്പെടെ 1.65 കോടി രൂപ 2401-00-113-83 (പ്ലാൻ) എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-115-99-33- ചെറുകിട നാമമാത്രനെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി-സബ്സിഡികൾ

വിഹിതം : 36,92,00,000 രൂപ (പദ്ധതിയേതരം)

KSEB-ക്ക് നൽകാനുള്ള കുടിശ്ശിക നൽകുന്നതിനായി 79.0505 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി

വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

## സർക്കാർ സ്വീകരിച്ച നടപടി

2401-00-115-99-33 ശീർഷകത്തിൽ KSEB-ക്ക് നൽകാനുള്ള കുടിശ്ശിക നൽകുന്നതിനായി 2022-23 വർഷത്തിൽ 79.0505 കോടി രൂപ അധിക ധനാഭ്യർത്ഥനക്ക കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ അപേക്ഷ ശിപാർശചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും തുക അനുവദിച്ച് കിട്ടിയിട്ടില്ല.

## ശിപാർശ

2401-00-191-50- റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്- മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

വിഹിതം : 50,000 (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 66.9887 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

## സർക്കാർ സ്വീകരിച്ച നടപടി

2401-00-171-50-റവന്യൂ ശീർഷകത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2022-23 വർഷത്തിൽ 66.9887 ലക്ഷം രൂപ അധിക ധനാഭ്യർത്ഥനക്ക കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ അപേക്ഷ ശിപാർശചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും തുക അനുവദിച്ച് കിട്ടിയിട്ടില്ല.

## ശിപാർശ

2401-00-192-50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

വിഹിതം : 44,00,000 രൂപ (പദ്ധതിയേതരം)

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.99

കോടി രൂപ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

## സർക്കാർ സ്വീകരിച്ച നടപടി

2401-00-192-50-റവന്യൂ ശീർഷകത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2022-23 വർഷത്തിൽ 2.99 കോടി രൂപ അധിക ധനാഭ്യർത്ഥനക്കു കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ അപേക്ഷ ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും തുക അനുവദിച്ചു കിട്ടിയിട്ടില്ല.

## ശിപാർശ

2401-00-198-50- റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ്- ഗ്രാമ പഞ്ചായത്തുകൾക്കുള്ള ധനസഹായം

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 40.5371 കോടി രൂപ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

## സർക്കാർ സ്വീകരിച്ച നടപടി

2401-00-176-50-റവന്യൂ ശീർഷകത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2022-23 വർഷത്തിൽ 40.5371 കോടി രൂപ അധിക ധനാഭ്യർത്ഥനക്കു കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായ അപേക്ഷ ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും തുക അനുവദിച്ചു കിട്ടിയിട്ടില്ല.

## ശിപാർശ

2401-00-789-91-01- പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) കേന്ദ്രവിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം

വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 0.5202 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**സർക്കാർ സ്വീകരിച്ച നടപടി**

2401-00-789-91-01-PKVY-2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നിരുന്നാലും 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 0.5202 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.6.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2401-00-789-91-02 - <u>പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ)- സംസ്ഥാന വിഹിതം</u>

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിയ്ക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിനു ആനുപാതികമായിട്ടുള്ള (40%) സംസ്ഥാന വിഹിതം 0.3468 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സർക്കാർ സ്വീകരിച്ച നടപടി**

2401-00-789-91-02-PKVY-2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നിരുന്നാലും 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന

കേന്ദ്രവിഹിതത്തിന് ആനുപാതികമായി (40%) സംസ്ഥാനവിഹിതമായി 0.3468 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.6.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

## ശിപാർശ

2401-00-789-83-01 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി -(ബി.പി.കെ.പി.) 60% കേന്ദ്രാവിഷ്കൃതം) -കേന്ദ്രവിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ 89.964 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സർക്കാർ സ്വീകരിച്ച നടപടി

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.)യ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 89.964 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു. തുടർന്ന് കൃഷി ഡയറക്ടർ സമർപ്പിച്ച അധികധനാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിനു നൽകുകയും 14.10.2022 തീയതിയിലെ GO(Rt) No.6953/2022/Fin നമ്പർ ഉത്തരവ് പ്രകാരം

2401-00-789-83-01 ശീർഷകത്തിൽ BPKP (SCP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 30.9165 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

**ശിപാർശ**

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷം കേന്ദ്രവിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായിട്ടുള്ള സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിൽ 59.976 ലക്ഷം രൂപ ധന പുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.)യ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 59.976 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു. തുടർന്ന് കൃഷി ഡയറക്ടർ സമർപ്പിച്ച അധികധനാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിനു നൽകുകയും 14.10.2022 തീയതിയിലെ GO(Rt) No.6953/2022/Fin നമ്പർ ഉത്തരവ് പ്രകാരം 2401-00-789-83-02 ശീർഷകത്തിൽ BPKP (SCP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 20.611 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

**ശിപാർശ**

2401-00-789-79-01 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്)- കേന്ദ്രവിഹിതം

വിഹിതം : 4,80,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിനാവശ്യമായ 4.32 കോടി രൂപ ഉൾപ്പെടെ 8.18 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

**സർക്കാർ സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) (കേന്ദ്ര വിഹിതം) പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 2401-00-789-79-01 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി 122 ലക്ഷം രൂപ അധിക ധനാനുമതിയായി ലഭ്യമാക്കിയിട്ടുണ്ട്.

**ശിപാർശ**

2401-00-789-79-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്) സംസ്ഥാന വിഹിതം

വിഹിതം : 3,20,00,000 രൂപ(പദ്ധതി)

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കേന്ദ്രവിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 2.88 കോടി രൂപ ആവശ്യമായതിനാലും 5.44 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

**സർക്കാർ സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) (സംസ്ഥാന വിഹിതം) പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 2401-00-789-79-02 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി 81.33 ലക്ഷം രൂപ അധിക ധനാനുമതിയായി ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-789-78-01- കാർഷികയന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്ര വിഹിതം

വിഹിതം : 4,20,00,000 രൂപ(പദ്ധതി)

പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23.12 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

**സർക്കാർ സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷത്തിൽ 2401-00-789-78-01 ശീർഷകത്തിൽ SMAM (SCP കേന്ദ്ര വിഹിതം) പദ്ധതിക്കായി 15.09.2022-ലെ സ.ഉ.(സാധാ)നം.6352/2022/ധന പ്രകാരം അധിക ധനാനുമതി വഴി 263 ലക്ഷം രൂപ വിനിയോഗം ചെയ്യുന്നതിനും 29.03.2023-ലെ G.O(Rt)No.2744/2023/Fin പ്രകാരം 700 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയും ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-789-78-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം -സംസ്ഥാന വിഹിതം

വിഹിതം : 2,80,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് സംസ്ഥാനവിഹിതമായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.32 കോടി രൂപ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2022-23 സാമ്പത്തിക വർഷത്തിൽ 2401-00-789-78-02 ശീർഷകത്തിൽ SMAM (SCP സ്റ്റേറ്റ് വിഹിതം) പദ്ധതിക്കായി 15.09.2022-ലെ സ.ഉ. (സാധാ)നം.6352/2022/ധന പ്രകാരം അധിക ധനാനുമതി വഴി 175 ലക്ഷം രൂപ വിനിയോഗം ചെയ്യുന്നതിനും 29.03.2023-ലെ G.O(Rt)No.2744/2023/Fin പ്രകാരം 466.67 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയും ലഭിച്ചിട്ടുണ്ട്.

**<u>ശിപാർശ</u>**

2401-00-796-83-01- <u>പരമ്പരാഗത കൃഷിവികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്രവിഹിതം</u>

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 89.964 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.)യ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 89.964 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത്

ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു. തുടർന്ന് കൃഷി ഡയറക്ടർ സമർപ്പിച്ച അധികധനാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിനു നൽകുകയും 14.10.2022 തീയതിയിലെ GO(Rt) No.6953/2022/Fin നമ്പർ ഉത്തരവ് മുഖേന 2401-00-796-83-01 ശീർഷകത്തിൽ BPKP (TSP കേന്ദ്ര വിഹിതം) പദ്ധതിക്കായി 30.9165 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

## ശിപാർശ

2401-00-796-83-02- പരമ്പരാഗത കൃഷിവികാസ് യോജനക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി) (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായി (40%) സംസ്ഥാന വിഹിതം 59.976 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സർക്കാർ സ്വീകരിച്ച നടപടി

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.)യ്ക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 59.976 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ്

അറിയിച്ചു. തുടർന്ന് കൃഷി ഡയറക്ടർ സമർപ്പിച്ച അധികധനാനുമതി പ്രൊപ്പോസൽ ധനകാര്യ വകുപ്പിനു നൽകുകയും 14.10.2022 തീയതിയിലെ GO(Rt) No.6953/2022/Fin നമ്പർ ഉത്തരവ് മുഖേന 2401-00-796-83-02 ശീർഷകത്തിൽ BPKP (TSP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 20.611 ലക്ഷം രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തു.

**ശിപാർശ**

2401-00-796-82-01- പരമ്പരാഗത കൃഷിവികാസ് യോജന (പി.കെ.വി.വൈ) - കേന്ദ്രവിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 0.5202 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

**സർക്കാർ സ്വീകരിച്ച നടപടി**

2401-00-796-82-01 PKVY-2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നിരുന്നാലും 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 0.5202 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2401-00-796-82-02- പരമ്പരാഗത കൃഷിവികാസ് യോജന (പി.കെ.വി.വൈ) സംസ്ഥാന വിഹിതം

വിഹിതം : ഇല്ല (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തികവർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ കേന്ദ്രവിഹിതത്തിന് ആനുപാതികമായ(40%) സംസ്ഥാന വിഹിതമായി 0.3468 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

**സർക്കാർ സ്വീകരിച്ച നടപടി**

2401-00-796-82-02 PKVY-2022-23 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നിരുന്നാലും 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന കേന്ദ്രവിഹിതത്തിന് ആനുപാതികമായി (40%) സംസ്ഥാനവിഹിതമായി 0.3468 ലക്ഷം രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്ത് ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 6.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2401-00-796-78-01- രാഷ്ട്രീയ കൃഷി വികാസ് യോജന ( 60% സി.എസ്.എസ്) കേന്ദ്രവിഹിതം

വിഹിതം : 48,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കേന്ദ്ര വിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 88 ലക്ഷം രൂപ ആവശ്യമായതിനാലും 1.8 കോടി രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

**സർക്കാർ സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) (കേന്ദ്ര വിഹിതം) പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 2401-00-796-78-01 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി 68 ലക്ഷം രൂപ അധിക ധനാനുമതിയായി ലഭ്യമാക്കിയിട്ടുണ്ട്.

**ശിപാർശ**

2401-00-796-78-02 -രാഷ്ട്രീയ കൃഷി വികാസ് യോജന ( 60% സി.എസ്.എസ്) സംസ്ഥാന വിഹിതം

വിഹിതം : 32,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് അനുവദിച്ച കേന്ദ്ര വിഹിതം അപര്യാപ്തമായതിനാലും 2021 വർഷത്തെ രണ്ടാം ഗഡു വിതരണം ചെയ്യുന്നതിന് 57.81 ലക്ഷം രൂപ ആവശ്യമായതിനാലും 1.1781 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

**സർക്കാർ സ്വീകരിച്ച നടപടി**

രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) (സംസ്ഥാന വിഹിതം) പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 2401-00-796-78-02 ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി 44.48 ലക്ഷം രൂപ അധിക ധനാനുമതിയായി ലഭ്യമാക്കിയിട്ടുണ്ട്.

**ശിപാർശ**

2401-00-796-77-01- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം - കേന്ദ്രവിഹിതം

വിഹിതം : 42,00,000 രൂപ(പദ്ധതി)

പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 13.49 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

**സർക്കാർ സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷത്തിൽ 2401-00-796-77-01 ശീർഷകത്തിൽ SMAM (TSP കേന്ദ്ര വിഹിതം) പദ്ധതിക്കായി 15.09.2022-ലെ സ.ഉ.(സാധാ) നം.6352/2022/ധന പ്രകാരം അധിക ധനാനുമതി വഴി 299 ലക്ഷം രൂപ വിനിയോഗം ചെയ്യുന്നതിനും 29.03.2023-ലെ G.O(Rt)No.2744/2023/Fin നമ്പർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയും ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-796-77-02- കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം- സംസ്ഥാന വിഹിതം

വിഹിതം : 28,00,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.948 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

**സർക്കാർ സ്വീകരിച്ച നടപടി**

2022-23 സാമ്പത്തിക വർഷത്തിൽ 2401-00-796-77-02 ശീർഷകത്തിൽ SMAM (TSP സ്റ്റേറ്റ് വിഹിതം) പദ്ധതിക്കായി 15.09.2022-ലെ സ.ഉ.(സാധാ)

നം.6352/2022/ധന പ്രകാരം അധിക ധനാനുമതി വഴി 199.34 ലക്ഷം രൂപ വിനിയോഗം ചെയ്യുന്നതിനും 29.03.2023-ലെ G.O(Rt)No.2744/2023/Fin പ്രകാരം 266.67 ലക്ഷം രൂപ ധനപുന:വിനിയോഗം വഴിയും ലഭിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-800-28- മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും

വിഹിതം : 22,10,00,000 രൂപ (പദ്ധതി)

2 ലക്ഷം ഹെക്ടറിൽ ഒരു വർഷത്തേക്ക് നെൽകൃഷി ചെയ്യുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 32.40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശിപാർശ പ്രകാരം മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 32.40 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2415-01-277-98- സീനിയർ ഉദ്യോഗസ്ഥർക്ക് പരിശീലനം

വിഹിതം : 3,35,00,000 രൂപ (പദ്ധതി)

സമേതിയുടെ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി കർഷകഭവനത്തിന് 18 ലക്ഷം രൂപയും, കർഷക മ്യൂസിയം, ലൈബ്രറി എന്നിവയ്ക്കായി 15 ലക്ഷം രൂപയും, ഇ-ഓഫീസ് സജ്ജമാക്കി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 12 ലക്ഷം രൂപയും സോളാർ സിസ്റ്റം

സ്ഥാപിക്കുന്നതിനായി 5 ലക്ഷം രൂപയും 2019-ലെ ശമ്പളപരിഷ്കരണ കുടിശ്ശിക ഇനത്തിൽ 20 ലക്ഷം രൂപയും കരാർ അടിസ്ഥാനത്തിലുള്ള കമ്പ്യൂട്ടർ ഓപ്പറേറ്ററുടെ ശമ്പളത്തിനായി 3 ലക്ഷം രൂപയും എൻ.ഐ.പി.എച്ച്.എമ്മുമായി സഹകരിച്ച് കാര്യശേഷി വർദ്ധനവും പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ പി.ജി. ഡിപ്ലോമ കോഴ്സിനുമായി 80 ലക്ഷം രൂപയും ഉൾപ്പെടെ ആകെ_1.53 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

## സർക്കാർ സ്വീകരിച്ച നടപടി

മാനവവിഭവശേഷി വികസനം 2022-23 പദ്ധതിയ്ക്ക് (2415-01-277-98 Plan ശീർഷകം) 335.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ സമേതിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായുള്ള ബജറ്റ് വിഹിതം 95.00 ലക്ഷം രൂപയായിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ സമേതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ആദ്യ ബാച്ച് ഉപധനാഭ്യർത്ഥന വഴി 153 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്ത് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

## ശിപാർശ

കാൾ സെന്ററിന്റെ പ്രവർത്തനത്തിനായി 2019 വർഷത്തിൽ അധിക ധനാനുമതി നൽകിക്കൊണ്ട് അനുവദിച്ച 74.25 ലക്ഷം രൂപ 2020-21, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിക്കായി 2401-00-109-73 എന്ന ശീർഷകം പുന:സ്ഥാപിച്ച് 74.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

## സർക്കാർ സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരം തുക വകയിരുത്തണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശ ചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

## ശിപാർശ

ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിനായി സ്വയം തൊഴിൽ കാർഷിക ഗ്രൂപ്പുകൾക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

## സർക്കാർ സ്വീകരിച്ച നടപടി

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും വാങ്ങുന്നതിനായി സ്വയംതൊഴിൽ കാർഷിക ഗ്രൂപ്പുകൾക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഉപധനാഭ്യർത്ഥന (SDG) മുഖേന 4401-00-113-98 എന്ന ശീർഷകത്തിൽ 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ.

## ശിപാർശ

കോൾ നിലങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും നെല്ലുൽപാദനവർദ്ധനവിനും ജലവിഭവത്തിന്റെ കാര്യക്ഷമമായ പരിപാലനത്തിലൂടെ വെള്ളപ്പൊക്കത്തിൽ നിന്നും കോൾ മേഖലയെ സംരക്ഷിക്കുന്നതിനുമായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിൻ പ്രകാരം 7.25 കോടി രൂപ 2401-00-102-90

എന്ന ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

**സർക്കാർ സ്വീകരിച്ച നടപടി**

നിയമസഭ സമിതിയുടെ ശുപാർശ പ്രകാരം നെല്ലുൽപാദന പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷത്തിലെ ആദ്യ ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 7.25 കോടി രൂപ അനുവദിക്കണമെന്ന അപേക്ഷ കൃഷി വകുപ്പ് ഡയറക്ടറിൽ നിന്നും ലഭ്യമായത് ശിപാർശചെയ്തു ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു എങ്കിലും 06.06.2022-ലെ 43/2022/Fin നമ്പർ സർക്കുലർ പ്രകാരം തുക അനുവദിക്കാൻ കഴിയില്ല എന്ന് ആ വകുപ്പ് അറിയിച്ചു.

**ശിപാർശ**

2402-00-101-83 - സോയിൽ മ്യൂസിയം

വിഹിതം : 20,00,000 രൂപ (പദ്ധതി)

സോയിൽ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിനായി ആനിമേഷൻ വീഡിയോകൾ തയ്യാറാക്കുന്നതിനും കേരളത്തിലെ മണ്ണിനങ്ങളുടെ ഡോക്യുമെന്റേഷനുവേണ്ടി കിയോസ്കുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**സർക്കാർ സ്വീകരിച്ച നടപടി**

ട്രഷറി നിയന്ത്രണങ്ങൾ മൂലം സോയിൽ മ്യൂസിയം പദ്ധതി ശീർഷകത്തിൽ 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ഉണ്ടായിരുന്നതിൽ 2022-23 സാമ്പത്തിക വർഷം 9.09 ലക്ഷം രൂപയാണ് (45%) ചെലവഴിച്ചിട്ടുള്ളത്. ആയതിനാൽ അധികതുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2402-00-102-78 - ജലാശയങ്ങളുടേയും നീരുറവകളുടെയും പുനരുജ്ജീവനം

വിഹിതം : 2,00,00,000 രൂപ (പദ്ധതി)

സംസ്ഥാനത്തുടനീളമുള്ള വിവിധ ജലാശയങ്ങളും കുളങ്ങളും നവീകരിക്കുന്നതിനും പുനരുജ്ജീവനം നടപ്പിലാക്കുന്നതിനും ലഭ്യമായ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സർക്കാർ സ്വീകരിച്ച നടപടി**

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് 2022-23 സാമ്പത്തിക വർഷം ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിൽ 130 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. അതിനാൽ സമിതി ശുപാർശ ചെയ്തിരുന്ന അധികതുക ഉപധനാഭ്യർത്ഥന പ്രകാരം ആവശ്യപ്പെട്ടിട്ടില്ല.

**ശിപാർശ**

4408-02-101-98 - ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

വിഹിതം : 1,00,00,000 രൂപ (പദ്ധതി)

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കൊല്ലം ജില്ലയിലെ പുനലൂർ എന്നിവിടങ്ങളിൽ Godown cum Agri Complex നിർമ്മിക്കുന്ന പദ്ധതിയുടെ പൂർണമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

**സർക്കാർ സ്വീകരിച്ച നടപടി**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, കൊല്ലം ജില്ലയിലെ പുനലൂർ എന്നിവിടങ്ങളിൽ Godown cum Agri Complex പദ്ധതിക്കായി സർക്കാരിൽ നിന്നും 49.15 ലക്ഷം രൂപ റിലീസ് ചെയ്ത് ലഭിക്കുകയും ബാക്കി തുകയായ 50.85 ലക്ഷം രൂപ BAMS-ൽ സീലിംഗ് ലിമിറ്റ് ഏർപ്പെടുത്തിയിരുന്നതിനാൽ e-lams-ൽ പോസ്റ്റും ചെയ്തിരുന്നു. ടി തുകയിൽ 38 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ കാർഷിക വികസന കർഷക വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ച് വരുന്നു. പ്രസ്തുത തുക റിലീസ് ചെയ്തതിനു ശേഷം ശേഷിക്കുന്ന തുകയായ 12.85 ലക്ഷം രൂപ ലഭ്യമാകുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് വെയർ ഹൗസിങ് കോർപറേഷൻ മാനേജിംഗ് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

**ശിപാർശ**

6408-02-190-98 ആർ.ഐ.ഡി.എഫ് XVII-കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം : ഇല്ല (പദ്ധതി)

ഭരണാനുമതി ലഭിച്ച 8 ഗോഡൗണുകളിൽ നിർമ്മാണം പൂർത്തികരിക്കാനുള്ള 7 ഗോഡൗണുകളുടെ നിർമ്മാണം പൂർത്തികരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യാർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

**സർക്കാർ സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ പ്രകാരം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സമർപ്പിച്ച റീ ഇംപേഴ്സ്മെന്റ് ക്ലെയിമുകൾ പരിഗണിച്ച് 2022-23 വർഷം 614.15 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കുകയും പ്രസ്തുത തുക ഗോഡൗണുകളുടെ നിർമ്മാണത്തിനായി പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

27.09.2023-ലെ അഗ്രി ഐ.എഫ്.എ 1/175/2023-അഗ്രി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 21, 22, 34, 35, 42, 43 എന്നിവയിന്മേലും 26.09.2023-ലെ അഗ്രി ഐ.എഫ്.എ 1/197/2023-അഗ്രി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 23, 54 എന്നിവയിന്മേലും 05.10.2023-ലെ അഗ്രി ഐ.എഫ്.എ 2/168/2022-അഗ്രി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 69, 74, 75 എന്നിവയിന്മേലും 19.10.2023-ലെ AGRI-EB 2/32/2023-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 14, 15 എന്നിവയിന്മേലും 06.10.2023-ലെ ഇബി1/119/2023-കൃഷി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 66-ന്മേലും 21.10.2023-ലെ PPM-CELL/369/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 19, 20, 321, 33, 40, 41 എന്നിവയിന്മേലും 10.11.2023-ലെ PA1/176/2022-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 3, 5-8, 18, 24-31, 36-39, 45, 47, 49, 60 എന്നിവയിന്മേലുമുള്ള കാലതാമസപത്രികകൾ 31.01.2024-ന് സഭയിൽ സമർപ്പിച്ചു.

## 2. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശിപാർശ

2401-00-103-75 – ലൊക്കേഷൻ സ്പെസിഫിക് സ്കീം

വിഹിതം : 3,23,00,000 രൂപ (പദ്ധതി)

വെറ്റില, വെളുത്തുള്ളി എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും മറയൂർ കരിമ്പുസംസ്കരണ യൂണിറ്റിനായി 1.4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 51.4 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

### സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 'ലൊക്കേഷൻ സ്പെസിഫിക് സ്കീം' എന്ന പദ്ധതിയുടെ ഭാഗമായി വെറ്റില, വെളുത്തുള്ളി, മറയൂർ ശർക്കര ഉല്പാദനം എന്നിവ

പ്രോത്സാഹിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 51.4 ലക്ഷം രൂപ ഉപധനാഭ്യർത്ഥന വഴി അധിക തുക വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

## ശിപാർശ

2401-00-105-85 - ഓർഗാനിക് ഫാമിംഗ്

വിഹിതം : 2,40,00,000 രൂപ (പദ്ധതി)

കരാർ ജീവനക്കാരുടെ വേതനം മാറുന്നതിനുള്ള തുക 62.2719 ലക്ഷം രൂപയും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മറ്റു ചെലവുകൾക്ക് 2 ലക്ഷം രൂപയും കുട്ടനാട് വരി നെല്ല് നിയന്ത്രണവുമായി ബന്ധപ്പെട്ട് 2019-20 -ലെ ക്യൂ ബിൽ തുകയായ 174.31850 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.3859 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 'ഓർഗാനിക് ഫാമിംഗ്' എന്ന പദ്ധതിയിൽ കരാർ ജീവനക്കാരുടെ വേതനം മാറുന്നതിനും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മറ്റു ചെലവുകൾക്കും, കുട്ടനാട് വരിനെല്ല് നിയന്ത്രണവുമായി ബന്ധപ്പെട്ട് 2019-20 ലെ ക്യൂ ബിൽ മാറുന്നതിനുമായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന മുഖേന 238.62 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല. എന്നാൽ ഓർഗാനിക് ഫാർമിംഗ് പദ്ധതിയിൽ ജോലി ചെയ്തുവരുന്ന കരാർ ജീവനക്കാരുടെ വേതനം മാറുന്നതിനായി 40.56478 ലക്ഷം രൂപ ധനപുന:വിനിയോഗം മുഖേന അധികമായി അനുവദിക്കണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ 25.01.2022-ലെ സ.ഉ(ആർ.റ്റി) 542/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 40.57 ലക്ഷം രൂപ അനുവദിച്ചു കിട്ടി.

**ശിപാർശ**

2401-00-109-61-(01)- രാഷ്ട്രീയ കൃഷി വികാസ് യോജന 100% സി.എസ്.എസ്

വിഹിതം : 79,03,28,000 രൂപ (പദ്ധതി)

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാലും ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽ ദാന പദ്ധതിയിലെ സാമൂഹ്യ സുരക്ഷാ ഫണ്ടിൽ നിന്നും മുൻ വർഷങ്ങളിൽ പിൻവലിച്ച് തുകയായ 568.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ നിന്നും തിരികെ നൽകുന്നതിന് ഉത്തരവായതിനാലും പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.8214 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

**സർക്കാർ സ്വീകരിച്ച നടപടി**

2021-22 സാമ്പത്തിക വർഷത്തിലെ ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന 100% സി.എസ്.എസ്. ൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിലെ സാമൂഹ്യ സുരക്ഷാ ഫണ്ടിൽ നിന്നും മുൻ വർഷങ്ങളിൽ പിൻവലിച്ച തുക ഈ ശീർഷകത്തിൽ നിന്നും തിരികെ നൽകുവാൻ പ്രസ്തുത പദ്ധതിയിൽ അധിക തുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശ പ്രകാരം 2401-00-109-59-02-P എന്ന ശീർഷകത്തിൽ 5.7414 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-113-83 - കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 6,50,00,000 രൂപ (പദ്ധതി)

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതനം, ഹോണറേറിയം, മറ്റേർണിറ്റി ആനുകൂല്യം, നിരക്കിൽ വന്ന വർദ്ധനവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും എന്ന പദ്ധതിക്കായി സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനയുടെ ഒന്നാം ബാച്ചിലും രണ്ടാം ബാച്ചിലും 2.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല. എന്നാൽ പ്രസ്തുത പദ്ധതിയിൽ ജോലി ചെയ്തു വരുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം, മറ്റേർണിറ്റി ആനുകൂല്യങ്ങൾ, വേതന നിരക്കിലെ വർദ്ധനവ് എന്നിവയ്ക്കായി ബജറ്റ് വിഹിതമായി 210 ലക്ഷം രൂപയും ധന പുനർവിനിയോഗത്തിലൂടെ 210 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 402.01357 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**<u>ശിപാർശ</u>**

2401-00-119-85 - <u>കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം</u>

വിഹിതം : 67,20,00,000 രൂപ (പദ്ധതി)

1000 അധിക മഴ മറകൾക്കു വേണ്ടി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം കൃഷി വകുപ്പ് മുഖേന പച്ചക്കറി വികസനപദ്ധതിയിൽ 1000 അധികം മഴമറകൾക്കുവേണ്ടി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

എന്നാൽ ധനപുന:വിനിയോഗം മുഖേന 21.03.2022-ലെ സ.ഉ (ആർ.റ്റി) 2116/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയ്ക്കായി 200 ലക്ഷം രൂപ അനുവദിച്ചു കിട്ടി.

**<u>ശിപാർശ</u>**

2401-00-119-79 – <u>ഔഷധ സസ്യങ്ങളുടെയും പഴം, പൂവ് എന്നിവയുടെയും വികസനം</u>

വിഹിതം : 25,15,00,000 രൂപ (പദ്ധതി)

പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും ഫലവൃക്ഷതൈകൾക്കുള്ള മോണിറ്ററിംഗ്, പരിശീലനം, ട്രാൻസ്പോർട്ടേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 3311 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 33.61 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കും ഫലവൃക്ഷ തൈകൾക്കുള്ള മോണിറ്ററിംഗ്, പരിശീലനം, ട്രാൻസ്പോർട്ടേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 33.61 കോടി രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

**<u>ശിപാർശ</u>**

2401-00-119-78 – <u>കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം</u>

വിഹിതം : 13,50,00,000 രൂപ (പദ്ധതി)

വെർട്ടിക്കൽ ആക്സിൽ ഫ്ലോപമ്പുകളുടെ വിതരണവും ഇൻസ്റ്റലേഷനും ആർ ബ്ലോക്ക് കായൽ പാടശേഖരത്തിൽ ഡി-വാട്ടറിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 7.7474 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം എന്ന പദ്ധതിക്കായി ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലും രണ്ടാം ബാച്ച്

ഉപധനാഭ്യർത്ഥനയിലും 7.7474 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

**ശിപാർശ**

2401-00-119-77 – കേരള ഫാം ഫ്രഷ് പഴം പച്ചക്കറി

വിഹിതം : 10,00,00,000 രൂപ (പദ്ധതി)

കോവിഡ് വ്യാപനം മൂലം കേരളത്തിലെ കപ്പയുടെ വിപണനം കുറഞ്ഞ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വില വ്യത്യാസം നൽകുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

**സർക്കാർ സ്വീകരിച്ച നടപടി**

സമിതിയുടെ ശിപാർശ പ്രകാരം കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി ബേസ് പ്രൈസ് എന്ന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

**ശിപാർശ**

2401-00-190-92 – നാളികേര വികസന കോർപ്പറേഷനുള്ള ധനസഹായം

വിഹിതം : 1,000 രൂപ (പദ്ധതിയേതരം)

ബജറ്റ് പ്രഖ്യാപനപ്രകാരം അനുവദിച്ച തുകയിൽ ഇനിയും ലഭിക്കാനുള്ള 1.9999 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം നാളികേര വികസന കോർപ്പറേഷനുള്ള ധനസഹായത്തിനായി 2021-22 ബജറ്റ് പ്രഖ്യാപന പ്രകാരം അനുവദിച്ച തുകയിൽ 1.9999 കോടി രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥനകൾ വഴി അധികമായി അനുവദിച്ചിട്ടില്ല.

**<u>ശിപാർശ</u>**

2401-00-198-50 - <u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്ത്)</u>

വിഹിതം : 13,24,00,000 രൂപ (പദ്ധതിയേതരം)

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 41.9156 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമ പഞ്ചായത്ത്) മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന മുഖേന 4209.56 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

**<u>ശിപാർശ</u>**

2401-00-789-84-01 - <u>രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്.</u>

വിഹിതം : 8,88,20,000 രൂപ (പദ്ധതി)

രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിലേയ്ക്കുള്ള സംസ്ഥാന സർക്കാർ വിഹിതമായി 5.5347 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പ്രസ്തുത പദ്ധതിക്കായി 10/06/2021-ലെ സ.ഉ.(സാധാ) നമ്പർ 4383/2021/ധന. പ്രകാരം കേന്ദ്ര സംസ്ഥാന ഷെയറുകൾക്ക് പ്രത്യേകമായി ശീർഷകം അനുവദിച്ചു. സമിതിയുടെ ശുപാർശ പ്രകാരം പുതിയ ശീർഷകങ്ങളിൽ (2401-00-789-79-01-P) കേന്ദ്ര വിഹിതമായി 3.32 കോടി രൂപയും 2401-00-789-79-02-P എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2.2147 കോടി രൂപയും അധികമായി അനുവദിച്ച് നൽകണമെന്ന് ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ (SDG) അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**<u>ശിപാർശ</u>**

2401-00-789-84-04 - <u>തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം</u>

വിഹിതം : 2,50,00,000 രൂപ (പദ്ധതി)

പ്രസ്തുത വാർഷിക പദ്ധതിയിലെ ഘടകപദ്ധതിയുടെ പൂർത്തീകരണത്തിനായി 2.167 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

സമിതിയുടെ ശിപാർശ പ്രകാരം തോട്ട കൃഷിയ്ക്കായുള്ള സംയോജിത വികസന ദൗത്യം എന്ന പദ്ധതിയിൽ (MIDH) ഘടക പദ്ധതിയുടെ പൂർത്തീകരണത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ ഉപധനാഭ്യർത്ഥന വഴി സെൻട്രൽ ഷെയർ ഇനത്തിൽ 130.02 ലക്ഷം രൂപയും, സ്റ്റേറ്റ് ഷെയർ ഇനത്തിൽ 86.68 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചു കിട്ടിയില്ല.

എന്നാൽ 2401-00-789-77-01 P എന്ന പുതുക്കിയ ശീർഷകത്തിൽ MIDH (SCP കേന്ദ്ര വിഹിതം) പദ്ധതിയ്ക്കായി 15.03.2022 തീയ്യതിയിലെ സ.ഉ (ആർ.റ്റി) 1874/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 60 ലക്ഷം രൂപയും 2401-00-789-77-02 P

എന്ന പുതുക്കിയ ശീർഷകത്തിൽ MIDH (SCP സംസ്ഥാന വിഹിതം) പദ്ധതിയ്ക്കായി 40.01 ലക്ഷം രൂപയും ധനപുന:വിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2401-00-796-85-01 - രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്.

വിഹിതം : 8,85,21,000 രൂപ (പദ്ധതി)

പ്രസ്തുത പദ്ധതിക്കായി 1.4648 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സർക്കാർ സ്വീകരിച്ച നടപടി**

പ്രസ്തുത പദ്ധതിക്കായി 10/06/2021-ലെ സ.ഉ.(സാധാ) നമ്പർ 4383/2021/ധന. പ്രകാരം കേന്ദ്ര സംസ്ഥാന ഷെയറുകൾക്ക് പ്രത്യേകമായി ശീർഷകം അനുവദിച്ചു. സമിതിയുടെ ശുപാർശ പ്രകാരം പുതിയ ശീർഷകങ്ങളിൽ (2401-00-796-78-01-P) കേന്ദ്ര വിഹിതമായി 1.0548 കോടി രൂപയും 2401-00-796-78-02-P എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 0.41 കോടി രൂപയും അധികമായി അനുവദിച്ച് നൽകണമെന്ന് ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥനയിലൂടെ (SDG) അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചില്ല.

**ശിപാർശ**

2021-22-ലെ പ്രധാനമന്ത്രി കൃഷി സിഞ്ചയി യോജന പദ്ധതിയിൽ സംസ്ഥാനത്തിനായി നീക്കിവച്ച 1666.67 ലക്ഷം രൂപയിൽ പൊതുവിഭാഗത്തിനായി 1483.33 ലക്ഷം രൂപ നീക്കിവയ്ക്കേണ്ടതിനാൽ മുൻവർഷം പുതുതായി അനുവദിച്ച 2401-00-102-76– പ്രധാനമന്ത്രി കൃഷി സിഞ്ചയീ യോജന പൊതുവിഭാഗം (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 14.8333 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

## സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിലെ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതിയിലെ പൊതുവിഭാഗത്തിനായി മുൻ വർഷം പുതുതായി അനുവദിച്ച 2401-00-102-76-P എന്ന ശീർഷകം പുന:സ്ഥാപിച്ച് അധിക തുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശ പ്രകാരം കേന്ദ്ര വിഹിതത്തിനായി 2401-00-102-76-01-P എന്ന ശീർഷകവും സംസ്ഥാന വിഹിതത്തിനായി 2401-00-102-76-02-P എന്ന ശീർഷകവും പുന:സ്ഥാപിക്കുകയും അതോടൊപ്പമുള്ള സമിതിയുടെ ശുപാർശ പ്രകാരം 14.8333 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ഉപധനാഭ്യർത്ഥന മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

## ശിപാർശ

2021-22 വർഷം ടി പദ്ധതിയിൽ സംസ്ഥാനത്തിനായി നീക്കിവച്ച 1666.67 ലക്ഷം രൂപയിൽ പ്രത്യേക ഘടക പദ്ധതിക്കായി 166.67 ലക്ഷം രൂപ നീക്കിവയ്ക്കേണ്ടതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-789-82– പ്രധാനമന്ത്രി കൃഷി സിഞ്ചയീ യോജന പ്രത്യേക ഘടക പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 1.6667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

## സർക്കാർ സ്വീകരിച്ച നടപടി

2021-22 സാമ്പത്തിക വർഷത്തിലെ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതിയിലെ പ്രത്യേക ഘടക വിഭാഗത്തിനായി മുൻ വർഷം പുതുതായി അനുവദിച്ച 2401-00-789-82-P എന്ന ശീർഷകം പുന:സ്ഥാപിച്ച് അധികമായി തുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശ പ്രകാരം കേന്ദ്ര വിഹിതത്തിനായി 2401-00-789-82-01-P എന്ന ശീർഷകവും സംസ്ഥാന വിഹിതത്തിനായി 2401-00-789-82-02-P എന്ന ശീർഷകവും പുന:സ്ഥാപിക്കുകയും അതോടൊപ്പമുള്ള സമിതിയുടെ ശുപാർശ പ്രകാരം ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 166.67 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

**<u>ശിപാർശ</u>**

2021-22 വർഷം ടി പദ്ധതിയിൽ സംസ്ഥാനത്തിനായി നീക്കിവച്ച 1666.67 ലക്ഷം രൂപയിൽ പട്ടികവർഗ്ഗ ഉപ പദ്ധതിക്കായി 16.67 ലക്ഷം രൂപ നീക്കിവയ്ക്കേണ്ടതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-796-81– പ്രധാനമന്ത്രി കൃഷി സിഞ്ചയീ യോജന പട്ടികവർഗ്ഗ ഉപപദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 16.67 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2021-22 സാമ്പത്തിക വർഷത്തിലെ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്ന പദ്ധതിയിലെ പട്ടികവർഗ്ഗ ഉപ പദ്ധതിക്കായി മുൻ വർഷം പുതുതായി അനുവദിച്ച 2401-00-796-81-P എന്ന ശീർഷകം പുന:സ്ഥാപിച്ച് അധിക തുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശ പ്രകാരം കേന്ദ്ര വിഹിതത്തിനായി 2401-00-796-81-01-P എന്ന ശീർഷകവും സംസ്ഥാന വിഹിതത്തിനായി 2401-00-796-81-02-P എന്ന ശീർഷകവും പുന:സ്ഥാപിക്കുകയും അതോടൊപ്പമുള്ള സമിതിയുടെ ശുപാർശ പ്രകാരം ഒന്നാം ബാച്ച് ഉപധനാഭ്യർത്ഥന മുഖേന 16.67 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടിയില്ല.

**<u>ശിപാർശ</u>**

2402-00-102-87– <u>മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>

വിഹിതം : 2,85,00,000 രൂപ (പദ്ധതി)

മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

2021-2022 സാമ്പത്തിക വർഷം 2402-00-102-87 P ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി ലഭിച്ച 285 ലക്ഷം രൂപയിൽ 148.5 ലക്ഷം രൂപ ചെലവഴിക്കുകയും 105 ലക്ഷം രൂപ 15.03.2022-ലെ 1874/2022/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2402 മേജർ ശീർഷകത്തിലേക്ക് ധന പുന:ക്രമീകരണം നടത്തിയിട്ടുമുണ്ട്. വിഷയ നിർണ്ണയ സമിതി 2402-00-102-87 P ശീർഷകത്തിൽ ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തെങ്കിലും ബഡ്ജറ്റിൽ അനുവദിച്ച തുക പൂർണമായും വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ അധിക തുക ആവശ്യപ്പെട്ടിട്ടില്ല.

**<u>ശിപാർശ</u>**

2551-01-104-99– <u>പശ്ചിമഘട്ടത്തിന്റെ സംയോജിത വികാസം - പരിസ്ഥിതി സംരക്ഷണവും ജൈവ വൈവിധ്യങ്ങളുടെ പുന: സ്ഥാപനവും പ്രകൃതി വിഭവങ്ങളുടെ പരിപാലനവും</u>

വിഹിതം : ഇല്ല (പദ്ധതി)

2014-15 വർഷത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽ ഓവർ ബാധ്യതകൾക്കുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന / ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

പശ്ചിമ ഘട്ടത്തിന്റെ സംയോജിത വികസനം - പരിസ്ഥിതി സംരക്ഷണവും ജൈവവൈവിധ്യം പുന:സ്ഥാപനവും (2551-01-104-99) പദ്ധതി ശീർഷകത്തിൽ 2014-15 വർഷത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽ ഓവർ ബാധ്യതകൾക്കുമായി ഒരു കോടി രൂപ അധികമായി വകയിരുത്തണമെന്ന് വിഷയ നിർണ്ണയ സമിതി ശിപാർശ ചെയ്തിരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിലെ പൂക്കളം നീർത്തട പദ്ധതിയ്ക്കായി 14.39 ലക്ഷം രൂപ അധികധനാനുമതിയായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

4551-01-800-98– മലയോര വികസന ഏജൻസി (ആർ.ഐ.ഡി.എഫ്)

വിഹിതം : ഇല്ല (പദ്ധതി)

സ്പിൽ ഓവർ ബാധ്യതകൾക്കായി അധികമായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന / ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

**സർക്കാർ സ്വീകരിച്ച നടപടി**

പൂർത്തീകരിച്ച നീർത്തട പദ്ധതികളുടെ പശ്ചിമഘട്ട പദ്ധതി വിഹിതത്തിനായി കണ്ണൂർ ഇടുക്കി ജില്ലകളിൽ നിന്നും അധിക തുകയ്ക്കായുള്ള അപേക്ഷകൾ ലഭിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ പൂർത്തീകരിച്ച NADA പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷം 4551-01-800-98-34 OC യിൽ 34.178589 ലക്ഷം രൂപ അധികാധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയുടെ പാറത്തോട് കുടിവെള്ള പദ്ധതിക്കായി 3,61,762 രൂപ അനുവദിക്കണമെന്ന് അപേക്ഷ നൽകിയിരുന്നു. NADA പദ്ധതിയുടെ സ്പെഷ്യൽ TSB അക്കൗണ്ടായ 701011400000139-ൽ (സബ് ട്രഷറി വെള്ളയമ്പലം) നീക്കിയിരിപ്പ് ഉള്ള തുകയിൽ നിന്നും ഈ തുക അനുവദിക്കാൻ നിർദ്ദേശം ലഭിച്ച പ്രകാരം ടി തുക പശ്ചിമഘട്ട വിഹിതമായി അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

2408-02-190-98 - കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം

വിഹിതം : 10,00,000 രൂപ (പദ്ധതി)

പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനായി 1.10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം എന്ന പദ്ധതിക്കായി റിലീസ് ചെയ്ത ബജറ്റ് വിഹിതം തന്നെ പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ മിച്ചം വന്ന തുക റെസ്യൂം ചെയ്തിട്ടുണ്ട്.

**<u>ശിപാർശ</u>**

4408-02-101-98 - <u>ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന സഹായം</u>

വിഹിതം : 30,00,000 രൂപ (പദ്ധതി)

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ ഗോഡൗണും അഗ്രി. കോംപ്ലക്സും പണിയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിനുള്ള ധനസഹായം എന്ന പദ്ധതിക്കായി റിലീസ് ചെയ്ത ബജറ്റ് വിഹിതം തന്നെ പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ മിച്ചം വന്ന തുക റെസ്യൂം ചെയ്തിട്ടുണ്ട്.

**<u>ശിപാർശ</u>**

4408-02-190-99 - <u>കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്ക്</u>

വിഹിതം : 25,00,000 രൂപ (പദ്ധതി)

2013-14, 2014-15, 2015-16, 2016-17, 2018-19, 2019-20, 2020-21 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും

സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ വകയിരുത്തിയ ഓഹരി മൂലധനം (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) ആകെ 3.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 56)

## സർക്കാർ സ്വീകരിച്ച നടപടി

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്ക് എന്ന പദ്ധതിക്കായി റിലീസ് ചെയ്ത ബജറ്റ് വിഹിതം തന്നെ പൂർണ്ണമായി ചെലവഴിക്കാത്തതിനാൽ മിച്ചം വന്ന തുക റെസ്യൂം ചെയ്തിട്ടുണ്ട്.

## ശിപാർശ

6408-02-190-98- RIDF XVII ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് ലോൺ

വിഹിതം : ഇല്ല

പാലക്കാട് ജില്ലയിലെ മുതലമട, കൊഴിഞ്ഞാമ്പാറ, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട് എന്നിവിടങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി 7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 57)

## സർക്കാർ സ്വീകരിച്ച നടപടി

കോർപ്പറേഷൻ സമർപ്പിച്ച 285.89 ലക്ഷം രൂപയുടെ Reimbursement claim പരിഗണിച്ച് നാളിതുവരെ 110.69 ലക്ഷം രൂപ ധനപുനർവിനിയോഗം മുഖേന കോർപ്പറേഷന് അനുവദിച്ചിട്ടുള്ളതും ആയത് പൂർണമായും പ്രസ്തുത പദ്ധതികൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുള്ളതുമാണ്.

**<u>ശിപാർശ</u>**

2403-00-001-99 - <u>ഭരണവും നടത്തിപ്പും</u>

വിഹിതം : 11,98,69,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 0.45 ലക്ഷം രൂപ ലഭ്യമായി.

**<u>ശിപാർശ</u>**

2403-00-001-98 - <u>ജില്ലാ ഭരണം</u>

വിഹിതം : 27,08,25,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 59)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**<u>ശിപാർശ</u>**

2403-00-101-99 - <u>കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനം</u>

വിഹിതം : 13,55,36,000 രൂപ (പദ്ധതിയേതരം)

കന്നുകാലി പ്ലേഗു രോഗ നിർമ്മാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഓഫീസുകളുടെ വെള്ളക്കരം, വാടക, നികുതി മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നിവ

നൽകുന്നതിന് ഈ ശീർഷകത്തിൽ 2.10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

**സർക്കാർ സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 1.57 ലക്ഷം രൂപ ലഭ്യമായി.

**ശിപാർശ**

2403-00-101-98 - ആശുപത്രികളും ഡിസ്പെൻസറികളും

വിഹിതം : 241,32,68,000 രൂപ (പദ്ധതിയേതരം)

ആശുപത്രികളിലേയും ഡിസ്പെൻസറികളിലെയും ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

**സർക്കാർ സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 2.02 ലക്ഷം രൂപ ലഭ്യമായി.

**ശിപാർശ**

2403-00-101-97 - മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

വിഹിതം : 29,00,00,000 രൂപ (പദ്ധതി)

മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും എന്ന ശീർഷകത്തിലെ, കർഷകർക്ക് നഷ്ട പരിഹാരം എന്ന ഘടകത്തിൽ, കൂടുതൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**ശിപാർശ**

2403-00-101-97 - മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

വിഹിതം : 85,83,60,000 രൂപ (പദ്ധതിയേതരം)

ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

**സർക്കാർ സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 4.8 ലക്ഷം രൂപ ലഭ്യമായി.

**ശിപാർശ**

2403-00-101-71 - വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

വിഹിതം : 9,80,00,000 രൂപ (പദ്ധതി)

രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വർഷം മുഴുവനും ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 3.03 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**ശിപാർശ**

2403-00-102-99 - ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

വിഹിതം : 108,71,22,000 രൂപ (പദ്ധതിയേതരം)

കന്നുകാലി വികസന പ്രോജക്ടുകൾക്കായി പ്രവർത്തിക്കുന്ന പ്രാദേശിക സെന്ററുകളിലും സബ് സെന്ററുകളിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

**സർക്കാർ സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 22.21 ലക്ഷം രൂപ ലഭ്യമായി.

**ശിപാർശ**

2403-00-102-97 - ലൈവ് സ്റ്റോക്ക് ഫാമുകൾ

വിഹിതം : 19,39,75,000 രൂപ (പദ്ധതിയേതരം)

കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെയും ചെറ്റച്ചൽ, കുരിയോട്ടുമല, വിതുര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളിലെയും ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**ശിപാർശ**

2403-00-102-96 - വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 8,80,00,000 രൂപ (പദ്ധതി)

വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള കൃത്രിമ ബീജദാന പരിപാടിയുടെ ബീജത്തിനുള്ള ചെലവായി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന് നൽകുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

**സർക്കാർ സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 866.62 ലക്ഷം രൂപ ലഭ്യമായി.

**ശിപാർശ**

2403-00-102-96 - വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

വിഹിതം : 39,46,45,000 രൂപ (പദ്ധതിയേതരം)

പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ 9-ാം പദ്ധതിയിലാരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയിലെ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 68)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**ശിപാർശ**

2403-00-102-81 - ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വിഹിതം : 16,50,00,000 രൂപ (പദ്ധതി)

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകളുടെ യന്ത്രവൽക്കരണം, തീറ്റ, തീറ്റപ്പുൽ, മരുന്നുകൾ, പാരന്റ് സ്റ്റോക്ക് എന്നിവ വാങ്ങുന്നതിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

**സർക്കാർ സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 136.05 ലക്ഷം രൂപ ലഭ്യമായി.

**ശിപാർശ**

2403-00-102-79 - പ്രത്യേക കന്നുകാലി വികസന പദ്ധതി

വിഹിതം : 12,87,94,000 രൂപ (പദ്ധതിയേതരം)

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**ശിപാർശ**

2403-00-102-78 - R.K.V.Y. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

വിഹിതം : 40,00,00,000 രൂപ (പദ്ധതി)

ഗോവർദ്ധിനി പദ്ധതിയിൽ പുതിയതായി 24,000 പശുക്കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 71)

**സർക്കാർ സ്വീകരിച്ച നടപടി**

ടി ശീർഷകത്തിൽ ധനപുന:വിനിയോഗം മുഖേന (Reappropriation) 183.84 ലക്ഷം രൂപ ലഭ്യമായി.

**ശിപാർശ**

2403-00-103-99 - കോഴിവളർത്തൽ കേന്ദ്രങ്ങൾ

വിഹിതം : 15,59,28,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ വകുപ്പിലെ കോഴിവളർത്തൽ കേന്ദ്രങ്ങളുടെയും സെൻട്രൽ ഹാച്ചറികളുടെയും കെട്ടിട നികുതി അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**<u>ശിപാർശ</u>**

2403-00-103-98 - <u>ഊർജ്ജിത കോഴിവളർത്തൽ വികസന ബ്ലോക്കുകൾ</u>

വിഹിതം : 3,80,000 രൂപ (പദ്ധതിയേതരം)

ഊർജ്ജിത കോഴിവളർത്തൽ കേന്ദ്രത്തിലെ സ്റ്റാഫിനുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വാടക കുടിശ്ശിക എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**<u>ശിപാർശ</u>**

2403-00-103-96 - <u>താറാവുവളർത്തൽ കേന്ദ്രം</u>

വിഹിതം : 1,15,84,000 രൂപ (പദ്ധതിയേതരം)

നിരണത്ത് പ്രവർത്തിക്കുന്ന താറാവ് വളർത്തൽ കേന്ദ്രത്തിന്റെ കെട്ടിട നികുതി ഒടുക്കുന്നതിനായി ഈ ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

**<u>സർക്കാർ സ്വീകരിച്ച നടപടി</u>**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**<u>ശിപാർശ</u>**

2403-00-105-99 - <u>പന്നിവളർത്തൽ വികസന പദ്ധതി</u>

വിഹിതം : 2,20,46,000 രൂപ (പദ്ധതിയേതരം)

പന്നിവളർത്തൽ വികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ

50,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**ശിപാർശ**

2403-00-108-97 - സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

വിഹിതം : 5,00,00,000 രൂപ (പദ്ധതി)

ഗോസമൃദ്ധി പദ്ധതിയിൽ കൂടുതൽ കന്നുകാലികളെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1.7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 76)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

**ശിപാർശ**

2403-00-113-98 - സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ

വിഹിതം : 1,96,53,000 രൂപ (പദ്ധതിയേതരം)

മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ 2.3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 77)

**സർക്കാർ സ്വീകരിച്ച നടപടി**

അനുവദിച്ചിരുന്ന തുക പൂർണമായും വിനിയോഗിച്ചു. അധിക തുക ലഭ്യമായിട്ടില്ല.

[21.11.2022 & 15.09.2022 തീയതികളിലെ അഗ്രി ഐ.എഫ്1/202/2021-അഗ്രി നമ്പർ കത്തുകൾ മുഖേന ലഭിച്ച ഖണ്ഡികകൾ 16, 20, 49, 51, 57 മേലുള്ള കാലതാമസ പത്രിക 06.12.2022-ലും 13.02.2023 & 26.08.2022 തീയതികളിലെ PPM-CELL/406/202-AGRI നമ്പർ കത്തുകൾ മുഖേന ലഭിച്ച 11, 26, 29, 42, 43, 44 എന്നീ ഖണ്ഡികകളിന്മേലുള്ള കാലതാമസ പത്രിക 15.03.2023-ലും 09.05.2023-ലെ ജി1/147/2021/എ.എച്ച് നമ്പർ കത്ത് പ്രകാരം ലഭിച്ച 58-77 ഖണ്ഡികകളിന്മേലുള്ള കാലതാമസ പത്രിക 09.08.2023-ലും കത്ത് നമ്പർ അഗ്രി-പി.ബി2/243/2021 തീയതി 13.11.2023 മുഖേന ലഭിച്ച 5, 7, 18, 19, 21, 25, 28, 50 ഖണ്ഡികകളിന്മേലുള്ള കാലതാമസപത്രിക 30.01.2024-നം സഭയിൽ സമർപ്പിച്ചു.]

## 3. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

### ശിപാർശ

2401-00-109-84-കാർഷിക വിജ്ഞാനവും വ്യാപനവും

വിഹിതം: 5,00,00,000/-രൂപ (പദ്ധതി)

ഫാം ഇൻഫർമേഷൻ ബ്യൂറോ, കേരള കർഷകൻ മാസിക എന്നിവയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനായി 1.705 കോടിയും, മീഡിയ ലൈസൻ എന്ന ഘടകത്തിൽ, പരസ്യ അനുബന്ധ ചെലവുകൾക്കായി 73 ലക്ഷം രൂപയും ആലപ്പുഴയിൽ പുതുതായി സ്ഥാപിക്കുന്ന കമ്മ്യൂണിറ്റി റേഡിയോസ്റ്റേഷന്റെ പ്രവർത്തനങ്ങൾക്കായി 15 ലക്ഷം രൂപയും തൃശ്ശൂരിൽ പുതുതായി സ്ഥാപിക്കുന്ന ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പുതിയ മേഖല ഓഫീസിന്റെ സ്ഥാപനചെലവുകൾക്കായി 26.4 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 2.85 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

### സർക്കാർ സ്വീകരിച്ച നടപടി

കാർഷിക വിജ്ഞാനവും വ്യാപനവും എന്ന പദ്ധതിയ്ക്കായി അധികമായി 2.85 കോടി രൂപ അധിക ധനാനുമതിയിലൂടെ വകയിരുത്തുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ, സർക്കാർ Expenditure

status-ന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ നിന്നും മതിയായ ഫണ്ട് നിലവിൽ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ അധിക ധനാനുമതിയുടെ ആവശ്യമില്ലെന്ന് കണ്ടതിനാൽ അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-113-83-കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും

വിഹിതം : 18,10,00,000 രൂപ (പദ്ധതി)

എൻ.ഇ.ജി.പി.യിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയത്തിനായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

**സർക്കാർ സ്വീകരിച്ച നടപടി**

കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും എന്ന പദ്ധതിക്കായി അധികതുക വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം ഉപധനാഭ്യർത്ഥന വഴി 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക അനുവദിച്ചിട്ടില്ല.

**ശിപാർശ**

2401-00-800-28-മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും

വിഹിതം :29,33,00,000 രൂപ (പദ്ധതി)

പ്രളയാനന്തര കേരളത്തിലെ കാർഷികമേഖലയുടെ പുനരുജ്ജിവനത്തിനായി മണ്ണിൽ കുമ്മായ വസ്തുക്കൾ ചേർക്കുക എന്ന ഘടകത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.31 കോടി രൂപ ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

## സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം പ്രളയാനന്തര കേരളത്തിലെ കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത വർദ്ധിപ്പിക്കലും എന്ന പദ്ധതിയിലെ മണ്ണിൽ കുമ്മായ വസ്തുക്കൾ ചേർക്കുക എന്ന ഘടകത്തിനായി ഉപധനാഭ്യർത്ഥന മുഖേന 8.31 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല. എന്നാൽ ആലപ്പുഴ കുട്ടനാട്ടിലെ പാടശേഖരങ്ങളിൽ അമ്ലത വർദ്ധിച്ച് കൃഷിയ്ക്ക് ഹാനീകരമായി മാറിയ സാഹചര്യത്തിൽ 4009.097 ഹെക്ടർ സ്ഥലത്തേക്ക് കുമ്മായ വിതരണം ചെയ്യുന്നതിനായി 216.5 ലക്ഷം രൂപ കൂടി അധിക ധനാനുമതി മുഖേന അനുവദിച്ചിരുന്നു.

## ശിപാർശ

2408-02-190-98 - <u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർ വൽക്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം</u>

വിഹിതം: 75,00,000/- രൂപ (പദ്ധതി)

കമ്പ്യൂട്ടറൈസേഷനും നൂതന സാങ്കേതിക വിദ്യാവികസനത്തിനുമായി വെയർഹൗസിംഗ് കോർപ്പറേഷന് ധനസഹായമായി ബജറ്റിൽ വകയിരു ത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 68 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്ത ണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

## സർക്കാർ സ്വീകരിച്ച നടപടി

നടപ്പ് വർഷത്തെ ബജറ്റ് വിഹിതത്തിൽ മിച്ചം അവശേഷിക്കുന്നതിനാലും വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്തും 2408-02-190-98 എന്ന ശീർഷകത്തിലെ ചെലവ് നടപ്പുവർഷത്തെ വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുണ്ട്. അതിനാൽ അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

4408-02-190-99 - കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽ മുടക്ക്
വിഹിതം: 50,00,000/- രൂപ (പദ്ധതി)

2013-14, 2014-15, 2015-16, 2016-17, 2018-19 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ സംസ്ഥാന സർക്കാർ വകയിരുത്തിയ ഓഹരി മൂലധനം 2 കോടി രൂപയും (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ 1255 MT സംഭരണ ശേഷിയുള്ള ഗോഡൗണിന്റെ നിർമ്മാണത്തിനായും ആകെ 2.5 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

## സർക്കാർ സ്വീകരിച്ച നടപടി

നടപ്പു വർഷത്തെ ബജറ്റ് വിഹിതത്തിൽ മിച്ചം അവശേഷിക്കുന്നതിനാലും വിഭവ ലഭ്യതയുടെ പരിമിതി കണക്കിലെടുത്തും 4408-02-190-99 എന്ന ശീർഷകത്തിലെ ചെലവ് നടപ്പുവർഷത്തെ വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുണ്ട്. അതിനാൽ അധികമായി തുക അനുവദിക്കുകയുണ്ടായില്ല.

## ശിപാർശ

സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സബ്സിഡൈസ്ഡ് നിരക്കിൽ ഗോഡൗണുകൾ നൽകുന്നതുമൂലം വെയർഹൗസിംഗ് കോർപ്പറേഷന് പ്രതിവർഷം ഏകദേശം 4 കോടി രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വരുമാന നഷ്ടം നികത്തുന്നതിനും വിരമിച്ച ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളുടെ കുടിശ്ശിക തുക കൊടുത്തുതീർത്ത് കോടതിയലക്ഷ്യ കേസുകൾ ഒഴിവാക്കുന്നതിനു മായി "New Service Procedure" പ്രകാരം പുതിയ ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിച്ച് 50 കോടി രൂപ

ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

## സർക്കാർ സ്വീകരിച്ച നടപടി

തനത് വരുമാന സ്രോതസ്സുകൾ ശക്തിപ്പെടുത്തി വരുമാന നഷ്ടം നികത്തുകയും ഭരണപരമായ ചെലവുകൾക്കു സ്വയം വിഹിതം കണ്ടെത്തുകയും ചെയ്യേണ്ടതുള്ളതിനാൽ പുതിയ ശീർഷകം അനുവദിച്ചിട്ടില്ല.

## ശിപാർശ

തീരദേശ ലേലത്തിൽ പങ്കെടുക്കുകയും സംഘത്തിൽ സമ്പാദ്യം അടയ്ക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ലേലത്തിന്റെ 0.5% തുക ബോണസ് ആയി നൽകുന്നതിന് കഴിഞ്ഞ ബഡ്ജറ്റിലുള്ള ശീർഷകം 2405-00-103-83 പുന:സ്ഥാപിച്ച് 2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

## സർക്കാർ സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തിൽ മത്സ്യ ലേലത്തിന്റെയും മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യത്തിന്റെയും അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ് പദ്ധതി നടപ്പാക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ 522.83 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുക അനുവദിക്കുകയുണ്ടായില്ല.

[26.09.2022-ലെ അഗ്രി. ഐ.എഫ്.എ 1/202/2021-അഗ്രി നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡികകൾ 15, 22 എന്നിവയിന്മേലുള്ള കാലതാമസപത്രിക 06.12.2022-നും 15.05.2023-ലെ AGRI-PU2/199/2019-AGRI നമ്പർ കത്ത് മുഖേന ലഭിച്ച ഖണ്ഡിക 33, 34, 37 എന്നിവയിന്മേലുള്ള കാലതാമസപത്രിക 09.08.2023-നും 04.09.2023-ലെ AGRI-EB2/32/2020-AGRI നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 12-ന്മേലുള്ള കാലതാമസപത്രിക 30.01.2024-നും 17.03.2021 തീയതിയിലെ

ബി1/181/2019/മഉവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ഖണ്ഡിക 95-ന്മേലുള്ള കാലതാമസപത്രിക 10.06.2021-നും സഭയിൽ സമർപ്പിച്ചു.]

## അദ്ധ്യായം VII

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശവും**

**1. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

### സമിതി ആവശ്യപ്പെട്ട അധിക വിവരം

കൃഷിയും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 'പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 77-ാം ഖണ്ഡികയിന്മേൽ റവന്യൂ (പി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 23.07.2020-ലെ സമിതി പരിശോധിക്കുകയും ആയതിന്മേലുള്ള പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി കയ്യേറിയ സ്ഥലങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി, പഞ്ചായത്തുമായി സഹകരിച്ച് റവന്യൂ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച 'സർവ്വേ സെൽ'-ന്റെ പ്രവർത്തനങ്ങൾക്കായി അതത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാന ഉന്നതതല സമിതിയിൽ തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിന്റെ വിശദാംശം അധിക വിവരമായി ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിച്ചു.

### സ്വീകരിച്ച നടപടി

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I ന്റെ 'പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ 77-ാം ഖണ്ഡികയിന്മേൽ റവന്യൂ (പി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 23.07.2020-ലെ സമിതി പരിഗണിക്കുകയും ആയതിന്മേലുള്ള പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി സ്ഥലങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുന്നതിനുവേണ്ടി, പഞ്ചായത്തുമായി സഹകരിച്ച് റവന്യൂ വകുപ്പിന്റെ കീഴിൽ

രൂപീകരിച്ച 'സർവ്വേ സെൽ'-ന്റെ പ്രവർത്തനങ്ങൾക്കായി അതത് ജില്ലകളിലെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് സംസ്ഥാന ഉന്നതതല സമിതി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനത്തിന്റെ വിശദാംശം അധിക വിവരമായി ലഭ്യമാക്കുവാൻ റവന്യൂ വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത സർവ്വേസെൽ രൂപീകരിക്കുന്ന വിഷയം ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.06.2022 തീയതിയിൽ ചേർന്ന സംസ്ഥാന ഉന്നതതല സമിതി ചർച്ച ചെയ്യുകയും, 16.11.2022-ലെ സംസ്ഥാന ഉന്നതതല സമിതി മുമ്പാകെ സർവ്വേസെൽ രൂപീകരിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സമിതി അംഗീകരിക്കുകയും ചെയ്തു. ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 15.01.2023-ലെ GO(Rt) No. 249/2023/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പുഴകളുടെയും തോടുകളുടെയും സംരക്ഷണത്തിനായി, ടി ജലസ്രോതസ്സുകളുടെ അതിർത്തി നിർണ്ണയിച്ച്, കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി റവന്യൂ, സർവ്വേ, പോലീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എല്ലാ ജില്ലകളിലും സർവ്വേസെൽ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതാകുന്നു.

**2. " വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ് - കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ" എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്**

**ശിപാർശ**

നിലവിൽ കർഷകർക്ക് ലഭിക്കുന്ന വായ്പയുടെ 4% പലിശ കർഷകരും 5% കേന്ദ്രസർക്കാരുമാണ് വഹിക്കുന്നതെന്നും കർഷകർ വഹിക്കുന്ന 4% പലിശ കൂടി ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകി പൂർണ്ണമായും പലിശരഹിത വായ്പ കർഷകർക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

**സ്വീകരിച്ച നടപടി**

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, കാർഷിക

ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്ന കർഷകരുടെ പലിശ പൂർണമായി ഒഴിവാക്കി, പലിശരഹിതവായ്പയായി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ **'ഉത്തേജന പലിശയിളവ് പദ്ധതി'** സഹകരണ വകുപ്പ് നടപ്പാക്കി വരുന്നു. ഇതനുസരിച്ച് കാർഷിക വായ്പയുടെ 7% പലിശയിൽ 3% നബാർഡ് ജില്ല സഹകരണ ബാങ്ക് വഴിയും 4% സംസ്ഥാന സർക്കാർ ബജറ്റിൽ തുക വകയിരുത്തിയുമാണ് കണ്ടെത്തുന്നത്. 2020-21 വർഷം വരെ 32 കോടി രൂപ ബജറ്റ് വിഹിതമായി 2425-107-72 എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്. സർക്കാർ വകയിരുത്തിയ തുകയിൽ 2015 മാർച്ച് മാസം വരെയുള്ള ക്ലെയിം തുക മാത്രമേ വായ്പകാർക്ക് അനുവദിച്ചു നൽകുവാൻ കഴിഞ്ഞിട്ടുള്ളൂ. 2018-19 വരെ ലഭ്യമായ ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം 178.00 കോടി രൂപ ഇനിയും കർഷകർക്ക് അനുവദിച്ച് നൽകുവാൻ ശേഷിക്കുന്നുണ്ട്. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് പദ്ധതി തുടർന്ന് നടപ്പാക്കുന്നതിനും മേൽ തുക അനുവദിക്കുന്നതിനും സഹകരണ രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

കർഷകർ വഹിക്കുന്ന 4% പലിശ കൂടി സംസ്ഥാന സർക്കാർ നൽകി പൂർണ്ണമായും പലിശരഹിത വായ്പ കർഷകർക്ക് അനുവദിക്കണമെന്ന ശിപാർശ പ്രാഥമിക സഹകരണ കാർഷിക വായ്പ സംഘങ്ങൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകളിൽ **'ഉത്തേജന പലിശയിളവ് പദ്ധതി'** പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഇപ്രകാരം സർക്കാർ ചെലവഴിക്കുന്ന തുക സഹകരണ മേഖലയിൽ തന്നെ ലഭ്യമാകുന്നതിനാൽ അത് സഹകരണ മേഖലയുടെ വളർച്ചയ്ക്കും കാർഷിക മേഖലയുടെ ഉന്നമനത്തിനും സഹായകരവുമാണ്. എന്നാൽ, പൊതുമേഖല ബാങ്കുകളിൽ നിന്നുള്ള കാർഷിക വായ്പകൾക്ക് കൂടി 4% പലിശ സംസ്ഥാന സർക്കാർ നൽകുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്തുള്ള നയപരമായ തീരുമാനം ആവശ്യമാണ്.

**3. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന പദ്ധതികൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

**സമിതി ആവശ്യപ്പെട്ട അധികവിവരം**

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന പദ്ധതികൾ എന്ന സമിതിയുടെ സ്പെഷ്യൽ റിപ്പോർട്ടിന്മേലുള്ള 01.08.2018-ലെ സമിതിയോഗം ചർച്ച നടത്തുകയും പാൽ, മാംസം, മുട്ട, മത്സ്യം, പച്ചക്കറികൾ എന്നിവയിലെ വിഷാംശം പരിശോധിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ നിയമത്തിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും ചേർന്ന് തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**സ്വീകരിച്ച നടപടി**

ഫുഡ് സേഫ്റ്റി ഓഫീസറുടെ അധികാരം ക്ഷീരവികസനം, മൃഗസംരക്ഷണം, കൃഷി, മത്സ്യബന്ധനം എന്നീ വകുപ്പുകളിലെ നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥർക്ക് കൂടി നൽകണമെങ്കിൽ ടി ഉദ്യോഗസ്ഥരെ ഭക്ഷ്യ സുരക്ഷാ വകുപ്പിലേക്ക് പുനർ വിന്യസിയ്ക്കുകയോ തസ്തിക സൃഷ്ടിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിയ്ക്കുകയോ ചെയ്യേണ്ടതുണ്ട്. അതിനാൽ പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരികയാണെന്ന വിവരം അറിയിക്കുന്നു.

**പി. പ്രസാദ്**
ചെയർമാൻ
സബ്ജക്ട് കമ്മിറ്റി I.

തിരുവനന്തപുരം,
2024 ജൂലൈ 4

## അനുബന്ധം

## 24.05.2023-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2023 മെയ് മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ.പി.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണി പങ്കെടുത്തു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
2. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

**വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുത്ത അംഗം :**

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. എസ്. സുനിൽ കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. പ്രണബ്ജ്യോതി നാഥ്, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ് & ക്ഷീരവികസന വകുപ്പ്
2. ശ്രീ. കെ.എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
3. ശ്രീമതി ജെസ്സി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
4. ശ്രീമതി രഹന വി.എം. അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി മേരി ലാലി സി.വി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്
7. ശ്രീ. രാജേഷ് ജി., ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
8. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
9. ശ്രീമതി ശാലിനി കെ.ജെ., ജോയിന്റ് സെക്രട്ടറി (എ.എച്ച്& ഡയറി), കൃഷി വകുപ്പ്.
10. ഡോ. ബെറിൻ പത്രോസ്, ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടേറ്റ് ഓഫ് പ്ലാനിംഗ്
11. ഡോ. സി. ലത, ഡയറക്ടർ (അക്കാഡമിക് & റിസർച്ച്) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
12. ശ്രീമതി ബീന ലക്ഷ്മണൻ, ഡയറക്ടർ, പി.പി.എം. സെൽ
13. ശ്രീമതി ജോമോൻ കെ. ജോർജ്ജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
14. ശ്രീ. സുനിൽ കുമാർ ആർ., അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
15. ഡോ. കെ. സിന്ധു, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
16. ശ്രീമതി ഓമന പി., അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ ഡയറക്ടറേറ്റ്
17. ശ്രീ. ജോർജ്ജ് ഫിലിപ്പ്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
18. ഡോ. കെ. കെ. ബേബി, ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
19. ശ്രീ. സലീം എച്ച്., ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
20. ശ്രീമതി ശാലിനി ഗോപിനാഥ്, ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്), ക്ഷീരവികസന വകുപ്പ്

21. ശ്രീമതി അന്ന എസ്. നായർ, അസിസ്റ്റന്റ് കമ്മീഷണർ, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്
22. ശ്രീ. സന്തോഷ് കുമാർ എസ്. ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്
23. ശ്രീ. അനിൽ കുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
24. ശ്രീ. കോശി കെ. അലക്സ്., ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ക്ഷീര വികസന വകുപ്പ്.
25. ശ്രീ. സുഭാഷ് ടി.വി., രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
26. ശ്രീമതി ജ്യോതി പ്രസാദ് ആർ., അഡീഷണൽ രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
27. ശ്രീ. ചന്ദ്രൻ വി., കംപ്ട്രോളർ, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി
28. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ
29. ഡോ. എ.എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ
30. ശ്രീ. എസ്. അനിൽ ദാസ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ
31. ഡോ. ആർ. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
32. ഡോ. എസ്. ശിവപ്രസാദ്, മാനേജർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ
33. ശ്രീ. ഹരി കുമാർ, ജോയിന്റ് ഡയറക്ടർ, പി.പി.എം. സെൽ
34. ശ്രീമതി ഷീബ തോമസ്, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി വകുപ്പ്
35. ശ്രീ. അജിത്. സി, അസിസ്റ്റന്റ് ഡയറക്ടർ, (പ്ലാനിംഗ്), കൃഷി വകുപ്പ്
36. ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
37. ശ്രീമതി പ്രിയ വി.പി., അസിസ്റ്റന്റ് ഡയറക്ടർ (സോയിൽ കൺസർവേഷൻ), ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
38. ശ്രീ. ഫഹദ് എം., അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
39. ഡോ. ഷാജിൽ., അസിസ്റ്റന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

40. ഡോ. ഗണേഷ് ജി., വെറ്ററിനറി സർജൻ, മൃഗസംരക്ഷണ വകുപ്പ്

41. ശ്രീ. അഭിലാഷ് എസ്. അണ്ടർ സെക്രട്ടറി, മൃഗസംരക്ഷണ (ഇ) വകുപ്പ്

42. ശ്രീ. ഷെഹൻ ഷാ, അണ്ടർ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ടുമെന്റ്

43. ഡോ. കെ. ലാലു., അസോസിയേറ്റ് പ്രൊഫസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

44. ശ്രീ. എസ്. രാജു., സീനിയർ ഫിനാൻസ് ഓഫീസർ, മത്സ്യബന്ധന വകുപ്പ്

45. ശ്രീമതി ഹസീന ബീഗം എ., സീനിയർ അക്കൗണ്ട്സ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്

46. ശ്രീ. ബാബു എം.ജെ., ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

47. ശ്രീ. മനോജ് ടി. ആർ., ജോയിന്റ് ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

48. ശ്രീ. കെ. ടി. രാഘവൻ, ലെയ്സൺ ഓഫീസർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ

49. ശ്രീ. സുജിത് എസ്.എസ്., ലെയ്സൺ ഓഫീസർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ

50. ഡോ. സൂരാജ് പി. ടി., കൺവീനർ (മോണിറ്ററിംഗ് ആൻഡ് ഇവാലുവേഷൻ സെൽ) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട കാലതാമസ പത്രികകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ചർച്ചയുടെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നു.

## I. സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ വിവിധ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകൾ

## 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട് - തുടർ നടപടി സംബന്ധിച്ച്

**(ഫയൽ നം. 13092/സബ്.സി.സി.2/2022/നി.സെ.)**

കൃഷി (ഫാംസ്) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 2, 62 എന്നിവയിലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കൃഷി (ഇ.ബി.) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 63, 65 എന്നിവയിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

## 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ട് - തുടർ നടപടി സംബന്ധിച്ച്

**(ഫയൽ നം. 12385/സബ്.സി.സി.2/2021/നി.സെ.)**

അഗ്രി (ഐ.എഫ്.എ.) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 16, 20, 49, 51, 57 എന്നിവയിലെ ശുപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

കൃഷി (പി.പി.എം.) സെൽ ലഭ്യമാക്കിയ ഖണ്ഡിക 11,26,29,42,43,44 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

കൃഷി (പി.യു.) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 22,54,55,56 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

**2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട് - തുടർ നടപടി സംബന്ധിച്ച്**

**(ഫയൽ നം. 3054/സബ്.സി.സി.2/2019/നി.സെ.)**

കൃഷി (ഐ.എഫ്.എ.) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 15,22 എന്നിവയിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

**2015-16-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട് - തുടർ നടപടി സംബന്ധിച്ച്**

**(ഫയൽ നം. 4699/സബ്.സി.സി.2/2015/നി.സെ.)**

കൃഷി (പി.യു.) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 22-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

**II. സമിതിയിൽ സമർപ്പിച്ച, വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം നേരിട്ടതിന്മേലുള്ള കാലതാമസ പത്രികകൾ**

| ക്രമ നം. | സ്ഥാപനത്തിന്റെ/വകുപ്പിന്റെ പേര് | വർഷം |
|---|---|---|
| 1. | മത്സ്യബന്ധന തുറമുഖ (പി.എസ്.) വകുപ്പ്<br>(ഫയൽ നം. 1863/സബ്.സി.സി.2/2021/നി.സെ.) | 2020-21 |
| 2. | കേരള കാർഷിക സർവ്വകലാശാല<br>(ഫയൽ നം. 163/സബ്.സി.സി.2/2019/നി.സെ.) | 2018-19 |

**III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയലുകൾ**

**1) മൃഗസംരക്ഷണ വകുപ്പിലെ ചിക് സെക്സർ തസ്തികയിലെ സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച്**

**(ഫയൽ നം. 3860/സബ്.സി.സി.2/2023/നി.സെ.)**

മൃഗസംരക്ഷണ വകുപ്പിലെ ചിക് സെക്സർ തസ്തികയിലെ നിയമനത്തിനുള്ള ഒന്നാമത്തെ യോഗ്യതയായ VHSC in Live Stock Management with Poultry Husbandary as a special subject-ന് തത്തുല്യത പറയുന്നില്ലെന്നും 07.05.2015-ലെ ഉത്തരവ് പ്രകാരം Live Stock Management (Poultry Husbandary), Live

Stock Management (Diary Management) എന്നീ VHSC കോഴ്സുകൾ 2015-16 അക്കാദമിക് വർഷം മുതൽ ഏകീകരിച്ച് Live Stock Management എന്ന ഒറ്റ കോഴ്സ് ആയി restructure ചെയ്തിട്ടുണ്ടെന്നും ആയതിനാൽ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള യോഗ്യതയായ VHSC Live Stock Management with Poultry Husbandary as special subject-ന് തുല്യമായി VHSC Live Stock Management എന്ന യോഗ്യത കൂടി ഉൾപ്പെടുത്തുവാൻ ബഹു. പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതിനാലും 2015-ന് ശേഷം നിലവിലെ സ്പെഷ്യൽ റൂളിൽ പറയുന്ന യോഗ്യതാ കോഴ്സ് നടത്തുന്നില്ലാത്തതിനാലും VHSC Live Stock Management എന്ന യോഗ്യത കൂടി ചിക് സെക്സർ തസ്തികയുടെ ഒന്നാം യോഗ്യത ആയി ഉൾപ്പെടുത്തി സ്പെഷ്യൽ റൂളിൽ ആവശ്യമായ മാറ്റം വരുത്തുവാൻ ആവശ്യപ്പെട്ട് മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ കത്ത് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**2) <u>ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിലെ നിയമന യോഗ്യത സംബന്ധിച്ച്</u>**

**(ഫയൽ നം. 5641/സബ്.സി.സി.2/2014/നി.സെ.)**

മൃഗസംരക്ഷണ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-11-ന്റെ യോഗ്യതയായി ഉൾപ്പെടുത്തിയിരുന്ന ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ, ഡയറി ഡിപ്ലോമ പ്രോഗ്രാം, ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക്സ് എന്നീ മൂന്ന് യോഗ്യതകളിൽ ഡയറി ഡിപ്ലോമ കോഴ്സ്, ഡിപ്ലോമ ഇൻ പൗൾട്രി പ്രൊഡക്ഷൻ എന്നിവ സമിതിയുടെ അനുമതി കൂടാതെ ഒഴിവാക്കി ഡിപ്ലോമ ഇൻ ലബോറട്ടറി ടെക്നിക് എന്നത് മാത്രം ഉൾപ്പെടുത്തിയത് സംബന്ധിച്ച് സമിതി 18.07.2022-ന് വിശദീകരണം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണ കുറിപ്പ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**3) <u>കേരളത്തിൽ കുളമ്പു രോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് 22.06.2021-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടി സംബന്ധിച്ച്</u>**

**(ഫയൽ നം. 10783/സബ്.സി.സി.2/2021/നി.സെ.)**

ഇതരസംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റുകൾ വഴിയല്ലാതെ ഊടു വഴികളിലൂടെ ധാരാളമായി കന്നുകാലികളെ കടത്തികൊണ്ടുവരുന്നുണ്ടെന്ന പരാതി സെലക്ട് കമ്മിറ്റിയുടെ പാലക്കാട് സന്ദർശനവേളയിൽ ഉന്നയിക്കപ്പെട്ടിരുന്നുവെന്നും ഇത് തടയാനുള്ള സംവിധാനങ്ങൾ നിലവിൽ ഇല്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടപ്പോൾ ഇതരസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിച്ച് അവയ്ക്ക് ക്വാറന്റൈൻ സംവിധാനം ഉൾപ്പെടെ ഏർപ്പെടുത്തുന്നതിനായി കേരളത്തിലെ ചെക്ക് പോസ്റ്റുകൾ ഉപയോഗപ്രദമാക്കുന്നതിന് നികുതി വകുപ്പിൽ നിന്നും അംഗീകാരം ലഭിച്ചിട്ടില്ലെന്നും ആയത് ലഭിക്കുകയാണെങ്കിൽ പരമാവധി പ്രയോജനപ്പെടുത്താനാകുമെന്നും പ്രസ്തുത വിഷയത്തിൽ ധനപരമായ വിഷയം ഉൾക്കൊള്ളാത്തതിനാൽ ധനകാര്യ വകുപ്പിന് പ്രത്യേക അഭിപ്രായമില്ലായെന്ന് അറിയിച്ചിട്ടുണ്ടെന്നും ചെക്ക് പോസ്റ്റുകളില്ലാത്ത പ്രദേശത്ത് പോലീസിനെ ഉപയോഗിച്ച് നിയന്ത്രിക്കാനാണ് നിലവിൽ തീരുമാനമെടുത്തിട്ടുള്ളതെന്നും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി യോഗത്തിൽ അറിയിച്ചു.

കേരളത്തിൽ കുളമ്പുരോഗം വർദ്ധിക്കുന്നതുമായി ബന്ധപ്പെട്ട് 22.06.2021-ലെ സമിതി യോഗം ആവശ്യപ്പെട്ട അധികവിവരത്തിന്മേൽ ധനപരമായ വിഷയം ഉൾക്കൊള്ളാത്തതിനാൽ ഇക്കാര്യത്തിൽ പ്രത്യേകിച്ച് അഭിപ്രായമില്ലെന്ന ധനകാര്യ വകുപ്പിന്റെ മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**4) <u>പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്- സർവ്വേ സെൽ രൂപീകരിക്കുന്നത് സംബന്ധിച്ച്</u>**

**(ഫയൽ നമ്പർ 5946/ സബ്.സി.സി2/2023/നി.സെ.)**

പാലക്കാട് ജില്ലയിൽ മാത്രമല്ല സംസ്ഥാനത്ത് എല്ലായിടങ്ങളിലും ശ്രദ്ധിക്കേണ്ട വിഷയമാണിതെന്നും പുഴകളും തോടുകളും സംരക്ഷിക്കുന്നതിന് മുൻഗണന പട്ടിക തയ്യാറാക്കേണ്ടതാണെന്നും സമിതി അംഗം അഭിപ്രായപ്പെട്ടതിന് സംസ്ഥാനത്തൊട്ടാകെ ബാധകമാക്കിക്കൊണ്ടാണ് ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് സമിതി ചെയർമാൻ ബഹു. കൃഷി വകുപ്പ് മന്ത്രി വ്യക്തമാക്കി.

പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ടിലെ സർവ്വേ സെൽ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന 'പ്രതിമാസ യോഗ'ത്തിന്റെ വിശദാംശം ലഭ്യമാക്കുവാനും പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിൽ, സർവ്വേ സെൽ രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിൽ ആയതുമായി ബന്ധപ്പെട്ട തസ്തികകളിൽ മാറ്റം വരുത്തി ഉത്തരവ് ഭേദഗതി ചെയ്ത് സമർപ്പിക്കുവാനും സമിതി നിർദ്ദേശിച്ചു.

**5) <u>വെള്ളപ്പൊക്ക പുനരധിവാസ പാക്കേജ്-കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും മേഖലയിൽ ചട്ടം 235(എ) പ്രകാരമുള്ള യോഗം - റിപ്പോർട്ടിലെ ഖണ്ഡിക 29-ലെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>**

**(ഫയൽ നമ്പർ 5473/ സബ്.സി.സി2/2018/നി.സെ.)**

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 29-ലെ ശുപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് ലഭിക്കുന്നതിനായി മൂന്ന് വർഷത്തോളം കാലതാമസം നേരിട്ടുവെന്നും ഇത്രയും കാലതാമസം വരുത്തിയത് ശരിയായ നടപടിയല്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. യോഗ ദിവസം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

വളരെയധികം പഴക്കമുള്ള വിഷയങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകളാണ് സമിതിയുടെ പരിഗണനയ്ക്ക് ലഭിക്കുന്നതെന്നും ആയത് പരിഗണിക്കുന്നത് അപ്രസക്തമാണെന്നും സമിതി ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടുകൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. സമിതി (2021-23) നിലവിൽ വന്നതിനുശേഷം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടുകളിൽ മറുപടി ലഭിച്ചിട്ടുള്ളവ സംബന്ധിച്ചും ഇനിയും റിപ്പോർട്ട് ലഭ്യമാക്കാത്ത വകുപ്പുകളെ സംബന്ധിച്ചുമുള്ള ലിസ്റ്റ് തയ്യാറാക്കണമെന്നും കാലതാമസം വരുത്തിയിട്ടുള്ള വകുപ്പുകളോട് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടണമെന്നും സമിതി നിർദ്ദേശിച്ചു. ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

**6) <u>കന്നുകാലി സമ്പത്തിന്റെ ആരോഗ്യസംരക്ഷണം, വർഗ്ഗോദ്ധാരണ പരിപാടികൾ, പാൽ, മാംസം , മുട്ട എന്നിവയുടെ ഉല്പാദനവുമായി ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ എന്ന വിഷയം സംബന്ധിച്ച് നിലവിൽ മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>**

**(ഫയൽ നമ്പർ 4235/ സബ്.സി.സി2/2017/നി.സെ.)**

പ്രസ്തുത വിഷയത്തിന്മേൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി ആയത് അംഗീകരിച്ചു.

യോഗം രാവിലെ 11.45-ന് അവസാനിച്ചു.

**<u>08.08.2023-ലെ യോഗനടപടികുറിപ്പ്</u>**

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2023 ആഗസ്റ്റ് 8-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനു ശേഷം വൈകുന്നേരം 5 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ.പി.പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണി സന്നിഹിതയായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ.അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ.പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.
3. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
4. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
5. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
6. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
7. ശ്രീ. എ. വിൻസെന്റ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീമതി ശാലിനി കെ. ജെ., ജോയിന്റ് സെക്രട്ടറി , കൃഷി വകുപ്പ്.
2. ശ്രീമതി ബിന്ദു സി. ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി ജിജ സി. കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി, ക്ഷീര വികസന വകുപ്പ്.
4. ശ്രീമതി രജിത ആർ., ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ്.
5. ശ്രീ. പി. പി. ബിന്ദുമോൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഡയറി ഫാം വെൽഫയർ ബോർഡ്.
6. ശ്രീമതി ശ്രീലേഖ പി. കെ., സീനിയർ ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ക്ഷീര വികസന വകുപ്പ് (കോ ഓപ്പറേഷൻ).
7. ശ്രീമതി വി. ആർ. മീര, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, കേരള ഡയറി ഫാം വെൽഫയർ ഫണ്ട്.
8. ശ്രീമതി അപർണ്ണ എസ്., ലീഗൽ അസിസ്റ്റന്റ് , നിയമ വകുപ്പ്.

സമിതി 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണിക്കുകയും ചുവടെ പറഞ്ഞിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## തത്വപ്രഖ്യാപന വാക്യം

തത്വപ്രഖ്യാപന വാക്യത്തിൽ 'എഴുപത്തിമൂന്നാം' എന്ന വാക്കിന് പകരം 'എഴുപത്തിനാലാം' എന്ന് ചേർക്കുക.

## ഖണ്ഡം 3

ഖണ്ഡം 3ൽ (ii) ഇനത്തെ (iii) ഇനമായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത (iii) ഇനത്തിന് മുമ്പായി താഴെപറയുന്ന ഇനം കൂട്ടിചേർക്കുകയും ചെയ്യുക

(ii) (ഡി) ഖണ്ഡത്തിൽ 'ഒരു വർഷത്തിൽ ഏറ്റവും കുറഞ്ഞത് 500 ലിറ്റർ പാൽ വിപണനം നടത്തുകയും' എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "പാൽ കൊടുക്കുകയും " എന്നീ വാക്കുകൾ ചേർക്കുക.

## ഖണ്ഡം 5

**1.** ഇനം (1)ൽ 'ഓൺലൈനായി' എന്ന വാക്കിനു പകരം "നിർദ്ദിഷ്ട ഫാറത്തിൽ നേരിട്ടോ അല്ലെങ്കിൽ ഓൺലൈനായോ" എന്നീ വാക്കുകൾ ചേർക്കുക

2. ഇനം (ii)ൽ 'മുപ്പത് ദിവസത്തിനകം ഓൺലൈൻ സംവിധാനത്തിലൂടെ' എന്നീ വാക്കുകൾക്ക് പകരം "ഏഴ് ദിവസത്തിനകം ഓൺലൈനായോ അല്ലെങ്കിൽ രേഖാമൂലമോ" എന്നീ വാക്കുകൾ ചേർക്കുക

## ഖണ്ഡം 7

1. 'പതിനഞ്ച്' എന്ന വാക്കിന് പകരം 'പതിനാറ്' എന്ന വാക്ക് ചേർക്കുക.

2. (ഐ) ഇനത്തിലെ മിൽമാ ചെയർമാൻ (എക്സ്-ഒഫീഷ്യോ) എന്നതിന് ശേഷമുള്ള '.'ചിഹ്നത്തിന് പകരം ' ; ' ചിഹ്നം ചേർക്കുകയും ആയതിന് ശേഷമുള്ള ' ,,' , '.' എന്നീ ചിഹ്നങ്ങൾ വിട്ടുകളയുകയും ചെയ്യുക. പ്രസ്തുത ഇനത്തിന് ശേഷം താഴെ പറയുന്ന ഇനം ചേർക്കുക.

“ (ജെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു കർഷക പ്രതിനിധി ".

## ഖണ്ഡം 9

**(1)** "ചുമതലപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും " എന്നീ വാക്കുകൾക്ക് പകരം "സംഘം സെക്രട്ടറിയിൽ നിന്നും" എന്നീ വാക്കുകളും "പതിനെട്ട്"എന്ന വാക്കിനു പകരം " പന്ത്രണ്ട്" എന്ന വാക്കും ചേർക്കുക.

(2) ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

## ഖണ്ഡം 10

ഖണ്ഡം -10 വിട്ടുകളയുക

ക്ഷീര കർഷകർക്ക് നൽകുന്ന പെൻഷൻ അനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുവാൻ സാധിക്കുന്നില്ല, മറ്റ് ക്ഷേമനിധി ബോർഡുകൾ അംശദായമായി പിടിക്കുന്ന തുക റിട്ടയർമെന്റ് ആനുകൂല്യമായി തിരികെ നൽകുമ്പോൾ ക്ഷീര കർഷക ക്ഷേമനിധിയിൽ അടയ്ക്കുന്ന തുക തിരികെ നൽകുന്നില്ല, ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടി കൈകൊള്ളൽ, തുടങ്ങിയ വിഷയങ്ങളിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. എം. വിൻസെന്റ്, ശ്രീ. കുറുക്കോളി മൊയ്തീൻ എന്നീ അംഗങ്ങൾ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 5.20-ന് പിരിഞ്ഞു.

## 12.09.2023-ലെ യോഗനടപടികുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2023 സെപ്റ്റംബർ മാസം 12-ാം തീയതി ചൊവ്വാഴ്ച സഭാസമ്മേളനത്തിനു ശേഷം വൈകുന്നേരം 5.55 മണിക്ക് നിയമസഭ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണി പങ്കെടുത്തു.

### ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
4. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
5. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി.
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. അനിൽ കുമാർ ബി, അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. പുനീത് കുമാർ , അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
2. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി , മത്സ്യബന്ധന വകുപ്പ്.
3. ശ്രീ. പ്രണബ് ജ്യോതിനാഥ്, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
4. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
5. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
6. ശ്രീമതി ലതകുമാരി എം. ബി., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്.
7. ഡോ. അദീല അബ്ദുള്ള, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
8. ഡോ. എ. കൗശിഗൻ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് & ക്ഷീരവികസന വകുപ്പ്.
9. ശ്രീ. ആസിഫ് കെ. യൂസഫ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്.
10. ഡോ. ബെറിൻ പത്രോസ്, ഡയറക്ടർ, (പ്ലാനിംഗ്), കേരള കാർഷിക സർവ്വകലാശാല.
11. ഡോ. വിനുജി ഡി. കെ., അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ വകുപ്പ്
12. ശ്രീമതി ശ്രീലു എൻ. എസ്., അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്.
13. ശ്രീമതി ദീപ എസ്., അഡീഷണൽ ഡയറക്ടർ (സോയിൽ സർവ്വേ), സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്.

14. ശ്രീ. ജോമോൻ കെ. ജോർജ്ജ്, ചീഫ് എൻജിനിയർ, ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്
15. ശ്രീ. രാജേഷ് ജി. ആർ., ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
16. ശ്രീമതി ശാലിനി കെ. ജെ. , ജോയിന്റ് സെക്രട്ടറി, കൃഷി (എ. എം. &ഡിഡി) വകുപ്പ്.
17. ശ്രീ. ടി. എസ്. പ്രവീൺ കുമാർ , ഡെപ്യൂട്ടി സെക്രട്ടറി , മത്സ്യബന്ധന വകുപ്പ്.
18. ശ്രീ. കോശി കെ. അലക്സ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ക്ഷീരവികസന വകുപ്പ്
19. ശ്രീ. സന്തോഷ് കുമാർ എസ് , ഡെപ്യൂട്ടി ഡയറക്ടർ , മത്സ്യബന്ധന വകുപ്പ്.
20. ശ്രീമതി ഓമന പി., ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വേ) സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്.
21. ഡോ. ആർ രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്.
22. ഡോ. പി. സെൽവ കുമാർ , മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്ടി വികസന കോപ്പറേഷൻ ലിമിറ്റഡ്.
23. ശ്രീ. ഫഹദ് എം., അസിസ്റ്റന്റ് ഡയറക്ടർ , ക്ഷീരവികസന വകുപ്പ്.
24. ഡോ. ജെ. ബാലചന്ദ്രൻ, അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്.
25. ശ്രീ. മഹേഷ് വി നായിക്, അസിസ്റ്റന്റ് രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി
26. ഡോ. ഗണേശ് ജി, വെറ്ററിനറി സർജൻ (പ്ലാനിംഗ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്.
27. ശ്രീ. സുധീർ എൻ. ജി., മാനേജർ (പ്രോജക്ട്) കേരള ഫീഡ്സ് ലിമിറ്റഡ്.

28. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

29. ഡോ. ജോതിഷ് കുമാർ. വി, ഡെപ്യൂട്ടി ജനറൽ മാനേജർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്.

30. ശ്രീമതി ജയശ്രീ പി. വി, അണ്ടർ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

31. ശ്രീ. ഷിജു ജോസ്, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ ഡയറക്ടറേറ്റ്.

32. ശ്രീ. രാജു. എസ്, സീനിയർ ഫിനാൻസ് ഓഫീസർ, മത്സ്യബന്ധന വകുപ്പ്.

33. ശ്രീ. എ. കെ. ദിനേശൻ, ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

34. ശ്രീ. ബാബു. എം. ജെ., ഫിനാൻസ് ഓഫീസർ, ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.

35. ശ്രീ. കെ. ടി. രാഘവൻ, ലെയ്സൺ ഓഫീസർ & പ്രോജക്ട് കോ-ഓർഡിനേറ്റർ , മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.

സമിതി 2022 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൻ റിപ്പോർട്ട്, സമിതിയുടെ വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകൾ, 2018-19, 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രികകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

I. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ ആനുകാലിക റിപ്പോർട്ടിന്റെ കരട്

(ഫയൽ നം. 13283/സബ്സിസി2/2023/നി സെ)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

II. 2022-2023 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.

(ഫയൽ നം. 13282/സബ്സിസി2/2023/നി സെ)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

III. സമിതിയുടെ വിവിധ കാലയളവിലെ റിപ്പോർട്ടുകളിലെ ശിപാർ-ശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന.

1. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്- തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നം. 3054/ സബ് സി സി2/2019/നിസെ)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 33, 34, 37 എന്നിവയിലെ ശിപാർശകളിന്മേൽ കാലതാമസപത്രിക ഉൾപ്പെടെ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്- തുടർ നടപടികൾ സംബന്ധിച്ച്

(ഫയൽ നം. 12385/ സബ് സി സി2/2021/നിസെ)

പ്രസ്തുത റിപ്പോർട്ടിലെ 58 മുതൽ 67 വരെയും 69 മുതൽ 77 വരെയുമുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ടുകൾ കാലതാമസ പത്രിക സഹിതം സമിതി അംഗീകരിച്ചു.

ഖണ്ഡിക 68-ലെ ശിപാർശയിന്മേലുള്ള മറുപടിയായി പ്രസ്തുത ശീർഷകത്തിൽ 7,43,000 രൂപ ലഭിച്ചിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ജോയിന്റ് സെക്രട്ടറി വ്യക്തമാക്കി. എന്നാൽ പ്രസ്തുത ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികതുക അനുവദിച്ചിട്ടില്ല എന്ന നടപടി സ്റ്റേറ്റ്മെന്റാണ് സമിതിയ്ക്ക് സമർപ്പിച്ചിരുന്നതെന്നും അധിക തുക

ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം സമിതിയെ അറിയിക്കേണ്ടതാണെന്നും ചെയർമാൻ ആവശ്യപ്പെട്ടുകയും റിവൈസ്ഡ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമെന്ന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി മറുപടി നൽകുകയും ചെയ്തു.

3. 2022-23 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സംബന്ധിച്ച്

(ഫയൽ നം. 13092/സബ്സിസി2/2022/നി സെ)

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 17, 44, (കൃഷി (കൃഷി)വകുപ്പ്), 13 (കൃഷി (പി ബി) വകുപ്പ്), 10, 12, 46, 58, 64 (കൃഷി (എൻസിഎ) വകുപ്പ്), 70, 71, 72 (ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്), 119-135, 137-158 (മത്സ്യബന്ധന തുറമുഖ (പി എസ്) വകുപ്പ്) എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക 4</u>

പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ കൃഷി (കൃഷി) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ചു. കേരള കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത തുകയിൽ കുടിശ്ശികയിനത്തിൽ നൽകുവാനുള്ള തുക പൂർണ്ണമായും നൽകുന്നതിനായി 131.68888 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും ബഡ്ജറ്റ് വിഹിതമായ 18.9 കോടി രൂപയ്ക്ക് പുറമേ 16.004 കോടി രൂപ മാത്രമാണ് അധിക ധനാനുമതിയായി അനുവദിച്ചതെന്ന് കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക ആയതിനാൽ ബാക്കി തുക കൂടി അനുവദിക്കണമെന്ന് വീണ്ടും ആവശ്യപ്പെടണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 1, 9, 11, 16, 48, 50, 51, 55, 57, 59 എന്നിവയിൽ സമിതി ശുപാർശ ചെയ്ത തുക അനുവദിക്കണമെന്ന് വീണ്ടും ആവശ്യപ്പെടാൻ സമിതി ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിച്ചു.

94 മതൽ 100 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ മൃഗസംരക്ഷണ (എഫ്) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കവേ പ്രസ്തുത ഖണ്ഡികകളിലെ ശീർഷകങ്ങളിൽ സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടില്ലെന്ന് ബഹു. എക്സ് ഒഫീഷ്യോ അംഗം അഭിപ്രായപ്പെട്ടു. കേരള ഫീഡ്സ് പോലുള്ള സ്ഥാപനങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് നിരീക്ഷിച്ച സമിതി മുൻ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളായതിനാൽ പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷത്തിൽ അനുവദിക്കണമെന്ന് ആവശ്യപ്പെടാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

<u>ഖണ്ഡിക 136</u>

സ്വാശ്രയ കോളേജുകളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുകൂടി വിദ്യാഭ്യാസ ആനുകൂല്യം പുതുതായി നൽകുന്നതിന് 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും അധിക തുക അനുവദിച്ചിട്ടില്ലെന്നും നടപ്പ് വർഷം അനുവദിച്ച തുകയും കൂടി കഴിഞ്ഞ വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി വിനിയോഗിക്കേണ്ടി വന്നതിനാൽ പദ്ധതി, നിലവിൽ 44 കോടി രൂപയുടെ ഡെഫിസിറ്റിൽ തുടരുകയാണെന്നും ആയതിനാൽ നിർബന്ധമായും തുക ലഭ്യമാക്കേണ്ടതാണെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ ബോധിപ്പിച്ചു.

കഴിഞ്ഞ വർഷത്തെ പെൻഡിംഗ് സ്കോളർഷിപ്പ് തുക സംബന്ധിച്ച വിശദാംശം സമിതി അംഗങ്ങൾ ആരാഞ്ഞതിന് മറുപടിയായി 10 കോടി രൂപ ഇനിയും കൊടുത്തു തീർക്കാനുള്ളതായി ഡയറക്ടർ മറുപടി നൽകി. കൂടാതെ സ്കോളർഷിപ്പ് നൽകുന്നതിനായി നടപ്പ് വർഷത്തെ 40 കോടി രൂപയും ഉൾപ്പെടെ 50 കോടി രൂപ ആവശ്യമാണെന്നും ആയത് അനുവദിച്ചാൽ മാത്രമേ പദ്ധതി പ്രതിസന്ധിയില്ലാതെ മുന്നോട്ട് കൊണ്ട് പോകാൻ കഴിയുകയുള്ളൂ എന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

2021 -2022 ലെ കുടിശ്ശിക മുഴുവൻ കൊടുത്തു കഴിഞ്ഞോ എന്ന സമിതി അംഗത്തിന്റെ ചോദ്യത്തിന് പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ എടുക്കുന്ന കുട്ടികൾക്ക് ഏപ്രിൽ, മേയ് മാസങ്ങളിൽ സമയബന്ധിതമായി പ്രസ്തുത

സ്കോളർഷിപ്പ് ലഭ്യമാകുന്നുണ്ടെന്നും എന്നാൽ സാധാരണ സർക്കാർ കോളേജുകളിലോ എയ്ഡഡ് സ്ഥാപനങ്ങളിലോ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക സ്കീം ഇല്ലാത്തതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആഗസ്റ്റ്, ഒക്ടോബർ, നവംബർ മാസങ്ങളിൽ സ്കോളർഷിപ്പിന് അപേക്ഷിക്കുമ്പോൾ ആയത് ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നുവെന്നും അതുമൂലം വർഷങ്ങളോളമുള്ള കാലതാമസം വരുന്നുണ്ടെന്നും നിലവിൽ അവ ഏകദേശം പരിഹരിച്ചു വരികയാണെന്നും ഡിസംബറിനു മുൻപായി (റെഗുലറായി) സ്കോളർഷിപ്പ് നൽകണമെങ്കിൽ ഈ വർഷം 50 കോടി രൂപ ആവശ്യമാണെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ മറുപടി നൽകി. പ്രസ്തുത തുക അനുവദിക്കണമെന്ന് വീണ്ടും ആവശ്യപ്പെടാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദേശിച്ചു.

<u>ഖണ്ഡിക 159, 160, 161</u>

പ്രസ്തുത ഖണ്ഡികകളിൽ സമിതി ശിപാർശ ചെയ്ത പുതിയ ശീർഷകം അനുവദിക്കാത്തതു സംബന്ധിച്ചും പഴയ ശീർഷകം പുനസ്ഥാപിക്കാത്തതു സംബന്ധിച്ചും യോഗത്തിൽ ധനകാര്യ വകുപ്പിന്റെ അസാന്നിദ്ധ്യം ഉണ്ടായതിലും സമിതി അതൃപ്തി രേഖപ്പെടുത്തി.

വിവിധ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള താഴെപ്പറയുന്ന കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(1) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ക്ഷീരവികസന വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രിക.

(ഫയൽ നം. 453/സബ്. സി. സി2/2019/നി. സെ)

(2) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച മൃഗസംരക്ഷണ വകുപ്പിനു കീഴിൽ വരുന്ന കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ് എന്നിവയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രിക.

(ഫയൽ നം. 576/സബ്. സി. സി2/2022/നി. സെ)

(3) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന കാർഷിക സർവ്വകലാശാല, കൃഷി (ഫാംസ്) എന്നിവയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രിക.

(ഫയൽ നം. 453/സബ്. സി. സി2/2020/നി. സെ)

(4) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന കാർഷിക സർവ്വകലാശാല, കൃഷി (ഫാംസ്) എന്നിവയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസ പത്രിക.

(ഫയൽ നം. 1863/സബ്. സി. സി2/2021/നി. സെ)

മുൻ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിന്റെ ഭാഗമായി പല ഹെഡ് ഓഫ് അക്കൗണ്ടിലും പണം അപര്യാപ്തമായതിനാൽ വീണ്ടും തുക ആവശ്യമായി വരുന്നത് കണക്കിലെടുത്ത് കൂടുതൽ തുക അനുവദിക്കുന്ന തരത്തിൽ ബഡ്ജറ്റിൽ ശിപാർശകൾ സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് സമിതി നിർദ്ദേശിച്ചു.

വൈകുന്നേരം 6.35 ന് യോഗം അവസാനിച്ചു.

## 03.01.2024-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2024 ജനുവരി 3-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. മത്സ്യബന്ധനം സാംസ്കാരികം യുവജനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസിംഗിലൂടെ പങ്കെടുത്തു.

**ഹാജരായ അംഗങ്ങൾ :**

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ :**

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
2. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
3. ശ്രീമതി ഹെലീന തോമസ് വി., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി രഹാന വി. എം., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
5. ശ്രീ. അജയകുമാർ കെ. എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. അനിൽ കുമാർ ജി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീമതി ലത എസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
9. ശ്രീമതി ജെസ്സി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
10. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, കൃഷി (മൃഗസംരക്ഷണം) വകുപ്പ്
11. ശ്രീമതി ശാലിനി കെ. ജെ., ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്.
12. ശ്രീമതി ടീന ഭാസ്കരൻ, കമ്മീഷണർ (ഇൻ-ചാർജ്ജ്), ഭൂവിനിയോഗ ബോർഡ്
13. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരളാ ഫീഡ്സ് ലിമിറ്റഡ്
14. ഡോ. ആർ. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
15. ഡോ. പി. സെൽവകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ

16. ഡോ. സലിൽ കുട്ടി, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
17. ശ്രീമതി ശ്രീലു എൻ. എസ്., അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്
18. ശ്രീ. ജോർജ്ജ് ഫിലിപ്പ്, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
19. ശ്രീ. ജേക്കബ് തോമസ്, ജോയിന്റ് കമ്മീഷണർ, ഭക്ഷ്യ സുരക്ഷ വകുപ്പ്
20. ശ്രീ. സലീം എച്ച്., ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
21. ശ്രീ. എം. താജുദ്ദീൻ, ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
22. ശ്രീമതി ശാലിനി ഗോപിനാഥ്, ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്), ക്ഷീരവികസന വകുപ്പ്
23. ഡോ. കെ. ദിനേശ്, രജിസ്ട്രാർ (ഇൻ-ചാർജ്ജ്), കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല
24. ശ്രീ. ഗിരീഷ് കുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ്
25. ശ്രീ. ടി. എസ്. പ്രവീൺ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
26. ശ്രീമതി ദീപ എസ്., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ
27. ഡോ. സോഫിയ എം. ജെ., ഡെപ്യൂട്ടി ഡയറക്ടർ (മറൈൻ), മത്സ്യബന്ധന വകുപ്പ്
28. ശ്രീമതി ഇന്ദു ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി ഡയറക്ടറേറ്റ്
29. ശ്രീ. അജി എസ്., ഡെപ്യൂട്ടി ഡയറക്ടർ, ഭൂവിനിയോഗ ബോർഡ്
30. ശ്രീ. എൻ. ബി. സുധീർ, ഡെപ്യൂട്ടി രജിസ്ട്രാർ, കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല
31. ശ്രീമതി ജ്യോതി എം. പി., എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
32. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ (പേഴ്സണൽ), കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ
33. ശ്രീ. രാജശേഖരൻ കെ. എൻ., മാനേജർ (എഫ് & എ), കേരള ഫീഡ്സ് ലിമിറ്റഡ്
34. ശ്രീ. സുധീർ എൻ. ജി., മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്
35. ശ്രീമതി ആൻ നെപ്പോളിയൻ, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഡയറക്ടറേറ്റ്
36. ശ്രീ. അജിത് സി., അസിസ്റ്റന്റ് ഡയറക്ടർ, കൃഷി (പ്ലാനിംഗ്) വകുപ്പ്
37. ശ്രീ. ഫഹദ് എം., അസിസ്റ്റന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
38. ശ്രീ. മഹേഷ് വി., നായിക്, അസിസ്റ്റന്റ് രജിസ്ട്രാർ, കേരള വെറ്ററിനറി ആൻഡ്

അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

39. ശ്രീമതി ജയശ്രീ പി. എൻ., അണ്ടർ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്

40 ശ്രീമതി സിമി ആന്റണി പി., അണ്ടർ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

41. ശ്രീമതി മഞ്ജു എം. എസ്., അണ്ടർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

42. ഡോ. കെ. ലാലു, അസോസിയേറ്റ് പ്രൊഫസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

43. ശ്രീമതി ഷമീമ ജെ., അസിസ്റ്റന്റ് മാനേജർ (അഗ്രി), കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

44. ശ്രീ. ഷിജു ജോസ്. സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്

45. ശ്രീ. കെ. ടി. രാഘവൻ, ലെയ്സൺ ഓഫീസർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

46. ഡോ. അൻഷ ജോൺ, നോഡൽ ഓഫീസർ, ഭക്ഷ്യ സുരക്ഷ കമ്മീഷണറേറ്റ്

സമിതി, വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട് ചട്ടങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും വിവിധ കാലയളവുകളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട്, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ, ചട്ടം 235(എ) പ്രകാരമുള്ള യോഗതീരുമാനത്തിന്മേൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലുള്ള റിപ്പോർട്ട് എന്നിവ പരിഗണിയ്ക്കുകയും ചെയ്തു.

## I ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, മത്സ്യബന്ധന തുറമുഖ വകുപ്പ് എന്നിവയിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക കരട് ചട്ടങ്ങളുമായി ബന്ധപ്പെട്ടുള്ള തെളിവെടുപ്പ്

### ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

1. കേരള സംസ്ഥന ഭൂവിനിയോഗ ബോർഡ് - സബോർഡിനേറ്റ് സർവ്വീസ് കരട് ചട്ടം ഭേദഗതി വരുത്തി സമർപ്പിക്കുന്നത് സംബന്ധിച്ച്

(ഫയൽ നം. 15657/സബ്.സി.സി2/2023/നി.സെ.)

പ്രസ്തുത കരട് ചട്ടവുമായി ബന്ധപ്പെട്ട് നിയമ വകുപ്പിന്റെ പരാമർശങ്ങൾ

അടങ്ങിയ റിപ്പോർട്ട് 23.12.2023 ന് ഭരണ വകുപ്പിന് കൈമാറിയതായി നിയമ വകുപ്പുദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. വിവിധ തസ്തികകളിലെ യോഗ്യതയുമായി ബന്ധപ്പെട്ട് നിയമ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ ഭൂവിനിയോഗ കമ്മിഷണറുടെയും പബ്ലിക് സർവ്വീസ് കമ്മീഷണറുടെയും നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ് മുഖാന്തിരം വീണ്ടും നിയമ വകുപ്പിന് സമർപ്പിച്ച് പരിശോധന നടത്തേണ്ടതുണ്ടെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അറിയിച്ചു. പ്രസ്തുത യോഗ്യതകൾ പരിശോധിച്ച് പി.എസ്.സി.യ്ക്ക് നൽകി സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സമർപ്പിക്കുന്നതാണെന്ന് ഭൂവിനിയോഗ ബോർഡ് കമ്മീഷണർ (ഇൻ-ചാർജ്) സമിതിയ്ക്ക് മറുപടി നൽകി.

രണ്ട് വർഷം കഴിഞ്ഞിട്ടും ഭേദഗതി ചെയ്ത കരട് ചട്ടം ലഭ്യമാക്കാൻ കഴിയാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും വീഴ്ച വന്നത് ആരുടെ ഭാഗത്താണെന്ന് കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാനും കാലതാമസം വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കാനും ആവശ്യപ്പെട്ടു. റിപ്പോർട്ടുകൾ സമർപ്പിക്കുന്ന കാര്യത്തിലും ഇതേ രീതിയിൽ കാലതാമസം വരുന്നതായും സമിതി ചൂണ്ടിക്കാട്ടി. മുൻ നിയമസഭ കാലയളവിലെ റിപ്പോർട്ടുകൾ പോലും നിലവിലെ സമിതി പരിഗണിക്കേണ്ടി വരുന്നത് ശരിയായ രീതിയല്ല എന്നും സമിതി വിലയിരുത്തി.

23.12.2023 ന് ഭരണ വകുപ്പിന് ലഭ്യമാക്കിയ കരട് ചട്ടം നിയമവകുപ്പിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ എത്ര സമയമെടുത്തു എന്നുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് ഒരു മാസം അതിനായി എടുത്തിരുന്നു എന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. രണ്ട് വർഷത്തോളം ഈ ഫയൽ ഏത് വകുപ്പിൽ പെൻഡിംഗ് ആയി എന്നുള്ള ചോദ്യത്തിന് ചില വിഷയങ്ങളിൽ വ്യക്തത വരുത്താൻ ഭൂവിനിയോഗ ബോർഡിലേയ്ക്ക് തിരിച്ചയയ്ക്കേണ്ടി വന്നിട്ടുണ്ടെന്നും വ്യക്തത ലഭിച്ച ശേഷം ഉടൻ തന്നെ നിയമ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി. രണ്ട് തവണ വ്യക്തത വരുത്തി തിരുച്ചവരാൻ രണ്ട് വർഷമെടുത്തതായി സമിതി അംഗം നിരീക്ഷിച്ചു. ആയത് ഗൗരവപരമായി

കാണുന്നതായും ഭാവിയിൽ ആവർത്തിക്കാതിരിക്കണമെന്നും ബഹു. ചെയർമാൻ നിർദ്ദേശിച്ചു.

ഭേദഗതി ചെയ്ത കരട് ചട്ടം രണ്ട് മാസത്തിനകം സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ആയത് സമർപ്പിക്കുന്നതാണെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

## മത്സ്യബന്ധന തുറമുഖ വകുപ്പ്

2. 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്റ്റ് - കരട് ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച്

(ഫയൽ നം. 21681/സബ്.സി.സി2/2021/നി.സെ.)

2011-ൽ രൂപീകരിച്ച കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് 2013-ൽ രൂപീകരിച്ചപ്പോഴുണ്ടായ പിശകുകൾ പരിഹരിച്ച് സർക്കാരിലേക്ക് സമർപ്പിച്ചപ്പോൾ കാലതാമസം ഉണ്ടായതായും രജിസ്ട്രാറിന്റെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച മൂന്നംഗ സമിതി കരട് ചട്ടങ്ങൾ തയ്യാറാക്കി ഗവേണിംഗ് കൗൺസിലിൽ സമർപ്പിച്ചതായും സർവ്വകലാശാല രജിസ്ട്രാർ (ഇൻ-ചാർജ്) സമിതിയെ അറിയിച്ചു. വിശദമായ പരിശോധനയ്ക്ക് ശേഷം ഗവേണിംഗ് കൗൺസിൽ, രജിസ്ട്രാറിന്റെ അദ്ധ്യക്ഷതയിൽ അഞ്ചംഗ സമിതി രൂപീകരിക്കുകയും ഒൻപത് തവണ യോഗം ചേരുകയും ചെയ്തുവെന്നും അനദ്ധ്യാപക (നോൺ ടീച്ചിംഗ്) ജീവനക്കാരുടെ യോഗ്യതയുമായി ബന്ധപ്പെട്ട ഷെഡ്യൂൾ കൂടി തയ്യാറാക്കി ഫെബ്രുവരി മാസത്തിൽ ചേരുന്ന ഗവേണിംഗ് കൗൺസിൽ കരട് ചട്ടത്തിന് അന്തിമ രൂപം നൽകുന്നതാണെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു.

29.10.2021-ൽ സഭയിൽ സമർപ്പിച്ച ബില്ലിന്മേലുള്ള കരടുചട്ടങ്ങൾക്കായി 15.01.2022 മുതൽ 10.11.2023 വരെ കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും വകുപ്പ് ആയത് ലഭ്യമാക്കുന്നതിന് നിഷേധാത്മക സമീപനം സ്വീകരിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

ഭേദഗതി ചെയ്ത കരട് ചട്ടം പരിഗണിക്കാൻ രൂപീകരിച്ച ഉപസമിതി, 2022 മെയ് മാസത്തിൽ റിപ്പോർട്ട് സമർപ്പിച്ചതായി രജിസ്ട്രാർ അറിയിച്ചു. ഒന്നര

വർഷത്തിലധികമായി സമർപ്പിച്ച റിപ്പോർട്ട് ഗവേണിംഗ് കൗൺസിൽ പരിശോധിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത റിപ്പോർട്ട് ഗവേണിംഗ് കൗൺസിലിന്റെ സബ്കമ്മിറ്റിയുടെ അന്തിമ പരിഗണനയിലാണെന്ന് രജിസ്ട്രാർ വ്യക്തമാക്കി.

90 ദിവസത്തിനുള്ളിൽ കരട് ചട്ടങ്ങൾ തയ്യാറാക്കി പ്രാബല്യത്തിലാക്കണമെന്നുള്ള നിബന്ധന നിലനിൽക്കേ ഇത്രയും കാലതാമസമുണ്ടായത് സംബന്ധിച്ച് അതൃപ്തി രേഖപ്പെടുത്തിയ സമിതി രണ്ട് മാസത്തിനകം കരട് ചട്ടം തയ്യാറാക്കി സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടു.

3. 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ആക്റ്റ് - കരട് ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 896/സബ്.സി.സി2/2023/നി.സെ.)

കരട് ചട്ടങ്ങളുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും ജീവനക്കാരുടെ റ്റി.എ., ഡി.എ. എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തുന്നതിനായി 2023 ഡിസംബർ ആദ്യ വാരം ധനകാര്യ വകുപ്പ് ഫയൽ തിരികെ നൽകിയിട്ടുണ്ടെന്നും പ്രസ്തുത വിഷയങ്ങളിൽ വ്യക്തത വരുത്തിയ ശേഷം രണ്ട് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

4. 2021-ലെ കേരള മത്സ്യബന്ധനവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റ്- കരട് ചട്ടങ്ങൾ തയ്യാറാക്കുന്നത് സംബന്ധിച്ച്

(ഫയൽ നമ്പർ 897/സബ്.സി.സി2/2022/നി.സെ.)

നിയമ വകുപ്പിന്റെ നിർദ്ദേശപ്രകാരമുള്ള ഭേദഗതികൾ ഉൾപ്പെടുത്തി പ്രസ്തുത കരട് ചട്ടം രണ്ടു മാസത്തിനുള്ളിൽ സമർപ്പിക്കുന്നതാണെന്ന് മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

## II സമിതിയുടെ വിവിധ കാലയളവിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ടുകളുടെ പരിഗണന

1. 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് - തുടർ നടപടികൾ സംബന്ധിച്ച്
(ഫയൽ നമ്പർ 3054/സബ്.സി.സി2/2019/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 12 (കൃഷി (ഇ.ബി) വകുപ്പ്), ഖണ്ഡിക 95 (മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് ) എന്നിവയിലെ ശിപാർശകളിന്മേൽ കാലതാമസ പത്രിക സഹിതം ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് - തുടർ നടപടികൾ സംബന്ധിച്ച്
(ഫയൽ നമ്പർ 12385/സബ്.സി.സി2/2021/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 5, 7, 18, 19, 21, 25, 28, 50 എന്നിവയിലെ ശിപാർശകളിന്മേൽ കൃഷി (പി.ബി) വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രിക സഹിതമുള്ള നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

3. 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് - തുടർ നടപടികൾ സംബന്ധിച്ച്
(ഫയൽ നമ്പർ 13092/സബ്.സി.സി2/2022/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 21, 22, 23, 34, 35, 42, 43, 54, 69, 75 (കൃഷി (ഐ.എഫ്.എ) വകുപ്പ്) 14, 15, 66 (കൃഷി (ഇ.ബി)വകുപ്പ്), 19, 20, 32, 33, 40, 41 (കൃഷി (പി.പി.എം. സെൽ) വകുപ്പ്) 3, 5-8, 18, 24-31, 36-39, 45, 47, 49, 60 (കൃഷി പ്ലാനിംഗ് (എ) വകുപ്പ്) എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

നടപടി റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കിയതിനുശേഷമാണ് ഖണ്ഡിക 74 ലെ ശിപാർശയിൽ ആവശ്യപ്പെട്ട തുക റിലീസ് ചെയ്തതെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് പുതുക്കിയ റിപ്പോർട്ട് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

4. 2023-24 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്- തുടർനടപടികൾ സംബന്ധിച്ച്.
(ഫയൽ നമ്പർ 5438/സബ്.സി.സി2/2023/നി.സെ.)

പ്രസ്തുത റിപ്പോർട്ടിലെ 75 മുതൽ 82 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേൽ മൃഗസംരക്ഷണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ആസൂത്രണ സാമ്പത്തികകാര്യ/ധനകാര്യ വകുപ്പിന്റെ അനുമതിയോടെയും ധനപുന:വിനിയോഗ ശിപാർശ പരിശോധിച്ചും സംസ്ഥാനത്തിന്റെ വിഭവലഭ്യത കണക്കിലെടുത്തും അധിക വിഹിതം അനുവദിക്കുന്നത് പരിശോധിക്കുന്നതാണ്, തനത് വരുമാന സ്രോതസ്സുകളിൽ നിന്ന് ചെലവ് നിർവഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നിങ്ങനെയുള്ള മറുപടിയാണ് ലഭ്യമായിട്ടുള്ളതെന്ന് ബഹു. ചെയർമാൻ ചൂണ്ടിക്കാട്ടി. പ്രസ്തുത ഹെഡ്ഡുകളിൽ തുക അനുവദിക്കുന്നതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ബന്ധപ്പെട്ട ഫയൽ നിലവിൽ വകുപ്പിൽ ലഭ്യമല്ലെന്ന് ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി.

05.10.2023-ന് ധനകാര്യ വകുപ്പിൽ നിന്നും ലഭ്യമായ മറുപടിയാണ് റിപ്പോർട്ടിലുള്ളതെന്നും പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പ്രസ്തുത പദ്ധതികളുടെ തുക വെട്ടിക്കുറക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ആയത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഖണ്ഡികകളിന്മേൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## III വിവിധ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസ പത്രികകളുടെ പരിഗണന

1. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് ക്ഷീരവികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ് എന്നിവയുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 576/സബ്.സി.സി2/2022/നി.സെ.)

2. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച മൃഗസംരക്ഷണ വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 794/സബ്.സി.സി2/2023/നി.സെ.)

**IV.** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കൃഷി വകുപ്പ് സ്വീകരിച്ചുവരുന്ന പദ്ധതികൾ (ചട്ടം 235(എ) സംബന്ധിച്ച്.

(ഫയൽ നമ്പർ 3862/സബ്.സി.സി2/2018/നി.സെ.)

01.08.2018-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേലുള്ള ഇടക്കാല റിപ്പോർട്ടുകൾ പരിഗണിക്കവേ, പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 2024 ജനുവരി 15-ലെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിനുശേഷം കൂടുതൽ വിശദാംശം ലഭ്യമാക്കുന്നതാണെന്ന് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത യോഗത്തിനുശേഷം ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30 ന് അവസാനിച്ചു.

## 21.02.2024-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2024 ഫെബ്രുവരി 21-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.
3. ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
4. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
5. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. ഷാജി സി.ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സീറാം സാംബശിവ റാവു, ഡയറക്ടർ, കൃഷി വകുപ്പ്.
2. ശ്രീ. ശ്രീകുമാർ ബി., ഡയറക്ടർ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്
3. ശ്രീ. സജ്ജ. കെ. സുരേന്ദ്രൻ, ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
4. ശ്രീ. നിസാമുദ്ദീൻ എ., ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ
5. ശ്രീമതി ഷൈനി ജോർജ്ജ്, സ്പെഷ്യൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
6. ശ്രീ. മുഹമ്മദ് ഹനീഫ എം.എം., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
7. ശ്രീമതി ലതാകുമാരി എം.ബി., അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
8. ശ്രീ. അജയകുമാർ കെ.എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ (പി.യു) വകുപ്പ്
9. ശ്രീമതി ടീന ഭാസ്കരൻ, കമ്മീഷണർ (ഇൻ-ചാർജ്ജ്), കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
10. ശ്രീ. ജോർജ്ജ് സെബാസ്റ്റ്യൻ, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ്

വെൽഫെയർ

11. ശ്രീ. ലൂയിസ് മാത്യൂ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
12. ശ്രീമതി ശ്രീലത എ.എസ്., അഡീഷണൽ ഡയറക്ടർ (Extension) (ഇൻ-ചാർജ്ജ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
13. ശ്രീമതി സിജി ആന്റണി, അഡീഷണൽ ഡയറക്ടർ (CP), (ഇൻ-ചാർജ്ജ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
14. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ (ബഡ്ജറ്റ് വിംഗ്) വകുപ്പ്
15. ശ്രീ. മദൻകുമാർ കെ., കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല & ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
16. ശ്രീ. എസ്. അനിൽദാസ്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ
17. ശ്രീ. രാജീവ് പി.എസ്., മാനേജിംഗ് ഡയറക്ടർ, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ
18. ശ്രീ. ആനന്ദബോസ് ഡി., ജോയിന്റ് ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
19. ശ്രീ. തോമസ് സാമുവൽ, ജോയിന്റ് ഡയറക്ടർ (ഫാംസ്) ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
20. ഡോ. ബെറിൻ പത്രോസ്, അസോസിയേറ്റ് പ്രൊഫസർ, കേരള കാർഷിക സർവ്വകലാശാല
21. ശ്രീ. കണ്ണൻ എസ്. വെളിന്തറ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ
22. ശ്രീമതി പ്രവദ പി.ആർ., ഡെപ്യൂട്ടി സെക്രട്ടറി, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ
23. ശ്രീ. അശോക് കുമാർ വി.എം., ഡെപ്യൂട്ടി ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
24. ശ്രീമതി ദീപ എസ്., ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വേ), മണ്ണ്

പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

25. ശ്രീ. ദത്തൻ സി.എസ്., ഡെപ്യൂട്ടി ഡയറക്ടർ (സോയിൽ സർവ്വേ) മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്
26. ശ്രീ. അജിത് കുമാർ പി.വി., ഡെപ്യൂട്ടി ഡയറക്ടർ, കൃഷി വകുപ്പ്
27. ശ്രീ. സജീവ് ആർ.എസ്., ഡെപ്യൂട്ടി ഡയറക്ടർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
28. ശ്രീ. മണിലാൽ ആർ., ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട്
29. ശ്രീമതി മഞ്ജു എം.എസ്., അണ്ടർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
30. ശ്രീമതി പ്രീതി ജി. തോമസ്, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്
31. ശ്രീ. ജി. ടി. ഷിബു, ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി
32. ശ്രീ. വി. ബാബു, സ്റ്റേറ്റ് അഗ്രികൾച്ചറൽ എഞ്ചിനീയർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ
33. ശ്രീ. ചന്ദ്രൻ വി., സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്
34. ശ്രീമതി ഷീന പി.കെ., അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
35. ശ്രീ. അജിത് സി., അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയര്
36. ശ്രീ. അജയ് സുകുമാരൻ, അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
37. ശ്രീ. പ്രമോദ് എം.എസ്., അസിസ്റ്റന്റ് ഡയറക്ടർ (ടി.പി. II പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
38. ശ്രീ. മനോജ് എസ്., അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ
39. ഡോ. എൻ.സി. അനിൽകുമാർ, സയന്റിസ്റ്റ്, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ
40. ശ്രീമതി വിജി വി. വിജയ്, അക്കൗണ്ട്സ് ഓഫീസർ, കേരള ലാൻഡ്

ഡെവലപ്മെന്റ് കോർപ്പറേഷൻ

41. ശ്രീ. അജി ശ്രീധർ എസ്., ലെയ്സൺ ഓഫീസർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

സമിതി, 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന XXIX (കൃഷി), XXX (ഭക്ഷ്യം), XXXIX (വൈദ്യുത പദ്ധതികൾ) എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

(ഫയൽ നമ്പർ 2349/സബ്സിസി2//2024/നി.സെ.)

**ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി**

2401-00-001-88 – മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും പെൻഷനും ക്ഷാമബത്തയും കുടിശ്ശികയും നൽകുന്നതിനായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-001-86 – ഓഫീസ് ആട്ടോമേഷൻ ആൻഡ് ഐ.ടി.ഇൻഫ്രാസ്ട്രക്ചർ

കൃഷി വകുപ്പിന് കീഴിലുള്ള കൃഷി ഭവൻ ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഇ-ഓഫീസ് നടപ്പിലാക്കൽ, പരിപാലനം, ശക്തിപ്പെടുത്തൽ, കമ്പ്യൂട്ടറുകൾ, ആക്സസറികൾ എന്നിവ വാങ്ങുന്നതിനും നെറ്റ് വർക്കിംഗ്, സൈറ്റ് തയ്യാറാക്കൽ എന്നിവയ്ക്കും മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വികസനം, വീഡിയോ കോൺഫറൻസ്/ വെർച്വൽ ക്ലാസ് റൂം ഉൾപ്പെടെയുള്ള ഐ.റ്റി.സി. അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനം, നവീകരണം, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്കുള്ള ഓണറേറിയം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-102-90 - ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം

പ്രസ്തുത പദ്ധതിക്കായി മുൻ വർഷം ലഭ്യമായ തുക സംബന്ധിച്ച് സമിതി അംഗത്തിന്റെ ചോദ്യത്തിന് മുൻ വർഷം ലഭ്യമായ 51.19 കോടി രൂപയിൽ 48.58 കോടി രൂപയും ചെലവഴിച്ചതായി അഗ്രികൾച്ചർ ഡെവലപ്മെന്റ് ആൻഡ് ഫാർമേഴ്സ് വെൽഫെയർ അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) അറിയിച്ചു. റിലീസ് ചെയ്തു കിട്ടുന്ന മുഴുവൻ തുകയും വിനിയോഗിക്കുന്നു എങ്കിലും പല ഹെഡ്ഡുകളിലും കൂടുതൽ തുക ആവശ്യമുള്ളതായി ചെയർമാൻ കൂട്ടിച്ചേർത്തു.

സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഉൽപ്പാദനോപാദികൾക്ക് ആനുകൂല്യം നൽകുന്നതിനായും നെൽവയലുകൾക്ക് റോയൽറ്റി നൽകുന്നതിനായും മണ്ണിന്റെ അമ്ലഗുണം നിയന്ത്രിച്ച് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് നെൽകൃഷിക്ക് കുമ്മായം നൽകുന്നതിനായും 88.6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-103-87-34 - നാളികേര വികസന പദ്ധതി-മറ്റ് ചെലവുകൾ

പ്രസ്തുത ശീർഷകത്തിൽ ബജറ്റ് ഡോക്യുമെന്റ് പ്രകാരമുള്ള തുക 64.86 കോടി രൂപയാണ്. എന്നാൽ വകുപ്പിൽ നിന്നുള്ള കുറിപ്പിൽ മൊത്തം ബജറ്റ് ഹെഡ്ഡിന്റെ അടിസ്ഥാനത്തിലുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബജറ്റ് ഡോക്യുമെന്റ് അടിസ്ഥാനമാക്കി വിഹിതവും ആകെ തുകയും തിരുത്തണമെന്ന് നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് ആവശ്യപ്പെട്ടു.

2024-25 സാമ്പത്തിക വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന 125 കേര ഗ്രാമങ്ങൾ, 20 ലക്ഷം തെങ്ങുകൾക്കായുള്ള കേര രക്ഷാവാരം, തെങ്ങിൻതൈ വിതരണം, വിത്ത് തേങ്ങാ സംഭരണം, പോളിനേഷൻ തൊഴിലാളികൾക്കുള്ള വേതനം, മറ്റ് വേതന ചെലവുകൾ, രണ്ടാം വർഷ, മൂന്നാം വർഷ കേര ഗ്രാമങ്ങൾക്കുള്ള പിന്തുണ ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 20.09 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2401-00-103-74-01 - പ്രാദേശിക നാളികേര നഴ്സറികൾ സ്ഥാപിക്കൽ

പ്രസ്തുത ശീർഷകം ബജറ്റ് ഹെഡ്ഡിൽ നിന്നും വ്യത്യസ്തമായതിനാൽ തിരുത്തൽ വരുത്തേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

നാളികേര വികസന ബോർഡ് പദ്ധതി റീജിയണൽ കോക്കനട്ട് നഴ്സറി പൊതുവിഭാഗം സംസ്ഥാന വിഹിതമായി തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ 64 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണ മെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-91 - ഡിപ്പാർട്ട്മെന്റ് കൃഷി സ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനം, സംയോജിത കൃഷി, കൃത്യത കൃഷി തുടങ്ങിയ ഘടകങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും ഹൈടെക് ഫാമിംഗ്, ടിഷ്യൂ കൾച്ചർ എന്നിവയ്ക്കായി താൽക്കാലികാടിസ്ഥാനത്തിൽ ടെക്നിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനായും ഓൺലൈൻ മാർക്കറ്റിംഗിലൂടെ കേരള ഗ്രോ ബ്രാൻഡിൽ കൂടുതൽ ഉൽപ്പന്നങ്ങൾ ഓൺ ബോർഡ് ചെയ്യാനും തിരഞ്ഞെടുത്ത ഫാമുകളിൽ കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായും ഫാമുകളിലെ അടിസ്ഥാന സൗകര്യ വികസനം, 2022-23-ലെ ഫാമുകളുടെ പഠന റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സമഗ്ര വികസനം എന്നിവയ്ക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-86(01)-34- ഫാം സെക്ടറുകൾക്കു വേണ്ടിയുള്ള പ്രത്യേക സഹായ പദ്ധതി - കടാശ്വാസ കമ്മീഷൻ -മറ്റ് ചെലവുകൾ

കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അവാർഡ് അനുസരിച്ച് കാർഷിക കടാശ്വാസമായി നാളിതുവരെ നൽകുവാനുള്ള കുടിശ്ശിക തുക അനുവദിക്കുന്നതിനായി 221.74 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-72-01 – പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം)- കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 8.7975 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-72-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി)- (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 5.865 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-67 - കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപ്പാദന പരിപാടികൾ - ഉൽപ്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ

16140 ഫാം പ്ലാനുകൾ നിർവ്വഹിക്കുന്നതിനായി 18 കോടി രൂപ ആവശ്യപ്പെട്ടുവെങ്കിലും 10 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും മുൻ വർഷങ്ങളിൽ രൂപീകൃതമായ ഫാം പ്ലാനുകളിൽ ചിലതിനെങ്കിലും പുതിയ നിർണ്ണായക ഘടകങ്ങൾ പിന്തുണയായി നൽകേണ്ടതിനാൽ 6 കോടി രൂപയും കൂടി ഉൾപ്പെടുത്തി ആകെ 14 കോടി രൂപ അനുവദിച്ചാൽ പദ്ധതി കാര്യക്ഷമമായി നടത്താൻ കഴിയുമെന്നും പ്ലാനിംഗ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത പദ്ധതി പ്രകാരം ഒരു കൃഷിയിടത്തിൽ നിന്നും ഉല്പാദനം, ഉല്പാദനക്ഷമത, വരുമാനം എന്നിവ പരമാവധിയാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ

കൃഷിയിടങ്ങളുടെയും ഫാം പ്ലാൻ തയ്യാറാക്കി നിർണ്ണായക ഘടകങ്ങൾ നിർവ്വഹിച്ച് നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-86 - ആധുനിക പരീക്ഷണശാലകൾ സ്ഥാപിക്കൽ

രണ്ട് രാസവളപരിശോധന ലാബുകളും ഒരു ജീവാണുവള പരിശോധന ലാബും ആധുനികീകരിക്കുന്നതിന് പരിശോധന ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി, സംരക്ഷണ ലബോറട്ടറിയുടെ വൈദ്യുതീകരണം, പുതിയ ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കും കീടനാശിനി പരിശോധനശാലയിൽ പരിശോധനയ്ക്ക് ശേഷം ബാക്കി വരുന്ന അവശിഷ്ടം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാൻ ലാബുകൾക്ക് വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ്, റിവോൾവിംഗ് ഫണ്ട് എന്നിവയ്ക്കും രണ്ട് രാസവള പരിശോധന ലാബുകളുടെയും കീടനാശിനി പരിശോധനാ ലാബിന്റെയും പരിശോധന ഫലങ്ങളുടെ നിലവാരം ഉയർത്തുന്നതിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ (NABL) അക്രഡിറ്റേഷൻ നേടുന്നതിന് കെട്ടിടം നവീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് പരിശോധനശാലകൾ സജ്ജമാക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-105-85 - ഓർഗാനിക് ഫാമിംഗ്

ജൈവ കൃഷി മിഷന്റെ ഭാഗമായി കാർഷിക ഇനങ്ങളെ ജൈവ കൃഷിയിൽ ഉൾപ്പെടുത്തി സർട്ടിഫൈ ചെയ്യുകയും തുടർന്ന് ലേബൽ ചെയ്ത് അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 14 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-107-78 - വിളകളുടെ ആരോഗ്യ സംരക്ഷണം

ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ പ്രവർത്തിച്ചുവരുന്ന കരാർ ജീവനക്കാർക്ക് സർക്കാർ ഉത്തരവ് (പി) നം. 29/2021/ധന തീയതി 01/02/2021 പ്രകാരം വേതന വർദ്ധനവ് വരുത്തി വേതനം നൽകുന്നതിനും തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ നിന്നുള്ള കീടങ്ങളുടെ എണ്ണം/നാശത്തിന്റെ വിലയിരുത്തൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുമായി ബന്ധപ്പെടുത്തി റോവിംഗ് സർവ്വെ ചെയ്യുന്നതിനുമായി 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-84 - കാർഷിക വിജ്ഞാനവും വ്യാപനവും

കേരള കർഷകൻ മാസികയുടെയും അനുബന്ധ പ്രവർത്തനങ്ങളായ വീഡിയോ പ്രൊഡക്ഷൻ/സൈബർ എക്സ്റ്റൻഷൻ, ഫാം ഫീച്ചർ ശിൽപശാലകൾ, ഉപദേശകസമിതി യോഗങ്ങൾ, വാഹനങ്ങളുടെ റിപ്പയറിംഗ്, ഇന്ധനചെലവുകൾ, യാത്ര ചെലവുകൾ മുതലായവയ്ക്കായും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ മറ്റ് പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിലേക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-80 - കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ

മികച്ച പ്രവർത്തനം നടത്തുന്ന 1200 കൃഷിക്കൂട്ടങ്ങൾക്ക് വെൻചർ ക്യാപ്പിറ്റൽ അസിസ്റ്റൻസ് ഫണ്ട് നൽകുന്നതിനായി 2.25 കോടി രൂപയും കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുന്നതിനായി 1.1 കോടി രൂപയും കൃഷി വകുപ്പിന്റെ കീഴിലുള്ള എല്ലാ പരിശീലന കേന്ദ്രങ്ങളും ആധുനിക വൽക്കരിക്കുന്നതിനും കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപണികൾ മുതലായവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 1.7 കോടി രൂപയും ആത്മ പ്രൊജക്ട് ഡയറക്ടറേറ്റുകൾ ശക്തിപ്പെടുത്തുന്നതിനും മാനവവിഭവ പിന്തുണയ്ക്കുമായി

30 ലക്ഷം രൂപയും ലീഡ്സ് പദ്ധതി തടസ്സം കൂടാതെ നടത്തുന്നതിനായി 40 ലക്ഷം രൂപയും കർഷക ദിനാചരണം, കാർഷിക വികസന സമിതിയുടെ യോഗങ്ങൾ സംഘടിപ്പിക്കൽ, കർഷകസഭ, ഞാറ്റുവേല ചന്തകൾ തുടങ്ങിയ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്ന പദ്ധതി ഘടകങ്ങൾക്കായി 80 ലക്ഷം രൂപയും VAIGA പ്രോഗ്രാമിനായി 50 ലക്ഷം രൂപയും ഉൾപ്പെടെ 7.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-65-02 - അംബ്രല്ല സ്കീം ഓൺ കൃഷി ഉന്നതി യോജനയും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളും (60% കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ലഭിക്കാവുന്ന കേന്ദ്ര വിഹിതത്തിന് ആനുപാതികമായി ഈ ശീർഷകത്തിൽ 32.2 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-59-01- രാഷ്ട്രീയ കൃഷി വികാസ്യോജന (60%കേന്ദ്രാവിഷ്കൃതം)- കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ 14.50125 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-59-02 - രാഷ്ട്രീയ കൃഷി വികാസ്യോജന (60%കേന്ദ്രാവിഷ്കൃതം)- സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9.6675 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-57-01- തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) - കേന്ദ്രവിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്രവിഹിതം അപര്യാപ്തമായതിനാൽ 24.48 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-57-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസനദൗത്യം (60%കേന്ദ്രാവിഷ്കൃതം) -സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ 16.32 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-110-82- പുന:സ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി

01.08.2020 മുതൽ 07.02.2024 വരെയുള്ള എയിംസ് പോർട്ടലിൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച സംസ്ഥാന വിള ഇൻഷുറൻസ് ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായും ഇനിയും അംഗീകരിച്ചുവരാവുന്ന ഏകദേശ തുകയും ചേർത്ത് 13.6020143 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-113-83- കാർഷിക സേവനകേന്ദ്രവും സേവനം എത്തിക്കലും

മൊബൈൽ അഗ്രോക്ലിനിക്കുകളിലെ ഡ്രൈവർമാരുടെ സേവനം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-115-99- ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി

KSEB യ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി 85.536 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-85- കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

പോഷക സമൃദ്ധി മിഷൻ പ്രകാരം പച്ചക്കറിയുടെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി 50 ലക്ഷം സങ്കരയിനം വിത്തു പായ്ക്കറ്റുകളും 1.5 കോടി പ്രോട്രേ തൈകളും വിതരണം ചെയ്യുന്നതിനായി 12 കോടി രൂപയും തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന പദ്ധതി ഘടകത്തിന് 6.85 കോടി രൂപയും ക്ലസ്റ്ററുകൾ മുഖേനെയുള്ള വ്യാവസായിക അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി നടത്തുന്നതിനായി 25 കോടി രൂപയും എല്ലാ സീസണിലും കൃഷി ചെയ്യുന്നതിന് സഹായിക്കുന്ന മഴമറ നിർമ്മാണത്തിനായി 2.5 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 46.35 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-81 - പച്ചക്കറി വികസനം - വി.എഫ്.പി.സി.കെ. യ്ക്കുള്ള സഹായം

പൊതുമേഖല സ്ഥാപന രംഗത്ത് പഴം, പച്ചക്കറി വികസനത്തിൽ വളരെയേറെ പങ്കുവഹിക്കുന്ന വി.എഫ്.പി.സി.കെ. യ്ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-81, 2401-00-119-85 എന്നീ ശീർഷകങ്ങളിൽ 13.50 കോടി രൂപ, 46.35 കോടി രൂപ എന്നീ രണ്ടു തുകകളും കൂടി ചേർന്ന് ആകെ 59.85 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ഓരോ ശീർഷകത്തിലും പ്രത്യേകം നോട്ട് തയ്യാറാക്കി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

2401-00-119-79 - ഔഷധ സസ്യങ്ങളുടെയും പഴം/പൂവ് എന്നിവയുടെയും വികസനം

വിദേശഫലങ്ങൾ ഉൾപ്പെടെയുള്ളവ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പഴഗ്രാമങ്ങളുടെ സ്ഥാപനം, ഫലവർഗ്ഗ വിളകളുടെ തൈകളുടെ വിതരണം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.33 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-191-50 - റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പൽ കോർപ്പറേഷനുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 67.30849 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-192-50 – റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - മുനിസിപ്പാലിറ്റികൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 3.27864 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-198-50 – റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള ധനസഹായം

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 63.12114 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-83-01 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ 87.97 ലക്ഷം രൂപ ഈ ശീർഷകത്തിൽ

ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-83-02 - പരമ്പരാഗത കൃഷി വികാസ് യോജനക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി(ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 58.65 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-79-01 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.)-കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ 1.2026 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് മിതി ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-79-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% സി.എസ്.എസ്.) സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80.17 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-77-01- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.)- കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.25 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന്

ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-77-02- തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% സി.എസ്. എസ്.) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-83-01- പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതികൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം)- കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം കേന്ദ്രവിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 9.77 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-83-02 - പരമ്പരാഗത കൃഷി വികാസ് യോജനയ്ക്ക് (പി.കെ.വി.വൈ.) കീഴിലുള്ള ഭാരതീയ പ്രകൃതി കൃഷി പദ്ധതി (ബി.പി.കെ.പി.) (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന വിഹിതം വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 6.51 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-78-01 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം)- കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15.86 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-78-02 - രാഷ്ട്രീയ കൃഷി വികാസ് യോജന (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10.57 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-76-01 - തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% കേന്ദ്രാവിഷ്കൃതം) - കേന്ദ്ര വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള കേന്ദ്ര വിഹിതം അപര്യാപ്തമായതിനാൽ 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-76-02 - തോട്ടകൃഷിക്കായുള്ള സംയോജിത വികസന ദൗത്യം (60% കേന്ദ്രാവിഷ്കൃതം) - സംസ്ഥാന വിഹിതം

പ്രസ്തുത പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള സംസ്ഥാന വിഹിതം അപര്യാപ്തമായതിനാൽ 18 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-800-91-34– പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി - മറ്റു ചെലവുകൾ

കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റും ഭാഗമായുണ്ടാകുന്ന അപ്രതീക്ഷിത പ്രകൃതി ദുരന്തങ്ങളുടെ എണ്ണം കൂടി വരുന്ന നിലവിലെ സാഹചര്യത്തിൽ കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് പ്ലാനിംഗ് അഡീഷണൽ ഡയറക്ടർ വ്യക്തമാക്കി. വർഷാവർഷങ്ങളിൽ നൽകേണ്ട തുക കൃത്യമായി നൽകാതിരുന്നതാണ് വലിയ തുക അധികമായി ആവശ്യപ്പെടേണ്ടി വരുന്നതെന്ന് ചൂണ്ടിക്കാണിച്ച സമിതി അംഗം ഫണ്ട് കൃത്യമായി റിലീസ് ചെയ്യാത്തതിന്റെ കാരണം ധനകാര്യ വകുപ്പ് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടു.

വകുപ്പിലേക്ക് ലഭ്യമാക്കുന്ന പ്രൊപ്പോസൽ അനുസരിച്ചാണ് ഫണ്ട് റിലീസ് ചെയ്യുന്നതെന്ന് ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി. നടപ്പ് വർഷം അനുവദിച്ച 3.94 കോടി രൂപ മുഴുവനായും ചെലവഴിച്ചിട്ടുണ്ടെന്നും ആവശ്യത്തിനുള്ള ഫണ്ട് ലഭ്യമാകാത്തതിന്റെ പ്രശ്നം നിലനിൽക്കുന്നുണ്ടെന്നും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു.

01.04.2021 മുതൽ 07.02.2024 വരെയുള്ള എയിംസ് പോർട്ടൽ റിപ്പോർട്ട് പ്രകാരം അംഗീകരിച്ച ക്ലെയിമുകളുടെ നഷ്ടപരിഹാരത്തുക കർഷകർക്ക് വിതരണം ചെയ്യുന്നതിനായി 40.892808 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-004-88 - കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം

ഗവേഷണ കേന്ദ്രത്തിലെ വിവിധ പ്രവർത്തനങ്ങൾക്കും ഡയറക്ടർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും വേതനം നൽകുന്നതിനുമായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-277-98 - സീനിയർ ഉദ്യോഗസ്ഥന്മാർക്ക് പരിശീലനം

കാർഷിക മേഖലയിലെ ഉദ്യോഗസ്ഥരുടെ സാങ്കേതികവും ഭരണനിർവഹണപരവുമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പിജിഡിപിഎച്ച്എം കോഴ്സ് ഫീ ഇനത്തിലും പുതിയ സാങ്കേതിക വിദ്യകൾ കർഷകരിലെത്തിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.4348 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-800-99 - മാർക്കറ്റ് വികസനം

കേരള ഗ്രോബ്രാൻഡിംഗ്, കേരള ബ്രാൻഡഡ് ഷോപ്പുകൾ, കർഷക മൊത്ത വ്യാപാര വിപണികളുടെ വികസനം, കർഷക മൊത്ത വ്യാപാര വിപണികളിൽ ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്ന കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി,

അഗ്മാർക്ക് നെറ്റ് നോഡുകൾ എന്നീ തുടർപദ്ധതികൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമതി തീരുമാനിച്ചു.

**പൊതു ശിപാർശകൾ**

കാർഷിക സാങ്കേതികവിദ്യ കർഷക സമൂഹത്തിന് കാര്യക്ഷമമായി കൈമാറുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനായും സാങ്കേതികവും മാനേജീരിയൽ കഴിവും മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന ദേശീയ തലങ്ങളിലെ പ്രമുഖ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കുന്നതിനും സമേതിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായാണ് 2415-01-277-98 എന്ന ശീർഷകത്തിൽ തുക ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കർഷകർക്കുള്ള പരിശീലനവും അന്താരാഷ്ട്ര എക്സ്പോഷർ സന്ദർശനങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല എന്ന് വാർഷിക പദ്ധതിരേഖയിൽ പരാമർശിച്ചിട്ടുണ്ട്. കർഷകർക്ക് ഉന്നത നിലവാരത്തിലുമുള്ള പരിശീലനങ്ങൾ നൽകുന്നതിന് പ്രസ്തുത പരാമർശം തടസ്സമാകുമെന്നതിനാലും വകുപ്പ് ആയതിന്മേൽ ശിപാർശ നൽകിയിട്ടില്ലാത്തതിനാലും വാർഷിക പദ്ധതി രേഖയിൽ ഉള്ള മേൽ പരാമർശം ഒഴിവാക്കി പ്രസ്തുത പദ്ധതിയിൽ കർഷകർക്കുള്ള പരിശീലനവും അന്താരാഷ്ട്ര എക്സ്പോഷർ സന്ദർശനവും കൂടി ഉൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2024-25 സാമ്പത്തിക വർഷം കൃഷി ഭവനുകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാമുകൾ എന്ന പദ്ധതി ഘടകത്തിന് 2401-00-113-83 എന്ന ശീർഷകത്തിൽ, കൃഷിഭവനുകളിലെ ഇന്റേൺഷിപ്പ് പ്രോഗ്രാമിനുള്ള യോഗ്യത വി.എച്ച്.എസ്.സി. എന്ന് പദ്ധതി രേഖയിൽ വിവക്ഷിച്ചിരിക്കുന്നതിനു പുറമെ കൃഷി ഡിപ്ലോമക്കാരെയും കൂടി ഉൾപ്പെടുത്തണമെന്നും ഇന്റേൺഷിപ്പിന് ഓണറേറിയം നിലവിൽ 5000 രൂപ എന്ന് നിശ്ചയിച്ചിട്ടുള്ളതിനാൽ പദ്ധതി രേഖയിലുള്ള തുകയായ 2500 എന്നത് ഒഴിവാക്കണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള കാർഷിക സർവകലാശാല

2415-01-277-99-31 - കേരള കാർഷിക സർവകലാശാല സഹായധനം-ശമ്പളം

സർവകലാശാല ജീവനക്കാരുടെ/അദ്ധ്യാപകരുടെ ക്ഷാമബത്ത, പെൻഷൻകാർക്ക് അനുവദിക്കേണ്ട പെൻഷൻ പരിഷ്കരണ കുടിശ്ശിക, ഡിസിആർജി കുടിശ്ശിക, കമ്മ്യൂട്ടേഷൻ കുടിശ്ശിക, ആജീവനാന്ത കുടിശ്ശിക, ക്ഷാമാശ്വാസ കുടിശ്ശിക, യുജിസി ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൽകേണ്ട തുക എന്നിവ നൽകുന്നതിനായും 2020-21 സാമ്പത്തിക വർഷത്തിൽ സർവകലാശാലയ്ക്ക് വകയിരുത്തിയ പദ്ധതിയേതര വിഹിതത്തിൽ ഉണ്ടായ കുറവ്, 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റ് വിഹിതത്തിലെ പ്രതിമാസ ഗഡു ലഭ്യമാകാതിരുന്നത്, 2023-24 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര ബജറ്റ് വിഹിതത്തിൽ വർദ്ധനവ് അനുവദിക്കാതിരുന്നത്, 2024-25 സാമ്പത്തിക വർഷത്തിൽ ഉണ്ടാകാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ പരിഹരിക്കുന്നതിനായും 158.04 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്

2402-00-101-90 - മേഖലാ മണ്ണ് പരിശോധന ലബോറട്ടറി സ്ഥാപിക്കലും കോന്നിയിൽ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തലും

മണ്ണ് പരിശോധനാ ലാബുകളുടെ NABL അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട ചെലവുകൾക്കും രാസവസ്തുക്കൾ, ഫിൽറ്റർപേപ്പർ തുടങ്ങി ലാബ് പരിശോധനയുമായി ബന്ധപ്പെട്ട റെക്കറിംഗ് ചെലവുകൾക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2402-00-102-78 - ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവം

സംസ്ഥാനത്തുടനീളമുള്ള വിവിധ ജലാശയങ്ങളും കുളങ്ങളും നവീകരിക്കുന്നതിനും പുനരുജ്ജീവനം നടപ്പിലാക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-203-91-(06) - കുട്ടനാട് പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ-(സംസ്ഥാന പദ്ധതി)

ലോവർ കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 70 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-800-74- തിരുവനന്തപുരം, കൊല്ലം ജില്ലകളിലെയും തൃശ്ശൂർ കോർപ്പറേഷനിലെയും കുളങ്ങളുടെ നവീകരണം

കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുക, കുടിവെള്ള സംരക്ഷണം ഉറപ്പ് വരുത്തുക, കൃഷിയെ പരിപോഷിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്ന സഹസ്ര സരോവർ പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.25 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4402-00-800-73- പഞ്ചായത്തുകളിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനും തോടുകളുടെ നവീകരണത്തിനുമുള്ള ഒറ്റത്തവണ സഹായം

പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.75 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ വിവരസാങ്കേതിക വിദ്യയുള്ള അടിസ്ഥാന സൗകര്യങ്ങൾ, ഇ-ഫയലിംഗ് എന്നിവ നടപ്പിലാക്കുന്നതിനായി നിലവിൽ ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കെ.എൽ.ഡി.സി. ഉദ്യോഗസ്ഥർക്ക് PRICE Software, SBD, E-Tender procedure എന്നിവയിൽ പരിശീലനം എന്ന ഘടകത്തിന് ശീർഷകം അനുവദിച്ചിട്ടില്ലാത്തതിനാൽ പുതിയ ശീർഷകം അനുവദിച്ച് 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം**

2402-00-001-94-31 - കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) ധനസഹായം- (സഹായധനം - ശമ്പളം)

സെന്ററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളം, അനുബന്ധ ചെലവുകൾ എന്നിവ നിർവഹിക്കുന്നതിനായി 1.2014 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

4551-60-800-98 - കാസർഗോഡ് വികസന പാക്കേജ്

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾക്കും അടുത്ത വർഷം നടപ്പിലാക്കേണ്ട പദ്ധതികൾക്കുമായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

## ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം

### കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

2408-02-190-98 – കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്ക്കരണ പ്രവർത്തനങ്ങൾക്കുള്ള സഹായം

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിച്ചുവരുന്ന സ്റ്റോക്കുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി CCTV സ്ഥാപിക്കുന്നതിന് 23 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4408-02-101-98- ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് നൽകുന്ന സഹായം

പത്തനംതിട്ട ജില്ലയിലെ കോന്നി, കാസർഗോഡ് ജില്ലയിലെ പെരിയ എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12.59 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

യോഗം ഉച്ചയ്ക്ക് ശേഷം 3.40 ന് അവസാനിച്ചു.

## 27.02.2024-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ യോഗം 2024 ഫെബ്രുവരി 27-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണിയും സമിതി അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ, എം. എൽ. എയും സന്നിഹിതരായിരുന്നു.

<u>വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗം</u>

1. ശ്രീ. മുരളി പെരുനെല്ലി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. ഷാജി.സി. ബേബി, സെക്രട്ടറി ഇൻ-ചാർജ്ജ്
2. ശ്രീമതി. ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. എ. ബിനു, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. കെ. എസ്. ശ്രീനിവാസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.
2. ശ്രീ. പ്രണബ് ജ്യോതി നാഥ്, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.
3. ഡോ. അദീല അബ്ദുള്ള, ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
4. ശ്രീ. ആസിഫ് കെ. യൂസഫ്, ഡയറക്ടർ, ക്ഷീര വികസന ഡയറക്ടറേറ്റ്
5. ശ്രീ. അനിൽ കുമാർ ജി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. ഷിബു എ. ടി., അഡീഷണൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
7. ഡോ. എം. എസ്. രാജു, ഡയറക്ടർ (പി. & ഡി.), കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് ( KUFOS)
8. ശ്രീ. ഇഗ്നേഷ്യസ് മൺട്രോ ബി., മാനേജിംഗ് ഡയറക്ടർ, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK)
9. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്
10. ഡോ. പി. സെൽവ കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്
11. ഡോ. ആർ. രാജീവ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
12. ഡോ. സലിൽ കുട്ടി, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
13. ശ്രീ. മഹേഷ് എസ്., മാനേജിംഗ് ഡയറക്ടർ, കേരള അക്വാവെഞ്ചേഴ്സ്

ഇന്റർനാഷണൽ ലിമിറ്റഡ് ( KAVIL)

14. ശ്രീ. മുഹമ്മദ് അൻസാരി, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്
15. ശ്രീമതി ശാലിനി കെ.ജെ., ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണ & ക്ഷീരവികസന വകുപ്പ്
16. ശ്രീമതി ശോഭ വി.ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
17. ശ്രീമതി ശുഭ കെ.പി., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
18. ശ്രീമതി സ്മിത ആർ. നായർ, അഡീഷണൽ ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
19. ഡോ. വിനുജി ഡി.കെ., അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്
20. ശ്രീ. സലീം എച്ച്., ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
21. ശ്രീമതി അമ്പിളി ആർ., ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
22. ശ്രീമതി പ്രിയ ജയസേനൻ, ജോയിന്റ് ഡയറക്ടർ & മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഫിഷ് സീഡ് സെന്റർ, കൊല്ലം
23. ഡോ. ആശ അഗസ്റ്റിൻ, ജോയിന്റ് ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
24. ശ്രീ എം. താജുദ്ദീൻ, ജോയിന്റ് ഡയറക്ടർ (പ്രോജക്ട്സ്), മത്സ്യബന്ധന ഡയറക്ടറേറ്റ്
25. ശ്രീമതി ശാലിനി ഗോപിനാഥ്, ജോയിന്റ് ഡയറക്ടർ, ക്ഷീരവികസന ഡയറക്ടറേറ്റ്
26. ശ്രീ. ടി. എസ്. പ്രവീൺ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്
27. ശ്രീ. കോശി കെ. അലക്സ്, ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്), ക്ഷീരവികസന ഡയറക്ടറേറ്റ്
28. ശ്രീമതി ജയശ്രീ ജി., ഡെപ്യൂട്ടി ഡയറക്ടർ, കേരള സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ
29. ശ്രീ. അനിൽ കുമാർ.എസ്., ഡെപ്യൂട്ടി ഡയറക്ടർ, (പി.ഐ.യു), മത്സ്യബന്ധന ഡയറക്ടറേറ്റ്
30. ഡോ. സോഫിയ എം. ജെ., ഡെപ്യൂട്ടി ഡയറക്ടർ (മറൈൻ) മത്സ്യബന്ധന ഡയറക്ടറേറ്റ്
31. ശ്രീമതി മായ ആർ., ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്), മത്സ്യബന്ധന ഡയറക്ടറേറ്റ്
32. ഡോ. ഷാജിൽ എ.എച്ച്., ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണഡയറക്ടറേറ്റ്
33. ശ്രീ. സന്തോഷ് കുമാർ എസ്., ഡെപ്യൂട്ടി ഡയറക്ടർ, മത്സ്യബന്ധന ഡയറക്ടറേറ്റ്
34. ശ്രീ. മനോജ് ടി. ആർ., ജോയിന്റ് ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
35. ശ്രീ. ഷിജു ജോസ്, സീനിയർ ഫിനാൻസ് ഓഫീസർ, മൃഗസംരക്ഷണ വകുപ്പ്
36. ശ്രീ. എസി. രാജു, സീനിയർ ഫിനാൻസ് ഓഫീസർ, മത്സ്യബന്ധന വകുപ്പ്
37. ശ്രീ. ദിനേശൻ എ. കെ., ഫിനാൻസ് ഓഫീസർ, കേരള വെറ്റിനറി ആൻഡ്

അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

38. ശ്രീ. തബേഷ് പി., ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്
39. ശ്രീമതി ജയശ്രീ പി. എൻ., അണ്ടർ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
40. ഡോ. നന്ദകുമാർ, അസിസ്റ്റന്റ് ഡയറക്ടർ (പ്ലാനിംഗ്), മൃഗസംരക്ഷണ ഡയറക്ടറേറ്റ്
41. ഡോ. ബാലു ഭാസ്കർ, ഡെപ്യൂട്ടി ജനറൽ മാനേജർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
42. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്
43. ശ്രീ. രാജശേഖരൻ കെ. എൻ., മാനേജർ (എഫ് & എ), കേരള ഫീഡ്സ് ലിമിറ്റഡ്
44. ശ്രീ. സുധീർ എൻ.ജി., മാനേജർ (പ്രോജക്ട്സ്), കേരള ഫീഡ്സ് ലിമിറ്റഡ്
45. ശ്രീ. മഹേഷ് വി. നായിക്, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
46. ശ്രീ. അച്യുത് എൻ.വി., അസിസ്റ്റന്റ് എഞ്ചിനീയർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

സമിതി, 2024-2025 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

1.

## ധനാഭ്യർത്ഥന നമ്പർ - XXXI മൃഗസംരക്ഷണം

2403-00-001-99- ഭരണവും നടത്തിപ്പും

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-001-98- ജില്ലാ ഭരണം

വാടക കുടിശ്ശിക നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-98- ആശുപത്രികളും ഡിസ്പെൻസറികളും

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97- മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

മൃഗാശുപത്രികളുടെ വികസനം, മൃഗചികിത്സ സേവനങ്ങളുടെ വികസനം മുതലായവ തടസ്സം കൂടാതെ നടത്തുന്നതിനായി പദ്ധതി ഇനത്തിൽ 7.82 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97- മൃഗാശുപത്രികളുടെ വികസനവും പുന:സംഘടനയും

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 10 ലക്ഷം രൂപയും വാടക കുടിശ്ശിക നൽകുന്നതിനായി 3.07 ലക്ഷം രൂപയും ഉൾപ്പെടെ പദ്ധതിയേതര ഇനത്തിൽ 13.07 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-87- വെറ്റിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-86 - രോഗ ഗവേഷണം

വിവിധ രോഗ ഗവേഷണ സ്ഥാപനങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി 1.2 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-71- വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം

മൊബൈൽ വെറ്റിനറി യൂണിറ്റുകളുടെ പ്രവർത്തനം രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം മുതലായവ തടസ്സമില്ലാതെ നടപ്പിലാക്കുന്നതിന് 2.9956 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-99- ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 32 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-97- ലൈവ്സ്റ്റോക്ക് ഫാമുകൾ

ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 4 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പദ്ധതി)

മൃഗാശുപത്രികളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായും കൃത്രിമ ബീജാദാനത്തിനായി KLD ബോർഡിന് നൽകേണ്ട തുക അനുവദിക്കുന്നതിനായും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.43 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96- വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പദ്ധതിയേതരം)

ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 23 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-81- ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ

വകുപ്പിന് കീഴിലുള്ള ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-78- ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി

ഗോവർദ്ധിനി പദ്ധതിയിൽ കൂടുതൽ പശുക്കുട്ടികളെ ഉൾപ്പെടുത്തുന്നതിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-99- കോഴി വളർത്തൽ കേന്ദ്രങ്ങൾ

കോഴി വളർത്തൽ കേന്ദ്രങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനായി 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-107-98- സജ്ജീകൃത സമീകൃതാഹാര നിർമ്മാണം

ചെങ്ങന്നൂർ കോഴിത്തീറ്റ നിർമ്മാണ ശാലയിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 1 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-108-97- സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)

ഗോസമൃദ്ധി പദ്ധതിയിലൂടെ കൂടുതൽ പശുക്കളെ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-109-96- വെറ്ററിനറി വികസനം

കർഷകർക്കുള്ള പരിശീലന പരിപാടികളും വകുപ്പിന്റെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്

2403-00-190-94 - കെ.എസ്.പി.ഡി.സി.- യ്ക്ക് സഹായം

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന സ്ത്രീ ശാക്തീകരണ പദ്ധതികളായ കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുട്ടം കോഴിയും എന്നീ പദ്ധതികൾ, സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പിലാക്കി വരുന്ന കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി എന്നിവ ഭംഗം കൂടാതെ നടപ്പിലാക്കുന്നതിനും ബ്രീഡർ ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസന നവീകരണ പ്രവർത്തനങ്ങൾ, പാരന്റ് സ്റ്റോക്ക് ശക്തിപ്പെടുത്തൽ, കോഴിയിറച്ചിയുടെയും കോഴി മുട്ടയുടെയും ആഭ്യന്തര ഉൽപ്പാദന വിപണനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമാക്കിയുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡ്

2403-00-190-93- മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യക്ക് സഹായം

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ റൂഫ് ടോപ്പ് സോളാർ പാനൽ, ഇടയാർ എന്ന പദ്ധതിക്കായി 5 കോടി രൂപയും എംപിഐ ക്കുള്ള പ്രവർത്തന മൂലധന സാമ്പത്തിക സഹായമായി 25.0234 കോടി രൂപയും ഇടയാറിൽ പുതിയ ഇ.റ്റി.പി. പ്ലാന്റ് നിർമ്മാണത്തിനായി 2 കോടി രൂപയും അബറ്റയർ ഉൾപ്പെടുന്ന ക്യാമ്പസ് സുരക്ഷിതത്വത്തിന് കോമ്പൗണ്ട് വാൾ,

ഡ്രെയിനേജ് ഇവ നിർമ്മിക്കുന്നതിനായി 1.87 കോടി രൂപയും കോൾഡ് ചെയിൻ സംവിധാനമുള്ള ലോജിസ്റ്റിക് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 1.5 കോടി രൂപയും ഉൾപ്പെടെ 35.3934 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86 - കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളുടെ ഉൽപാദന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി 13.4 കോടി രൂപയും കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ റെയിൽ വഴിയുള്ള ഗതാഗതച്ചെലവിനായി 6.4 കോടി രൂപയും കേരള ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിലെ QC ലബോറട്ടറികളിലെ ടെസ്റ്റിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 60 ലക്ഷം രൂപയും ERP പാക്കേജിന്റെ നവീകരണം - ലൈസൻസ് വിപുലീകരണത്തിനുള്ള ധനസഹായമായി 1 കോടി രൂപയും ഉൾപ്പെടെ 21.4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്

2403-00-190-83 - കേരള ലൈവ്സ്റ്റോക്ക് ബോർഡിനുള്ള സഹായം

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നടപ്പിലാക്കിവരുന്ന ചില പദ്ധതികൾക്ക് കഴിഞ്ഞ അഞ്ചു വർഷത്തെ ധനാഭ്യർത്ഥനകൾ താരതമ്യം ചെയ്യുമ്പോൾ അധികമായി ആവശ്യപ്പെടുന്ന തുകയിലും ലഭ്യമാക്കുന്ന തുകയിലും ഗണ്യമായ കുറവ് വന്നിട്ടുള്ളതായി സമിതി വിലയിരുത്തി.

കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളിൽ ഉൾപ്പെട്ട ബുൾ ഷെഡ്ഡുകളുടെ കേടുപാടുകൾ തീർക്കുന്നതിനായുള്ള പ്രവൃത്തിയ്ക്ക് 2019-20 ന ശേഷം തുടർപരിപാലനം

ആവശ്യമായി വരാത്തതും സന്തതി പരിശോധന പദ്ധതി പോലെയുള്ള പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമായതുമാണ് സംസ്ഥാനവിഹിതത്തിലും അധിക ധനാഭ്യർത്ഥനയിലും കുറവ് വരാൻ കാരണമായതെന്ന് ഇതു സംബന്ധിച്ച സമിതി അംഗത്തിന്റെ ചോദ്യത്തിന് മറുപടിയായി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഒരു വർഷം 20%ത്തോളം കർഷക പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളതായും മാനേജിംഗ് ഡയറക്ടർ കൂട്ടിച്ചേർത്തു.

കെഎൽഡി ബോർഡ് നടപ്പിലാക്കിവരുന്ന ഹേർഡ് ബുക്ക് സ്കീം പദ്ധതി തുടർന്ന് നടപ്പിലാക്കുന്നതിനും ഉൽപാദനക്ഷമത കൂടിയ പശുക്കളെ പുതുതായി ഹേർഡ് ബുക്ക് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുമായി 12 ലക്ഷം രൂപയും കേരളത്തിന്റെ തനത് ജനുസ്സായ മലബാറി ആടുകളുടെ സംരക്ഷണത്തിനും മെച്ചപ്പെടുത്തലിനുമായി 3 ലക്ഷം രൂപയും മൃഗസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുന്നതിനായി 5 ലക്ഷം രൂപയും കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 49 ലക്ഷം രൂപയും വംശഗുണവും ജനിതകമേന്മയേറിയതുമായ മലബാറി ആടുകളുടെ ഗാഢ ശീതീകരിച്ച ബീജമാത്രകളുടെ ഉൽപ്പാദനവും വിതരണവും നടത്തുന്ന പദ്ധതിക്കായി 22.5 ലക്ഷം രൂപയും പന്നിവളർത്തൽ മേഖലയുടെ വികസനത്തിനായി 25 ലക്ഷം രൂപയും കോലാഹലമേട്, മാട്ടുപ്പെട്ടി (ഇടുക്കി), കുളത്തുപ്പുഴ (കൊല്ലം) എന്നിവിടങ്ങളിലെ മോഡേൺ ബുൾമദർ ഫാമുകൾക്കുള്ള സഹായമായി 87.45 ലക്ഷം രൂപയും കേരളത്തിന്റെ വടക്കൻ ജില്ലകളിൽ നടപ്പിലാക്കുന്ന സന്തതി പരിശോധന പദ്ധതിയ്ക്കായി 8 ലക്ഷം രൂപയും പാലക്കാട് ജില്ലയിലെ ധോണി ഫാമിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 12.53 ലക്ഷം രൂപയും കന്നുകാലികളുടെ വന്ധ്യത നിരീക്ഷണ, റഫറൽ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 40 ലക്ഷം രൂപയും കർഷക തലത്തിൽ സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 69.37 ലക്ഷം രൂപയും സാറ്റലൈറ്റ് ആട് വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 1.0144 കോടി രൂപയും ഉൾപ്പെടെ <u>4.3529 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

## കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

2403-00-188-99-31- കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി - സഹായധനം - ശമ്പളം

സർവ്വകലാശാല ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം, പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിനായും മൃഗങ്ങൾക്കുള്ള തീറ്റ, മരുന്ന്, മറ്റ് അത്യാവശ്യ ചെലവുകൾ, കുടിശ്ശികകൾ എന്നിവ നിർവ്വഹിക്കുന്നതിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 113.4384 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXII – ക്ഷീരവികസനം

2404-00-001-99 - ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 1.6 ലക്ഷം രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 5000 രൂപയും 05(02) വൈദ്യുതി ചെലവ് ഇനത്തിൽ 2 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 3 ലക്ഷം രൂപയും ഉൾപ്പെടെ 6.65 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-98 - ജില്ലാ ഭരണം

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 4.11 ലക്ഷം രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 11,000 രൂപയും 05(02) വൈദ്യുതി ചെലവ് ഇനത്തിൽ 6 ലക്ഷം രൂപയും 06 (വാടക, കരം, നികുതി) ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ 12.22 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-001-97 – വികസന പ്രവർത്തന ഘടകങ്ങൾ

ഈ ശീർഷകത്തിൽ 02(02) ക്ഷാമബത്ത ഇനത്തിൽ 30,000 രൂപയും

02(04) കൺസോളിഡേറ്റഡ് ഇനത്തിൽ 2.48 ലക്ഷം രൂപയും ഉൾപ്പെടെ 2.78 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-75 - കന്നുകാലിത്തീറ്റകൃഷി വലിയതുറ സ്വീവേജ് ഫാം

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 27,000 രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 19,000 രൂപയും ഉൾപ്പെടെ 46,000 രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-69-34 - കേരള സ്റ്റേറ്റ് ഫോഡർഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ

സംസ്ഥാനത്തെ പാൽ ഉൽപ്പാദനം, ഉപഭോഗം എന്നിവ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭിക്കുന്നതിനായും സ്റ്റേറ്റ് ഫോഡർ പ്ലാൻ 2024-25 സാമ്പത്തിക വർഷം പ്രസിദ്ധീകരിക്കുന്നതിനായി കേരളത്തിലെ തീറ്റപ്പുൽകൃഷി സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനായും സർവ്വേകൾ നടത്തുന്നതിനായി 25 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-98 - ക്ഷീരവികസന പരിശീലന കേന്ദ്രം

ഈ ശീർഷകത്തിൽ 01(02) ക്ഷാമബത്ത ഇനത്തിൽ 1.15 ലക്ഷം രൂപയും 02(02) ക്ഷാമബത്ത ഇനത്തിൽ 5,000 രൂപയും 05(04) മറ്റിനങ്ങളിൽ 50,000 രൂപയും ഉൾപ്പെടെ 1.7 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2404-00-109-93 – വാണിജ്യ ഡയറി, മിൽക്ക് ഷെഡ് വികസന പരിപാടി

2024-25 വർഷം സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനായി അധികമായി പശുക്കളെ അന്യസംസ്ഥാനത്ത് നിന്ന് വാങ്ങുന്നതിനും പുതിയതായി ക്ഷീരമേഖലയുമായി ബന്ധപ്പെട്ട് ബാങ്ക് ലോൺ എടുക്കുന്നവർക്ക് പലിശ രഹിതവായ്പ ഇനത്തിൽ ധനസഹായതുക

നൽകുന്നതിനുമായി 9.65 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-195-94 - ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളുടെ വികസനത്തിനാണ് ഈ ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കുന്നത്. ഗർഭാവസ്ഥയിലും ഇളം കറവയിലുമുള്ള പശുക്കൾക്ക് പ്രത്യേക ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തി പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത എന്ന പദ്ധതി ഘടകത്തിന്റെ നടത്തിപ്പിലേക്കായി 27 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4404-00-109-96 - വാണിജ്യഡയറി, മിൽക്ക്ഷെഡ് വികസന പരിപാടി

കാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള ധനസഹായം, കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകളുടെ ഓട്ടോമേഷനും യന്ത്രവത്കരണവും, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾക്കുള്ള ധനസഹായം എന്നീ പദ്ധതി ഘടകങ്ങൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.84 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4404-00-195-97 - കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള സഹായം

മേഖല യൂണിയനുകളുടെയും ഫെഡറേഷന്റെയും പ്ലാന്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിപണി ഉറപ്പാക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും കോൾഡ് ചെയിൻ നിലനിർത്തുന്നതിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.3 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXIII – മത്സ്യബന്ധനം

2023-24 സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധന വകുപ്പിനായി പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലും അനുവദിച്ച ഏകദേശ തുകയും ചെലവഴിച്ചിട്ടുള്ളതായും കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയതിനേക്കാൾ കുറഞ്ഞ തുകയാണ് നടപ്പു വർഷം വകയിരുത്തിയിരിക്കുന്നതെന്നും മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതിയിനത്തിൽ ആകെ 425.10 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 243 കോടി രൂപയുമാണ് നിലവിൽ വകയിരുത്തിയിരിക്കുന്നത്. പദ്ധതിയിനത്തിൽ 169 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 70 കോടി രൂപയും അധികമായി അനുവദിക്കണമെന്നും ആലപ്പുഴ ജില്ലയിലെ അരൂർ- ചന്തിരൂർ പ്രദേശത്തെ മത്സ്യ വ്യവസായ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് പൊതുമലിനജല സംസ്കരണശാല (കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്) സ്ഥാപിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിലൂടെ അറിയിച്ചിട്ടുള്ളതിനാൽ അതിനായി പുതിയൊരു ഹെഡ് ഓഫ് അക്കൗണ്ടുകൂടി അനുവദിക്കണമെന്നും അദ്ദേഹം ബോധിപ്പിച്ചു. പല ബില്ലുകളും ധനകാര്യ വകുപ്പിൽ പെൻഡിംഗിലാണെന്നും വകുപ്പ് സെക്രട്ടറി കൂട്ടിചേർത്തു.

2405-00-001-99 - <u>നടത്തിപ്പ്</u>

സെൻട്രലൈസ്ഡ് സിസ്റ്റം പ്രകാരം ഇലക്ട്രിസിറ്റി ചാർജ്ജ് ഒടുക്കുന്നതിന് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>50 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2405-00-101-87 - <u>മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ (പദ്ധതി)</u>

ഹാച്ചറികൾ, ഫാമുകൾ, അക്വേറിയം എന്നിവയുടെ നടത്തിപ്പ്, മത്സ്യ വിത്തുൽപാദന/പരിപാലന പ്രവർത്തനങ്ങൾക്കാവശ്യമായ ചെലവുകൾ, ഹാച്ചറികൾ, ഫാമുകൾ, അക്വേറിയം എന്നിവിടങ്ങളിൽ സേവനം ചെയ്യുന്ന ലേബറർമാർക്കുള്ള വേതനം എന്നിവയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-87- മത്സ്യവിത്ത് ഫാമുകൾ, നഴ്സറികൾ, ഹാച്ചറികൾ (പദ്ധതിയേതരം)

ഹാച്ചറികൾ, ഫാമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കുള്ള അധിക ചെലവുകൾ വഹിക്കുന്നതിനായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-62 - മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും

മത്സ്യ വിഭവങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് നടപ്പിലാക്കുന്നതിനും മത്സ്യ സങ്കേതങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്നതിലൂടെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-51 - ജലസംഭരണികളിലെ മത്സ്യകൃഷി വികസനം

ആഭ്യന്തര മത്സ്യോൽപാദനത്തിലും വരുമാനത്തിലും വർദ്ധനവുണ്ടാക്കുകയും പദ്ധതി പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭിക്കുകയും ചെയ്യുന്ന പ്രസ്തുത പദ്ധതിക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-48 - അക്വാകൾച്ചർ വിപുലീകരണ സേവനങ്ങൾ

പ്രസ്തുത ശീർഷകത്തിൽ എല്ലാ വർഷവും 12.5 കോടി രൂപ ആവശ്യപ്പെട്ടുമെങ്കിലും 7.5 കോടി രൂപ മാത്രമാണ് അനുവദിക്കുന്നതെന്നും അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കരാറടിസ്ഥാനത്തിൽ നിയമിച്ച അക്വാകൾച്ചർ പ്രൊമോട്ടർമാരുടെ ശമ്പളം ഈ ഹെഡ്ഡിൽ നിന്ന് നല്കുന്നതിനാൽ മൂന്നു മാസം കഴിഞ്ഞാണ് പ്രൊമോട്ടർമാർക്ക് ശമ്പളം ലഭിക്കുന്നതെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വകുപ്പിന്റെ വിശദീകരണം സമിതി ആരാഞ്ഞപ്പോൾ 2 കോടി രൂപ നിലവിൽ നല്കിയിട്ടുള്ളതായും അഡീഷണൽ ഓതറൈസേഷനുവേണ്ടി പ്രൊപ്പോസൽ നൽകുമ്പോഴാണ് തുക അനുവദിക്കുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

അക്വാകൾച്ചർ വിപുലീകരണ പ്രവർത്തനങ്ങൾക്കും അക്വാകൾച്ചർ പ്രൊമോട്ടർ, കോ ഓർഡിനേറ്റർമാരുടെ സേവനത്തിനുമായി 5.57 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-97 - മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും

ഓരോ വർഷവും പൂർത്തീകരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ മെയിന്റനൻസിനും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 2.8 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-91 - മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും (ആഴക്കടൽ മത്സ്യബന്ധനം)

തീരദേശ ജില്ലകളിൽ കടൽ പട്രോളിംഗ് നടത്തുന്നതിനായി സജ്ജമാക്കിയ റെസ്ക്യൂ ബോട്ടുകളുടെ ഇന്ധന ചെലവുകൾക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-82 - സംയോജിത മത്സ്യബന്ധന വികസന പദ്ധതി

(എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം)

എൻ.സി.ഡി.സി. അംഗീകരിച്ച ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പദ്ധതി 2023-ലെ സംസ്ഥാന സർക്കാരിന്റെ സബ്സിഡി വിഹിതമായി ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.7667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-80 - മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

പ്രസ്തുത ശീർഷകത്തിൽ ആവശ്യപ്പെട്ട 6.5 കോടി രൂപയ്ക്കുപുറമെ നോൺപ്ലാൻ ഇനത്തിൽ 20 കോടി രൂപ കൂടി ആവശ്യപ്പെട്ടിട്ടുണ്ടെന്നും 25 കോടി രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സിന്റെ പെൻഡിംഗ് തുക കൊടുത്തുതീർക്കാൻ സാധിക്കുകയുള്ളൂ എന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചതെങ്ങനെയാണെന്നുള്ള സമിതി അംഗത്തിന്റെ ചോദ്യത്തിന് മറ്റ് ഹെഡ്ഡുകളിൽ നിന്നും റീ അപ്രോപ്രിയേറ്റ് ചെയ്താണ് പ്രസ്തുത തുക ചെലവഴിച്ചതെന്ന് മത്സ്യബന്ധന വകുപ്പ് ഡയറക്ടർ കൂട്ടിച്ചേർത്തു.

പ്രസ്തുത സാമ്പത്തിക വർഷം മാത്രം ഇത്രയും തുക അഡ്ജസ്റ്റ് ചെയ്യാൻ സാധിച്ചത് എങ്ങനെയാണെന്ന സമിതി അംഗത്തിന്റെ ചോദ്യത്തിന് കോവിഡ് സമയത്ത് CMDRF-ൽ നിന്നും ഈ ഹെഡ്ഡിലേക്ക് അനുവദിച്ച 48 കോടി രൂപ ചെലവഴിച്ചുവെന്നും പ്രസ്തുത തുക റീക്കൂപ്പ് ചെയ്യണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ ഹെഡ്ഡ് ഓഫ് അക്കൗണ്ടിൽ അഡീഷണൽ ഓതറൈസേഷനിലൂടെ ലഭിച്ച തുക റീക്കൂപ്പ് ചെയ്തതിനാലാണ് എക്സ്പെൻഡിച്ചർ 68.7 കോടി രൂപയായി മാറിയതെന്നും മത്സ്യബന്ധന ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സ്യം കച്ചവടം ചെയ്യുന്നതിനുമുള്ള വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നതിനായും സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വികസനം, JLG ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ, സംരംഭങ്ങൾ തുടങ്ങുന്നതിന് മത്സ്യഫെഡ് വഴി പലിശരഹിത വായ്പ നൽകുക തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾക്കായും ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-76 - സമുദ്ര സുരക്ഷയും രക്ഷാപ്രവർത്തനങ്ങളും

സംസ്ഥാനത്തെ 15 പ്രധാന ഹാർബറുകളിൽ സേവനമനുഷ്ഠിക്കുന്ന ലൈഫ് റസ്ക്യൂ ഗാർഡുമാരുടെയും തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിലെ സുരക്ഷാനടപടികൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സജ്ജീകരിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന 3 റസ്ക്യൂ ബോട്ടുകളുടെയും 30 ലൈഫ് റസ്ക്യൂ ഗാർഡുകളുടെയും സേവനം നിലനിർത്തുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-73 - മത്സ്യ വ്യവസായ പശ്ചാത്തല സർവ്വേയും പഠനവും അന്വേഷണവും

വിഴിഞ്ഞം, മുതലപ്പൊഴി, പൊഴിയൂർ, അജാനൂർ എന്നീ ഹാർബറുകളുടെ ഇൻവെസ്റ്റിഗേഷൻ അനുബന്ധ ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-69 - ശുചിത്വ സാഗരം - ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന പദ്ധതി

കടൽത്തീരത്ത് അടിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള ഈ പദ്ധതിയിൽ നിലവിൽ ബോധവൽക്കരണ പരിപാടി മാത്രമാണ്

നടത്തിയിട്ടുള്ളതെന്നും രണ്ടാം ഘട്ടത്തിൽ 15000 വോളണ്ടിയൻമാരെ നിയോഗിച്ചുകൊണ്ട് കേരളത്തിലെ കടൽത്തീരത്തുള്ള മുഴവൻ പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും മത്സ്യബന്ധന വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

അതു സംബന്ധിച്ച് കാമ്പയിൻ നടത്തിയെങ്കിലും പ്ലാസ്റ്റിക് ശേഖരിക്കാനുള്ള തുക അപര്യാപ്തമായിരുവെന്നും. വകയിരുത്തുന്ന മുഴവൻ തുകയും ലഭിക്കാറില്ലയെന്നും കൊല്ലം ജില്ലയിലെ ഒരു ഫിഷിംഗ് ഹാർബറിൽ മാത്രം നടപ്പാക്കിയ പ്രസ്തുത പദ്ധതി മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കേണ്ടതുണ്ടെന്നും ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമായതിനാൽ അധികതുക ലഭിക്കേണ്ടത് അനിവാര്യമാണെന്നും മത്സ്യബന്ധന വകുപ്പ് ഡയറക്ടർ വ്യക്തമാക്കി.

പ്രസ്തുത പദ്ധതി അടിയന്തിര പ്രാധാന്യമുള്ളതാണെന്ന് സമിതി വിലയിരുത്തി.

പ്രതിവർഷം സമുദ്രങ്ങളിൽ അടിഞ്ഞുകൂടുന്ന ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യം ജീവജാലങ്ങളുടെ നിലനിൽപ്പിനുതന്നെ ഭീഷണിയാകുന്ന നിലവിലെ സാഹചര്യത്തിൽ കടലും തീരവും മാലിന്യമുക്തമാക്കി കടലിന്റെ സ്വാഭാവികത വീണ്ടെടുക്കുന്നതിനായി നടപ്പാക്കുന്ന സുപ്രധാന പദ്ധതിയായ ശുചിത്വ സാഗരം സുന്ദര തീരം പദ്ധതിയ്ക്ക് ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ഭരണാനുമതി ലഭിച്ച് ഒന്നാം ഘട്ടം പൂർത്തീകരിച്ച പ്രസ്തുത പദ്ധതിയിൽ കടലിൽ അടിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ജീവികളുടെ സംരക്ഷണം ഉറപ്പുവരുത്തുകയും കടലിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ സഹായത്തോടെ നീക്കം ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യം പുന:ചംക്രമണം നടത്തി റോഡ് ടാറിംഗിനായി ഉപയോഗപ്പെടുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള പ്രസ്തുത പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനായി 3.75 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-88 - തീരമൈത്രി സൂപ്പർ മാർക്കറ്റ്

സംസ്ഥാനത്തെ 13 തീരമൈത്രി സൂപ്പർ മാർക്കറ്റുകളിൽ മാവേലി ഇനങ്ങളിൽപ്പെട്ട അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്ന ഇനത്തിൽ സപ്ലൈകോയ്ക്ക് അനുവദിക്കുന്നതിനായി 51 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-94 - ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപിക്കൽ

വൈപ്പിൻ മണ്ഡലത്തിൽ അക്വാപാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പഠനം നടത്തുന്നതിനായി 2 കോടി രൂപ ഈ ശിർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2405-00-109-91 - വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വകുപ്പിലെ ഇ-ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ബജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-110-96 - മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി

പ്രസ്തുത ശീർഷകത്തിൽ 8 കോടി രൂപ അനുവദിക്കാൻ പ്രൊവിഷനുണ്ടായിരുന്നെങ്കിലും ഒരു കോടി രൂപ മാത്രമാണ് അനുവദിച്ചതെന്നും നിലവിൽ മണ്ണെണ്ണയുടെ ലഭ്യതക്കുറവുണ്ടെന്നുള്ളത് മാത്രമല്ല വില വർദ്ധനവുമൂലം മണ്ണെണ്ണ അലോട്ട്മെന്റ് നിർത്തലാക്കുമെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളതെന്നും മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ സമിതിയിൽ വ്യക്തമാക്കി.

കാർബൺ എമിഷൻ മൂലം മണ്ണെണ്ണയുടെ ഉൽപാദനം തന്നെ കുറയാൻ പോകുന്ന നിലവിലെ സാഹചര്യത്തിൽ പെട്രോൾ/ഡീസൽ എഞ്ചിനുകളിലേയ്ക്കുള്ള മാറ്റം അനിവാര്യമാണെന്ന് ബഹു. സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

പെട്രോൾ എഞ്ചിൻ ബോട്ട് ഉപയോഗിക്കുന്നതിലുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾ സംബന്ധിച്ച സമിതി അംഗത്തിന്റെ ചോദ്യത്തിന് വേവ് ബ്രേക്കിംഗ് സംബന്ധിച്ച് ബുദ്ധിമുട്ടുകൾ പറയുന്നുണ്ടെന്നും എൽ.പി.ജി. എഞ്ചിനുപയോഗിച്ചുള്ള പത്ത് ബോട്ടുകൾ വീതം തിരുവനന്തപുരത്തും കൊച്ചയിലും പരീക്ഷണാർത്ഥം ഓടിച്ചതിൽ പ്രശ്നങ്ങൾ ഇല്ലായിരുന്നുവെന്നും മത്സ്യബന്ധന ഡയറക്ടർ മറുപടി നൽകി.

എൽ.പി.ജി. എഞ്ചിനിലേയ്ക്കുള്ള മാറ്റം മൂലം നിലവിൽ ലഭിക്കുന്ന സബ്സിഡിയിൽ കുറവുണ്ടാകുമോ എന്ന ഭയം കാരണമാണ് ആയതിന് പലരും മടിക്കുന്നതെന്ന് മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദമാക്കി.

മത്സ്യത്തൊഴിലാളികളെ മണ്ണെണ്ണ ഉപയോഗിച്ചുള്ള ഔട്ട് ബോർഡ് മോട്ടോഴ്സിൽ (ഒബിഎം) നിന്നും പെട്രോൾ/ഡീസൽ ഒബിഎം ഉപയോഗിക്കുന്നതിന് സഹായിക്കുന്നതിനായി പരമാവധി 40,000/- രൂപ (25% സബ്സിഡി) നൽകുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിതെന്നും പെട്രോൾ/ഡീസൽ ഒബിഎം കൾ കാര്യക്ഷമവും പ്രവർത്തന പരിപാലന ചെലവുകൾ കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് സജീവ പരിഗണന അർഹിക്കുന്നുവെന്നും സമിതി വിലയിരുത്തി. ഭരണാനുമതി ലഭിച്ചിട്ടുള്ള 1000 യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതിയും 500 യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകൾ LPG എഞ്ചിനുകളാക്കി മാറ്റുന്ന പദ്ധതിയും പൂർത്തീകരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ <u>7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2405-00-110-94 - <u>പരമ്പരാഗത /യന്ത്രവൽകൃത മത്സ്യയാനങ്ങളുടെ ആധുനികവൽക്കരണം/നവീകരണം</u>

836 VHF, 660 Mounted Type GPS എന്നിവയുടെ വിതരണം, മത്സ്യത്തൊഴിലാളി സുരക്ഷ മുൻനിർത്തി കാലപ്പഴക്കം വന്ന 30 തടി നിർമ്മിതമായ

യാനങ്ങളെ സ്റ്റീൽ ഹൾ ഉള്ളവയാക്കിമാറ്റുക എന്നിവ പൂർത്തീകരിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-97 - രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിനായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-96 - മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 79598 അനുബന്ധ തൊഴിലാളികളെ ഇൻഷ്വർ ചെയ്യുന്നതിന് 1.93 കോടി രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 75 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-92 - മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2023-24 സാമ്പത്തിക വർഷം 236992 മത്സ്യത്തൊളിലാളികളെ ഇൻഷ്വർ ചെയ്യുന്നതിനായി 11.25 കോടി രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായി പ്രീമിയം തുക അടക്കേണ്ടി വരുമെന്നതിനാൽ 1.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-190-95 - <u>കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി.ഐ.എൽ.)</u>

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായ പ്രസ്തുത കമ്പനിയെ പുനരുജ്ജീവിപ്പിക്കുന്നതിനായും പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതിനും ജീവനക്കാർക്ക് വേതനം നൽകുന്നതിനും ഫണ്ട് അനിവാര്യമാണെന്ന് മത്സ്യബന്ധന വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

2023-24 സാമ്പത്തിക വർഷം വകയിരുത്തിയ ഒരു കോടി രൂപയിൽ 20 ലക്ഷം രൂപ മാത്രമാണോ അനുവദിച്ചത് എന്നും മുഴുവൻ തുകയും അനുവദിച്ചിട്ടും ചെലവഴിക്കാത്തതാണോ എന്നുമുള്ള ബഹു: സമിതി ചെയർമാന്റെ ചോദ്യത്തിന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ ഒരു കോടി രൂപയിൽ 40 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ടെന്നും അനുവദിച്ച 20 ലക്ഷം രൂപ മുഴുവൻ ചെലവഴിച്ചതിനുശേഷം ഒക്ടോബർ മാസത്തിൽ ഫണ്ട് റിലീസ് ചെയ്യാൻ റിക്വസ്റ്റ് നൽകിയെങ്കിലും രണ്ടു ദിവസം മുൻപാണ് അനുവദിച്ചതെന്നും ആകെ 40 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതായും കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL) മാനേജിംഗ് ഡയറക്ടർ മറുപടി നൽകി.

അലങ്കാര മത്സ്യങ്ങളുടെ വലിയ തോതിലുള്ള ഉൽപാദനത്തിനും കയറ്റുമതിക്കുമായി സംസ്ഥാന സർക്കാർ രൂപീകരിച്ച Kerala Aqua Ventures International Limited (KAVIL) ന്റെ പ്രവർത്തനങ്ങൾക്കായും പദ്ധതി നിർവ്വഹണത്തിനായും വരുന്ന അധികച്ചെലവുകൾ വഹിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>9.15 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

2405-00-800-91 - <u>കേരള അക്വാകൾച്ചർ ഡെവലപ്മെന്റ് ഏജൻസിക്ക് (അഡാക്) ഒറ്റത്തവണ സഹായം</u>

കേരള അക്വാകൾച്ചർ ഡെവലപ്പ്മെന്റ് ഏജൻസിക്ക് <u>2.05 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.</u>

4405-00-101-90 - അക്വാകൾച്ചർ ഡെവലപ്മെന്റ്

മുൻ വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 59.54 ലക്ഷം രൂപ ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-101-89 - ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

അക്വാട്ടിക് അനിമൽ ഹെൽത്ത് ലാബ് തേവരയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 6.40406 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-98 – സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)

പ്രസ്തുത പദ്ധതിയുടെ മുൻവർഷത്തെ കുടിശ്ശിക തുക അനുവദിക്കുന്നതിനായും നിലവിലെ പദ്ധതി നടത്തിപ്പിനായും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-94 – തീരദേശ റോഡുകളുടെ നവീകരണം

മുൻ വർഷങ്ങളിലെ ബില്ലുകൾ തീർപ്പാക്കുന്നതിനും നിലവിലുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-93 - മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

മാതൃകാ മത്സ്യഗ്രാമത്തിന്റെ നിർമ്മാണം, മത്സ്യത്തൊഴിലാളി കോളനി നവീകരണം തുടങ്ങി ധാരാളം ആവശ്യങ്ങൾ പ്രസ്തുത ശീർഷകത്തിൽ വരുന്നതുകൊണ്ടാണ് അധികമായി 20 കോടി രൂപ ആവശ്യപ്പെടുന്നതെന്ന് മത്സ്യബന്ധന ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു. മത്സ്യത്തൊഴിലാളി മേഖലയിലുള്ള വീടുകളുടെ മെയിന്റനൻസ് പ്രവൃത്തി അഞ്ചുവർഷമായി മുടങ്ങിക്കിടന്നിരുന്നത് നിലവിൽ പുനരാരംഭിച്ചിട്ടുള്ളതിനാലാണ് അധികമായി വീണ്ടും 20 കോടി രൂപ ആവശ്യപ്പെടുന്നതെന്ന് മത്സ്യബന്ധന ഡയറക്ടർ കൂട്ടിച്ചേർത്തു. ഫാറം 'എ'-യിലെ ഇനം 8-ലെ പട്ടികയിൽ 2024-25-ൽ വകയിരുത്തിയ തുക 15 കോടി രൂപയെന്ന് കാണിച്ചിരിക്കുന്നത് തിരുത്തണമെന്ന് ബഹു. ചെയർമാൻ നിർദ്ദേശിച്ചു.

മത്സ്യത്തൊഴിലാളി മേഖലയിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ട വീടുകളുടെ പുനർ നിർമ്മാണത്തിന് വേണ്ടി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-92 - വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ - മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും

കാലാവസ്ഥ വ്യതിയാനം മൂലം ഭവനം നഷ്ടപ്പെട്ട വാടക വീട്ടിൽ കഴിയേണ്ടി വന്ന തിരുവനന്തപുരം ജില്ലയിലെ 284 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കുന്നതുവരെ പ്രതിമാസം 5500 രൂപ നിരക്കിൽ വാടക അനുവദിക്കുന്നതാണെന്ന സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനായി 1.8744 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-89 - പുനർഗേഹം - കടൽത്തീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട വ്യക്തിഗത ഭൂമി വില, ഭവന നിർമ്മാണ സഹായം എന്നിവ വിതരണം ചെയ്യുന്നതിനും നിർമ്മാണത്തിലിരിക്കുന്നതും ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമായ ഫ്ലാറ്റ് സമുച്ചയങ്ങളുടെ ബിൽ തുക അനുവദിക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-87 - യാൺ ട്വിസ്റ്റിംഗ് യൂണിറ്റ് & നെറ്റ് ഫാക്ടറി

2018-19 സാമ്പത്തിക വർഷം ഭരണാനുമതി ലഭിച്ച പദ്ധതിയ്ക്ക് വേണ്ടി ഇതിനകം ചെലവായ തുക അനുവദിക്കുന്നതിനായും സ്ഥാപനത്തിന് ഹൈടെക് കറന്റ് കണക്ഷനും വയറിംഗിനും മറ്റു പ്രവർത്തനങ്ങൾക്കുമായും 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-55 - മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

മത്സ്യബന്ധനതുറമുഖത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുന്നതിനും റവന്യൂ വകുപ്പിന് റീക്രൂപ്പ് ചെയ്ത് നൽകുന്നതിനുമായി 95 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-54 - നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

RIDF Tranche XXVI, XXVII, XXVIII, XIX എന്നിവയിൽ ഉൾപ്പെട്ട പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നതിനാൽ 10 കോടി രൂപ

ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-37 - മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണു നീക്കലും

ബ്രേക്ക് വാട്ടറുകളുടെ പുനരുദ്ധാരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-31 - തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികാസവും പുതിയ കൂട്ടിച്ചേർക്കലുകളും

ആവിത്തോട്, മുഖദാർ എന്നീ ഫിഷ്‌ലാന്റിംഗ് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പൊഴിയൂർ ഹാർബർ നിർമ്മാണത്തിന് പ്രാഥമികമായി അനുവദിച്ച 5 കോടി രൂപയും ഉൾപ്പെടെ 8 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-109-97 - ഓഷനേറിയവും ബയോളജിക്കൽ മ്യൂസിയവും സ്ഥാപിക്കൽ

കൊല്ലം ജില്ലയിൽ ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപിക്കുന്നതിനായി 4405-00-109-97 എന്ന ശീർഷകത്തിൽ 1000 രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-190-97 – എൻ.ബി.സി., എഫ്.ഡി.സി. ആന്റ് എൽ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ് മണി സഹായം

എൻ.സി.ഡി.സി. അംഗീകരിച്ചതും സർക്കാരിന്റെ പരിഗണനയിലുള്ളതുമായ ഫിഷറിസ് ഡെവലപ്മെന്റ് പദ്ധതി 2023-ലെ ഓഹരി മൂലധനമായി ബജറ്റിൽ

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.8667 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-800-75 - നിയമസഭാ നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതി (എൽ.എ.സി. - എ.ഡി.എസ്. )

പ്രസ്തുത പദ്ധതി നിർവഹണം സംബന്ധിച്ച ബഹു. ചെയർമാന്റെ ചോദ്യത്തിന് വിദ്യാഭ്യാസം, ആരോഗ്യം, ജലവിതരണം, ജലസേചനം, കൃഷി, മൃഗപരിപാലനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ട് ഓരോ നിയോജകമണ്ഡലത്തിലെയും അടിസ്ഥാനസൗകര്യ വികസനത്തിന് ഓരോ എം.എൽ.എ-യ്ക്കും പ്രതിവർഷം 5 കോടി രൂപ വീതം ബജറ്റിൽ വകയിരുത്തിയിട്ടുള്ളതായും അതത് ജില്ലാ കളക്ടർമാർ പ്രസ്തുത തുകയ്ക്കുള്ള എസ്റ്റിമേറ്റുകൾക്ക് എ.എസ്. നൽകുന്നതിനെ തുടർന്ന് ഫണ്ട് റിക്വസ്റ്റ് ചെയ്യുന്നതെന്നും മത്സ്യബന്ധന ഡയറക്ടർ മറുപടി നൽകി.

ആസ്തി വികസന പദ്ധതിയിൽ പൂർത്തീകരിക്കുന്ന പദ്ധതികൾക്ക് ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്ന കുറിപ്പുകൾ ഫാറം എ-യിൽ തയ്യാറാക്കുമ്പോൾ മുൻ അഞ്ചുവർഷക്കാലയളവുകളിൽ ബജറ്റിൽ വകയിരുത്തിയതും അനുവദിച്ചതും ചെലവഴിച്ചതുമായ തുകകൾ സംബന്ധിച്ച കൃത്യമായ പട്ടിക ലഭ്യമാക്കേണ്ടതാണെന്നും എല്ലാ വകുപ്പുകളും ഒരേ രീതിയിൽ തന്നെ ഫാറം എ പ്രകാരമുള്ള വിവരങ്ങൾ സമർപ്പിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

## ശീർഷകം പുന:സ്ഥാപിക്കുന്നതിന്

4405-00-104-26 - അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം

അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികൾ

പുരോഗമിച്ചു വരികയാണെന്നും പ്രസ്തുത പദ്ധതിക്കായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10 കോടി രൂപ അനുവദിക്കണമെന്നും മത്സ്യബന്ധന അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു. ധാരാളം പ്രോജക്ടുകൾ ടെൻഡർ ചെയ്ത് വർക്ക് നടക്കുന്നതായും ബ്രേക്ക് വാട്ടർ പ്രോജക്ട് ടെൻഡർ ചെയ്തുവെങ്കിലും കോൺട്രാക്ടർ ഹൈക്കോടതിയിൽ കേസ് നൽകിയിരിക്കുകയാണെന്നും കോൺട്രാക്ടറുമായി സംസാരിച്ച് കേസ് സെറ്റിൽ ചെയ്തതിനുശേഷം റീടെൻഡർ ചെയ്യുന്നതാണെന്നും ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് സമിതിയെ അറിയിച്ചു.

പ്രസ്തുത പദ്ധതിക്കായി 4405-00-104-26 എന്ന ശീർഷകം പുന:സ്ഥാപിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതും അരൂർ, ചന്തിരൂർ പ്രദേശത്തെ മത്സ്യ വ്യവസായ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യവുമായ പൊതു മലിനജല സംസ്കരണ ശാല സ്ഥാപിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി യോഗം വൈകുന്നേരം 4.00 മണിക്ക് അവസാനിച്ചു.

## 05.03.2024-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി - I, 2024 മാർച്ച് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**<u>ഹാജരായ അംഗങ്ങൾ</u> :**

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

**<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :**

1. ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി ഇൻ-ചാർജ്
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.

സമിതി, 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 132 വരെയുള്ള ശിപാർശകൾ ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.